
WIDEST CIRCULATION IN KERALA

കൗമുദി

DO YOU ADVERTISE IN THE KAUMUDI

പുസ്തകം ഛ | തിരുവനന്തപുരം | ലക്കം ൻ



1113 വൃശ്ചികം 14, തിങ്കൾ

ഡെയിലി

ജനുവരി ആദ്യം 'കൌമുദി' ഡെയിലിയായി പുറപ്പെടുവാൻ വേണ്ട ഏർപ്പാടുകൾ ചെയ്തുവരുന്നു. "കൌമുദി ഡെയിലി"യുടെ വരിക മൂല്യം, സൈസ്, മുതലായ വിവരങ്ങൾ അടുത്ത ആഴ്ച പ്രസിദ്ധപ്പെടുത്തുന്നതാണ്.

ഡെയിലി കൊണ്ടുള്ള പ്രയോജനം തിരുവിതാംകൂർ, കൊച്ചി, ബ്രി: മലബാർ ഈ മൂന്നു സംസ്ഥാനങ്ങൾക്കും ഒരുപോലെ ഉപയോഗപ്പെടുവാൻ വേണ്ടി പത്രത്തിന്റെ പ്രവർത്തനകേന്ദ്രം തിരുവനന്തപുരത്തു നിന്നു മാറ്റി കേരള പ്രൊവിൻസിന്റെ മദ്ധ്യപ്രദേശമായ എറണാകുളത്തോ പ്രി: കൊച്ചിയിലോ മാറ്റേണ്ടതു ആവശ്യമെന്നു തോന്നുന്ന പക്ഷം അങ്ങനെ ചെയ്യുവാനും ഞങ്ങൾ സന്നദ്ധരായേക്കാം. അങ്ങനെയായാൽ, വളരെ പെരിയ ഒരു രാജ്യമായ കൊച്ചിക്കും ഒരു ഡെയിലിയുടെ ആവശ്യം ഉണ്ടെന്നു തോന്നിയാലും അവിടത്തിനു നിവൃത്തിയില്ലെന്നു വരുന്ന പക്ഷം, ആ ആവശ്യവും കൌമുദി കൊണ്ടു നിർവഹിക്കാമല്ലോ. "മിതവാദി" ഡെയിലി ആകുന്നില്ലെന്നും, മലബാറിലെ തീയരുടെ ആവശ്യങ്ങളെല്ലാം "മാതൃഭൂമി" കൊണ്ടു നിർവഹിക്കാമെന്നും, അതുകൊണ്ടു സാദ്ധ്യമല്ലാത്ത ആവശ്യങ്ങൾക്കു ഒരു വാക്കിടി മതിയെന്നുമല്ല മലബാർകാരുടെ മോഹമെങ്കിൽ അവരുടെ ആവശ്യവും ബ്രി: കൊച്ചിയിലോ മറ്റേതാ മാറുന്ന "കൌമുദി" കൊണ്ടു നിർവഹിക്കാമല്ലോ. തിരുവിതാംകൂറിൽ ചോട്ട ഉറപ്പിച്ച ശേഷമേ തിരുവനന്തപുരം അടക്കാൻ മൂന്നാടിയെന്നു നിശ്ചയിച്ചു കൌമുദി കാലിടുകയുള്ളൂ.

അവിശ്വാസപ്രമേയം

ഡെപ്യൂട്ടിപ്രസിഡന്റു മി. റ്റി. എം. വർഗ്ഗീസ്സിന്റെ പേരിൽ നിയമസഭയിലെ നാഷനലിസ്റ്റു പാർട്ടിയിലെ ഒരംഗം അവിശ്വാസപ്രമേയം അവതരിപ്പിച്ചതിന്റെ പരിണാമം എന്തെന്നു കഴിഞ്ഞ വെള്ളിയാഴ്ച സന്ധ്യക്കു മുൻപ് സകല ജനങ്ങളും അറിഞ്ഞു കഴിഞ്ഞിരിക്കുമല്ലൊ. ഇത്രനേരത്തെ ഈ അവിശ്വാസപ്രമേയം വന്നതു നന്നായി. അതിന്റെ പരിണാമം വളരെ ദൂരവ്യാപിയായ പലഫലങ്ങളോടും കൂടിയതാണ്. ഉടനെ എന്തെങ്കിലും ഒരഭിപ്രായം പ്രകടിപ്പിക്കണമെന്നു ഞങ്ങൾ വിചാരിക്കുന്നില്ല. അഭിപ്രായം ഒന്നും തോന്നാഞ്ഞിട്ടല്ല. തോന്നിയ അഭിപ്രായം പത്തുലോചനയും മാറ്റിവച്ചിരിക്കുന്നതുകൊണ്ടാണ്. ഞങ്ങൾ എന്തുപറഞ്ഞാലും മറ്റുള്ളവർ എന്തുപറഞ്ഞാലും വായനക്കാർക്കു സ്വന്തമായ ഒരഭിപ്രായം ജനിക്കാതിരിക്കയില്ലല്ലൊ. അങ്ങനെ സ്വാഭിപ്രായമുള്ള വ്യക്തികളുടെ ഭൂരിപക്ഷം ആയിരിക്കും ഒടുവിൽ ശേഷിക്കുന്ന പൊതുജനഭൂരിപക്ഷാഭിപ്രായം.

ഒരു രാഷ്ട്രീയപരിവർത്തനത്തിന്റെ പ്രസവവേദന ലോകംമുഴുക്കുണ്ട്. യൂറോപ്പിലുണ്ട്, ഏഷ്യയിലുണ്ട്, ചൈനയിലും, ജപ്പാനിലും ഉണ്ട്. ഈ പരിവർത്തനത്തിനു അവിടെയൊക്കെ കുട്ടിക്കൊലപോലും നടക്കുന്നുണ്ട്. ബ്രി.ഇൻഡ്യയിൽ ശീഘ്രതരങ്ങളായ പരിവർത്തനങ്ങളും നടന്നുകൊണ്ടിരിക്കുന്നുണ്ട്. നാട്ടുരാജ്യങ്ങളിൽ നടക്കുന്നുണ്ട്. തിരുവിതാംകൂറിൽ നടക്കാതെ തരമില്ല. പക്ഷേ തിരുവിതാംകൂറിൽ പരിവർത്തനങ്ങളും വരുത്തുന്ന വിഷയത്തിൽ ഗവർമ്മെന്റിനുള്ള ഉത്സാഹമാണോ ജനങ്ങൾക്കുള്ള ഉത്സാഹമാണോ മുന്നിട്ടു നില്ക്കുന്നതെന്നു സംശയമുള്ളൂ. നല്ല നയജ്ഞന്മാരായ രാജ്യതന്ത്രജ്ഞന്മാർ ജനങ്ങളെ നയിക്കേണ്ട ഒരു പരിവർത്തനദശയിലാണു തിരുവിതാംകൂർ ഇപ്പോൾ എത്തിയിരിക്കുന്നതു്.

—o—

മി. അയ്യപ്പന്റെ നില

—o—

ഈഴവസമുദായത്തിലെ സർവ്വസമ്മതനേതാക്കന്മാരിൽ ഒരാളായ "സഹോദരൻ" പത്രാധിപർ മി. കെ. അയ്യപ്പൻ ബി. എ. എം. എൽ. സി. വീണ്ടും കൊച്ചിയിലെ അഞ്ചു ഈഴവനിയോജകമണ്ഡലങ്ങളിൽ ഒന്നിൽ തിരഞ്ഞെടുപ്പിനു നില്ക്കുന്ന എന്നറിയുന്നതിൽ ഞങ്ങൾ സന്തോഷിക്കുന്നു. തീയർ രാഷ്ട്രീയകാര്യങ്ങളിൽ പ്രബുദ്ധതയുള്ളവർതന്നെ എങ്കിലും അവരിൽ പലരുടേയും പ്രബുദ്ധത ഉറക്കത്തിൽ നിന്നു പെട്ടെന്നു വിളിച്ചുണർത്തിയവരെപ്പോലെ ഉള്ളതാണ്. ഞങ്ങളുടെ ഓർമ്മ ശരിയാണെങ്കിൽ രാഷ്ട്രീയകാര്യങ്ങളിലും സാമുദായികകാര്യങ്ങളിലും മി. അയ്യപ്പൻ നേരിട്ടു പ്രവർത്തനം തുടങ്ങിയിട്ടു 20 കൊല്ലത്തിൽ അധികമാകുമെന്നാണു തോന്നുന്നതു്. സഹോദരൻപത്രം ആരംഭിച്ചിട്ടതന്നെ 17 കൊല്ലം ആയിട്ടുണ്ടല്ലൊ. ഇന്നു വലിയ സമുദായപരിഷ്കാരികനും കാലാവസ്ഥക്കു സ്വീകാര്യമെന്നു കണ്ടിരിക്കുന്ന പല പ്രസ്ഥാനങ്ങളുടേയും ജനയിതാവു് മി. അയ്യപ്പനാണ്. അദ്ദേഹത്തിന്റെ ചില പ്രസ്ഥാനങ്ങളും സ്വസമുദായത്തിനുതന്നെ ആരംഭത്തിൽ കയ്പായിരുന്നു് ഇപ്പോൾ മധുരിച്ചുതുടങ്ങിയിട്ടുണ്ട്. നിയമസഭയെ സംബന്ധിച്ചു ഈയിടെ മി അയ്യപ്പൻ എടുത്ത നിലകൊച്ചിയുടെ ഇപ്പോഴത്തെ രാഷ്ട്രീയാന്തരീക്ഷത്തെക്കുറിച്ചു ഗാഢമായി ചിന്തിക്കുമ്പോൾ ശരിയായിട്ടില്ലെന്നു ചിലർക്കുള്ള അഭിപ്രായം പുനരാലോചനചെയ്തു സ്വീകരിക്കേണ്ടതാണ്. നിയമസഭയിൽ അദ്ദേഹം സമുദായത്തിനും രാഷ്ട്രത്തിനും പൊതുവെ വളരെ പ്രയോജനമുള്ള ഒരംഗമായിരുന്നു എന്നുള്ളതു സർവ്വസമ്മതമാണല്ലൊ. പൊതുമണ്ഡലങ്ങളിൽ ഈഴവർക്കു സ്ഥാനാർത്ഥികളായി നില്ക്കുവാൻ റിസർവേഷൻകൊണ്ടു വിരോധമില്ലെന്നു വന്നിരുന്നാൽ തന്നെയും ഈഴവർക്കു പൊതുമണ്ഡല തിരഞ്ഞെടുപ്പിൽ നായന്മാരോടൊ ക്രിസ്ത്യാനികളോടൊ മത്സരിച്ചു ജയിക്കുക എന്നുള്ളതു സാദ്ധ്യമാണോ എന്നു സംശയമാണ്. ഈഴവർക്കു രണ്ടു സീറ്റുമാത്രം റിസർവ്വ് ചെയ്തു കിട്ടിയിരുന്നതു മറ്റു സമുദായക്കാരെ സമ്മതിപ്പിച്ചു് അഞ്ചുസീറ്റാക്കി തീർക്കുവാൻ മി. അയ്യപ്പൻ സ്വീകരിച്ച രാജി സമുദായത്തിനു ത്യാഗമൊന്നുംകൂടാതെ കിട്ടിയ വലിയ നേട്ടമാകുന്നു. പൊതുമണ്ഡലത്തിൽ ഈഴവർക്കു തിരഞ്ഞെടുപ്പിനു നില്ക്കുവാൻ അവകാശം അനുവദിക്കുന്നപക്ഷം റിസർവേഷൻ ഇല്ലാത്ത സമുദായക്കാർ ഈ രാജിക്കു സമ്മതിക്കുമായിരുന്നില്ല എന്നുള്ളതു് നിർവിവാദമാണ്. ഈ വസ്തുത മനസ്സിലാക്കാതെയാണ് ഫ്രാഞ്ചൈസ്കമ്മിറ്റിയിലെ അദ്ദേഹത്തിന്റെ നിലയെ ചിലർ ദുർവ്യാഖ്യാനം ചെയ്യുന്നതു്. മി. അയ്യപ്പന്റെ മറ്റു ചില പ്രസ്ഥാനങ്ങളോടു ആരംഭത്തിൽ ചിലർക്കു തോന്നിയ കയ്പുപോലെ തന്നെ ഈ വിഷയത്തിലുള്ള അദ്ദേഹത്തിന്റെ നിലയും മധുരമായി മാറുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു. എതിർസ്ഥാനാർത്ഥികൾ ഉണ്ടായി അദ്ദേഹത്തിനു തിരഞ്ഞെടുപ്പിൽ വൈഷമ്യത്തെ ഉണ്ടാക്കാതിരുന്നാൽ മറ്റുള്ളവരുടെ തിരഞ്ഞെടുപ്പുകാര്യത്തിൽ സമുദായത്തിനു പ്രയോജനകരമായി പലതും പ്രവർത്തിച്ചു നിയമസഭയിൽ ഈഴവർക്കു കഴിയുന്നതു അനുകൂലികളായ മെമ്പർമാരുടെ ഭൂരിപക്ഷം ഉണ്ടാക്കുവാൻ പ്രവർത്തിക്കുന്നതിനുള്ള സൌകര്യം അദ്ദേഹത്തിനു ലഭിക്കുന്നതാണ്. കൊച്ചിയിലെ ഈഴവവോട്ടർമാർ ഇക്കാര്യം ഗാഢമായി ചിന്തിച്ചു പ്രവർത്തിക്കുമെന്നു വിശ്വസിക്കുന്നു.

ദേവസ്വവും ഈഴവനും

—o—

ദേവസ്വത്തിൽ ഈഴവർക്കു ഉദ്യോഗം കിട്ടുവാൻ തടസ്സമില്ലാതായിതിന്നിട്ടുണ്ടെന്നാണ് തോന്നുന്നതു്. ദേവസ്വം ഉദ്യോഗത്തിനു ഈഴവരെ നിയമിക്കുന്നതു സൂക്ഷിച്ചുവേണമെന്നു

കുറെനാൾ മുമ്പേ ഞങ്ങൾ ഒരു മുഖപ്രസംഗം എഴുതിയിരുന്നു. അതിനെ ഒന്നുകൂടി ആവർത്തിക്കേണ്ട ഘട്ടം ആയിട്ടുണ്ടെന്നു തോന്നുന്നു. ചിലർ ദേവസ്വത്തിൽ ഉദ്യോഗം കിട്ടുവാൻ വേണ്ടി ഈയിടെ പെട്ടെന്നു മതഭക്തന്മാരും, ഈശ്വരഭക്തന്മാരും ആയിതീർന്നിട്ടുണ്ട്. മതമറിഞ്ഞുകൂടാ, ഈശ്വരനെക്കുറിച്ചു ഒരു വസ്തു അറിഞ്ഞുകൂടാ, മര്യാദയായൊരു ജീവിതം വേണമെന്നു അത്യവലിയ നിഷ്കൃഷ്ടയും ആവശ്യം ഇല്ല. അങ്ങനെയുള്ളവർ കുടിപെട്ടെന്നിങ്ങനെ ഭക്തശിരോമണികളായിതീരുന്നതു അഭിപ്രായം ഇരുമ്പുലക്കയായതുകൊണ്ടല്ല; നിശ്ചയം. നിമേഷനേരംകൊണ്ടു് ഇങ്ങനെ ചിലർക്കു മാനസാന്തരംവന്നു്, ആർഹതന്മാരും, മുമുക്ഷുക്കളും രാജർഷികളും ആയിതീർന്നിട്ടുള്ള ദൃഷ്ടാന്തങ്ങൾ പുരാണങ്ങളിലും, ചരിത്രങ്ങളിലും കാണാം. അംഗുലിമാലൻ ആർഹതനായിതീർന്നതു് ഒരു നിമേഷനേരം കൊണ്ടു മാനസാന്തരം വന്നാണെന്നു ബുദ്ധമതക്കാർക്കും പുരാണം ഉണ്ടു്. അശോകമഹാരാജാവു കലിംഗരാജ്യത്തെ പോക്കളംകണ്ടു ക്രൂരവൃത്തിയിൽനിന്നു വിരമിച്ചു രാജർഷിയായിതീർന്നു എന്നാണു് കഥ. മാനസാന്തരപ്പെടുത്തുന്നതിനു മതിരികം മാലോകരെ ബോദ്ധ്യപ്പെടുത്തിക്കൊണ്ടു് കരണംമറിയുന്നവരും ധാരാളംഉണ്ടു്. ഇങ്ങനെ പെട്ടെന്നു കരണംമറിഞ്ഞ ചിലരും ശുദ്ധനിരീശ്വരന്മാരുംകൂടി ദേവസ്വം ഡിപ്പാർട്ടുമെൻറിൽ ഉദ്യോഗത്തിനു അപേക്ഷകരായി പുറപ്പെട്ടേക്കാം. ഉദ്യോഗസ്ഥന്മാരുടെ സ്വഭാവശുദ്ധിയാണു് വലിയ 'എഫിഷ്യൻസി'യെന്നു ഗവൺമെൻറു മനസ്സിലാക്കിയിരിക്കാം. പക്ഷേ പ്രയോഗത്തിൽ അതു ധാരാളം തെറ്റിപോകുന്നതായി ദൃഷ്ടാന്തങ്ങൾ ഉണ്ടു്. ദേവസ്വം ഡിപ്പാർട്ടുമെൻറിലെ നിയമനങ്ങളിലെങ്കിലും ഗവൺമെൻറു്, ഔദ്യോഗ്യബുദ്ധിയോടുകൂടി, സച്ചരിത്രവും സുദൃഢമായ സ്വഭാവശുദ്ധിയും ഉള്ളവരെ മാത്രമേ ഈഴവരിൽനിന്നു നിയമിക്കാവു എന്നു ഞങ്ങൾക്കു അപേക്ഷയുണ്ടു്.

അങ്ങനെ ചെയ്തില്ലെങ്കിൽ ഈഴവർക്കു ശേഷിച്ചിട്ടുള്ള മതവിശ്വാസവുംകൂടി ചോന്നുപോയേക്കാം.

—o—

നിരോധനാജ്ഞ

മി. സി. കേശവനെക്കുറിച്ചുള്ള അനുമോദനങ്ങൾകണ്ടു്, അസൂയാദ്യസൂചകങ്ങൾകൊണ്ടോ വല്ല പ്രസാദവും ഇച്ഛിച്ചോ ചില പത്രങ്ങളും അവയുടെ ലേഖകന്മാരും, ഈയിടെ ഏതോ ചില മാളങ്ങളിൽനിന്നു് ഇളകിയ ചില പെരുച്ചാഴികളും ഉണ്ടാക്കുന്ന കോലാഹലങ്ങളുടെ അർത്ഥം, ഭരണാധികാരികൾക്കു സമാധാനഭംഗത്തിനു ഹേതുവാണെന്നു വേണമെങ്കിൽ വ്യാഖ്യാനിക്കാവുന്നതുതന്നെ. സമാധാനഭംഗത്തിനു ഹേതു ഉണ്ടാക്കുന്നവരെ നിരോധിക്കണമെന്നാണു് നിയമസിദ്ധാന്തമെങ്കിലും, സന്ദർഭവിശേഷങ്ങളാൽ മറിച്ചു പ്രവർത്തിക്കേണ്ട പരിതഃസ്ഥിതികളും ഗവൺമെൻറിനുണ്ടായി എന്നുവരാം. അങ്ങനെയുള്ള സന്ദർഭങ്ങളിൽ നിരോധനാജ്ഞ പുറപ്പെടുവിക്കുന്നതു ജനങ്ങൾ എത്രതന്നെ ആക്ഷേപം പുറപ്പെടുവിച്ചാലും എല്ലാ ഗവൺമെൻറുകളും ചെയ്യുവരുന്നതാണു്. അതിനാൽ ആദ്യം വയ്ക്കുത്തും, അനന്തരം കോട്ടയം ഡിവിഷനിലും അനുമോദനനിരോധനം ചെയ്തു് ഗവൺമെൻറു് ആജ്ഞകൾ പുറപ്പെടുവിച്ചിരിക്കുന്നതായി അറിയുന്നതിൽ ഞങ്ങൾ ഒട്ടും ആശ്ചര്യപ്പെടുന്നില്ല. നിരോധനാജ്ഞ ഉണ്ടായില്ലെങ്കിൽതന്നെയും ഒന്നരണ്ടു ആഴ്ച വട്ടത്തേക്കു മി. സി. കേശവനു ഒരു മീനുമോദനവും സ്വീകരിക്കുവാൻ കഴിയുമായിരുന്നില്ല. വയ്ക്കത്തിനു പോകുവാനായി പുറപ്പെട്ട വഴിയ്ക്കേത്തിയപ്പോൾ കണ്ണാസംബന്ധമായി അല്പമൊരു സുഖക്കേടുണ്ടായിരുന്നതു വർദ്ധിച്ചു. പിറേദിവസംതന്നെ മടങ്ങിവന്നു ഡോക്ടറെക്കൊണ്ടു ഒപ്പറേഷൻ നടത്തിച്ചു കിടക്കയാണു്. മൈനർ ഓപ്പറേഷനാണെങ്കിലും സംസാരിച്ചുകൂടെന്നു ഡാക്ടർ നിഷ്കൃഷ്ടയായി ചട്ടം കെട്ടീട്ടുണ്ടു്.

—o—

മിസ്സിസ്സു് അന്നാചാണ്ടി

മിസ്സിസ്സു് അന്നാചാണ്ടി എം. എ. ബി. എൽ-നെ സീനിയർ ഡിസ്ട്രിക്ടു് മുൻസിഫായി നിയമിച്ചു കൊല്ലത്തേക്കു നിയോഗിച്ചിരിക്കുന്നു എന്നറിയുന്നതിൽ ഞങ്ങൾ അത്യന്തം സന്തോഷിക്കുന്നു. തിരുവിതാംകൂറിലെ ജൂഡിഷ്യൽ ഉദ്യോഗസ്ഥരിൽ ഒരാളായി ഒരു സ്ത്രീയെ നിയമിക്കുന്നതു് ഇദംപ്രഥമമായിട്ടാണു്. വിദ്യാർത്ഥി ജീവിതംപോലെതന്നെ മിസ്സിസ്സു് ചാണ്ടിയുടെ അഭിഘോഷകജീവിതവും പ്രശസ്തമായിരുന്നു. പുരുഷന്മാരെക്കാൾ സാമർത്ഥ്യത്തോടും നീതിനിഷ്ഠയോടുംകൂടി നീതിന്യായപരിപാലനം നടത്തുവാൻ സ്ത്രീകൾ പോരുന്നവരാണെന്നു ഈ ശ്രീമതി തെളിയിക്കാതിരിക്കുകയില്ലെന്നാണു് ഞങ്ങളുടെ വിശ്വാസം മിസ്സിസ്സു് ചാണ്ടിക്കു സകല മംഗളങ്ങളും ആശംസിച്ചുകൊള്ളുന്നു.

തൊഴിലാളി ബില്ലുകൾ

നിയമസഭയുടെ പര്യാലോചനക്കു വിഷയമായിരുന്ന തൊഴിലാളിബില്ലുകളിൽ ടെയിഡ്സ് ഡിസ്പ്യൂട്സ്ബിൽ അസംബ്ളി പാസ്സാക്കിയിരിക്കുന്നു. ഫാക്ടറീസ് ബില്ലിനെപറ്റിയുള്ള വാദപ്രതിവാദങ്ങൾ നടന്നുവരുന്നു. തൊഴിലാളികൾക്കു അനുകൂലമായി സംയുക്തപാർട്ടി അവതരിപ്പിച്ച ഭേദഗതികൾ നാഷനൽ പാർട്ടിയുടെ ശ്രമത്താൽ തള്ളപ്പെട്ടുപോയിരിക്കുന്നു.

—o—

മല്ലെന്നാണു് വെച്ചിരുന്നതു്. മി: ടി. എം. വറുഗീസ് ആ ദ്വീപിനു ഭംഗംവരുത്തിയ സാഹസികനാണു്. അദ്ദേഹത്തിൽ അവിശ്വാസം പാസ്സാക്കാൻ ഇതിലും കവിഞ്ഞ ഒരു കാരണവും ആവശ്യമുണ്ടായില്ല. അവിശ്വാസപ്രമേയം അവതരിപ്പിക്കുന്നു കാര്യം ആലോചിക്കുവാൻ ഇത്രനാളും താമസിച്ചതിൽ വല്ല തെറ്റുമുണ്ടെങ്കിലെ ഉള്ളു. തിരുവിതാംകൂറിലെ ദേശീയക്കാർ അവരുടെ തനിസമുദായകുത്തക ഉടയുവാൻ ഒരിക്കലും സമ്മതിക്കുകയില്ല. എത്തെല്ലാം കുഴപ്പങ്ങളാണു് അവർ അവിടെ ഉണ്ടാക്കിത്തീർക്കുന്നതു്. അവർ അവിടത്തെ തീയ്യരുടെ ഇടയിലും വലിയ വിഷമങ്ങൾ ഉണ്ടാക്കിത്തീർക്കുന്നുണ്ടു്. തിരുവിതാംകൂറിൽ മാത്രമല്ല, എവിടെയും സവർണ്ണരുടെ നീതി ഇതാണു്.

കൊച്ചിയിൽ സമുദായപ്രതിനിധ്യവാദിയായ ഒരു ദിവാൻജിയിരിക്കുന്നതിനോടു ചിലർക്കുള്ള സഹിക്കവയ്യായ്മകളാണു് അവിടെ ആ ദിവാൻജിക്കു എതിരായി ഉണ്ടാക്കുന്ന പ്രക്ഷോഭണങ്ങളിലധികവും. ഇതൊന്നും രാഷ്ട്രീയാധികാരങ്ങളിൽ പിന്നോക്കം നിൽക്കുന്ന സമുദായങ്ങളിൽ എല്ലാവരും ശരിക്കു മനസ്സിലാക്കുന്നില്ല. ചിലർ ഇതെല്ലാം മനസ്സിലാക്കി പ്രവർത്തിച്ചു വല്ലതും സാധിച്ചാൽ അവരുടെനേരെ തിരിയാൻ അവരുടെ സമുദായക്കാരിൽ ചിലർതന്നെ മറവുള്ളവരുടെ ആയുധങ്ങളായി പുറപ്പെട്ടുന്നു. തിരുവിതാംകൂറിൽ മി: സി. കേശവനു എതിരായി ചില തീയ്യർ ഉണ്ടാക്കിത്തീർക്കുന്ന ഉപദ്രവങ്ങളും ഇങ്ങനെ വരുന്നതാണു്.

—o—

ഫാക്ടറി-കളിലെ പണിമുടക്കങ്ങൾ

—o—

1936-ൽ ലോകം ഒട്ടുക്കു ആകെ 6684 പണിമുടക്കുകൾ ഉണ്ടായിട്ടുണ്ടു്. ഇതിൽ 2,423,420 തൊഴിലാളികളും, 2,92,64,84[illegible] ദിവസങ്ങളും ഉൾപ്പെടുന്നു. ഈ തൊഴിൽ മുടക്കങ്ങൾ 21-രാജ്യങ്ങളിലാണു് ഉണ്ടായതു്. അമേരിക്കയിൽ 2172 പ്രാവശ്യം തൊഴിൽ മുടക്കി. തൊഴിൽ മുടക്കിയവരുടെ എണ്ണം 788648-ും മുടക്കിയ ദിവസങ്ങൾ 1,39,01, 956,-0-ുമാകുന്നു. പോളൻറിൽ 2058—ം ബ്രിട്ടണിൽ 808—ും തൊഴിൽ മുടക്കങ്ങൾ ഉണ്ടായി. ബ്രിട്ടണിൽ 3,15000 തൊഴിലാളികൾ ഉൾപ്പെട്ടിരുന്നു. ദിവസങ്ങൾ 18,30000 ആയിരുന്നു.

—o—

തൊഴിലാളികൾക്കു ശമ്പളത്തോടുകൂടി അവധി

വ്യവസായശാലകളിലെ തൊഴിലാളികൾക്കു ശമ്പളത്തോടുകൂടി നാലാഴ്ചവരെ അവധി അനുവദിക്കുന്നതിനുള്ള ഒരു പദ്ധതി ബാംബെ ഗവൺമെൻറിൻെറ ശ്രദ്ധക്കു വിഷയീഭവിച്ചിരിക്കുന്നു. ഈ പദ്ധതി നടപ്പിലായാൽ ബാംബെ സംസ്ഥാനത്തെ വ്യവസായശാലാ പ്രവർത്തകന്മാർക്കു 40-ലക്ഷത്തിൽ പരം രൂപായുടെ അധിക ചിലവു വേണ്ടി വരുന്നതാണു്. വ്യവസായികളുടെ ഇടയിൽ ഈ വാർത്ത വലിയ ക്ഷോഭത്തിനും അസ്വസ്ഥതയ്ക്കും കാരണമുണ്ടാക്കിയിരിക്കുന്നു.

—o—

എസ്. എൻ. ഡി. പി. യോഗവും പ്രതിഷേധകന്മാരും

കെ. എൻ. കുഞ്ഞുകൃഷ്ണൻ, ബി. എ.

എസ്. എൻ. ഡി. പി. യോഗം അതിന്റെ ഇപ്പോഴത്തെ പ്രവർത്തകന്മാരുടെ അപഥസഞ്ചാരംമൂലം കാടുകയറിപ്പോകുന്നതുകണ്ട് മനം കലങ്ങിയ കാഞ്ഞിരപ്പള്ളി മുട്ടം സ്വദേശികളായ ഏതാനും സമുദായഭക്തന്മാർ, അവരിൽ ഒരാളായ "മുൻജനറൽസെക്രട്ടറി" മി. കെ. എം. കേശവൻ ബി. എ-യുടെ നേതൃത്വത്തിൽ നടത്തിവരുന്ന പ്രതിഷേധ മീറ്റിംഗുകളുടെയും, "മലയാളരാജ്യം" പത്രം വെണ്ടക്ക അക്ഷരത്തിൽ അവയിലെ നടപടികൾക്കു കൊടുക്കുന്ന പ്രസിദ്ധീകരണത്തെയും സംബന്ധിച്ച് യോഗം മൗനം ദീക്ഷിച്ചിരുന്നതു്, ഇതിനുമുമ്പും ഈ കൂട്ടുകെട്ടുകാർ യോജിച്ച് നടത്തിയിരുന്ന പ്രചരണവ്യവസായം അതു് അർഹിച്ചനിലയിൽ ഈഴവജനസാമാന്യവും മറ്റു പൊതുജനങ്ങളും അന്ന് സ്വീകരിച്ചുകണ്ടിരുന്നതുപോലെ ഇന്നും സ്വീകരിച്ചുകൊള്ളുമെന്നുള്ള വിശ്വാസം കൊണ്ടാണ്. എന്നാൽ ഇപ്പോഴത്തെ പ്രതിഷേധപ്രസംഗങ്ങളിലും അവയുടെ പ്രസിദ്ധീകരണങ്ങളിലും ആദ്യവസാനംകാണുന്ന സത്യവിരുദ്ധവും സ്വാർത്ഥപ്രേരിതവുമായ പല പ്രഖ്യാപനങ്ങളും യോഗത്തേയും സമുദായത്തേയും സംബന്ധിച്ച് തിരുവിതാംകൂറിന് വെളിയിലെങ്കിലും തെറ്റിദ്ധാരണകൾ ഉണ്ടാകുന്നുണ്ടെന്ന് "മിതവാദി" മുതലായ പത്രങ്ങളുടെ മുഖപ്രസംഗങ്ങളിൽനിന്നു കാണുന്നതുകൊണ്ട് അവയ്ക്ക് മറുപടിപറഞ്ഞു് ആ വക ധ്വാന്തങ്ങൾ പരിഹരിക്കുവാൻ യോഗം നിർബന്ധിതമായി തീർന്നിരിക്കുന്നു.

"മുൻ ജനറൽസെക്രട്ടറി" എന്ന അഭിധാനത്തിന്റെ തണലിലാണ് മി: കെ. എം. കേശവൻ അദ്ദേഹത്തിന്റെ പ്രസംഗങ്ങളുടെ വിലയും അവയെല്ലാം യാഥാർത്ഥ്യമാണെന്നുള്ള നിലയും വരുത്തിവെയ്ക്കുവാൻ ശ്രമിക്കുന്നതെന്നു തോന്നുന്നു. എന്നാൽ അദ്ദേഹം പ്രസംഗിച്ചതായി റിപ്പോർട്ടുചെയ്ത കണ്ട ചില സംഗതികളിൽനിന്ന്, ജനറൽസെക്രട്ടറി സ്ഥാനത്തൊഴിഞ്ഞു്, എസ്. എൻ. ഡി. പി. യോഗനിബന്ധനകളെ സംബന്ധിച്ചുള്ള പരിജ്ഞാനവും താൻകൈവെടിഞ്ഞതായി വിചാരിക്കേണ്ടിയിരിക്കുന്നു. മി. കെ: എം. കേശവന്റെയും അദ്ദേഹത്തിന്റെ സഹപ്രസംഗകന്മാരിൽ ചിലരുടെയും പ്രസംഗങ്ങളിൽ യോഗത്തെയും അതിന്റെ ഇപ്പോഴത്തെ പ്രവർത്തകരെയും രാജദ്രോഹികളും മതദ്രോഹികളുമാക്കി കാണിക്കണമെന്നുള്ള ആഗ്രഹം പ്രകടമായി കാണുന്നുണ്ട്. സെഡിഷൻ ശിക്ഷ അനുഭവിച്ച ബന്ധനവിമുക്തനായ മി. വി. കേശവനെ അനുമോദിച്ചതു്, രാജഭക്തി ഇല്ലാത്തതുകൊണ്ടാണെന്നാണ് ഈ പ്രതിഷേധകന്മാരുടെ ഒരു പ്രധാന വാദമുഖം. ആഘോഷം അധികമായിപ്പോയി എന്ന് വേറെയും ആക്ഷേപമുണ്ട്. ഏതായാലും ഈ പ്രതിഷേധ മീറ്റിംഗുകളിലെ പ്രസംഗങ്ങളെപ്പറ്റി തിരുവിതാംകൂറിനു വെളിയിലുള്ള മാന്യന്മാരുടെ അഭിപ്രായം പ്രതിഷേധക്കാരും പൊതുജനങ്ങളും ഈ സന്ദർഭത്തിൽ അറിഞ്ഞിരിക്കുന്നതു കൊള്ളാം. കോഴിക്കോട്ടുനിന്നു പുറപ്പെടുന്ന മിതവാദിപത്രത്തിൽ ഇപ്രകാരം കാണുന്നു.:—

"ഈ പ്രതിഷേധ പ്രചരണങ്ങളും പുറത്തുള്ളവരുടെ ഇടയിൽ തെറ്റിദ്ധാരണക്ക് ഇടവരുത്തുന്നുണ്ട്. തിരുവിതാംകൂറിൽ രാജദ്രോഹികളായി ഒരു കക്ഷിക്കാർ ഉണ്ടെന്നുള്ളതാണ് ആ തെറ്റിദ്ധാരണ. ആ തെറ്റിദ്ധാരണ പരക്കുവാൻ ഇടയാക്കുന്നവരെയാണ് തിരുവിതാംകൂർ ഗവൺമെൻറ് ഭയപ്പെടേണ്ടതു്. അവരുടെ പ്രചരണത്തെയാണ് ഗവൺമെൻറ് തടയേണ്ടതു്."

കാഞ്ഞിരപ്പള്ളിയിൽ ആയിക്കാട്ടുമൂലയിൽവെച്ച് മി: കെ. എം. കേശവൻ ആവേശത്തോടുകൂടി ചെയ്തതായി മലയാളരാജ്യം റിപ്പോർട്ടുചെയ്തിരുന്ന ഒരു പ്രസംഗത്തിൽ യോഗത്തേയും അതിന്റെ പ്രവർത്തകന്മാരേയും "രാജഭക്തിവ്യവസായികളെന്നും" രാജഭക്തിയില്ലാത്തവരെന്നും, ചില കാരണങ്ങൾ ഉദ്ധരിച്ച് തെളിയിക്കുവാൻ സാഹസപ്പെട്ടുന്നതായി കാണുന്നുണ്ട്. എസ്. എൻ. ഡി. പി. യോഗം ക്ഷേത്രപ്രദേശനവിളംബരത്തിലുള്ള ആഹ്ലാദത്തെ ചേർത്തലവെച്ച് അത്യാഡംബരപൂർവ്വം സഹിവോത്തമൻ സ്വാഗതം നൽകി പ്രകടിപ്പിച്ചതു് "യോഗത്തിന്റെ രാജഭക്തിവ്യവസായ"മാക്കി മി: കെ. എം. കേശവൻ വ്യാഖ്യാനിക്കുന്നതു വളരെ നല്ലവ്യാഖ്യാനം! പത്തുമാസക്കാലം ഈ വ്യാഖ്യാനം മി: കെ. എം. കേശവൻ ഗർഭത്തിൽ ഒളിച്ചുവെച്ചിരുന്ന് ഇപ്പോൾ പ്രസവിക്കയാണോ? ആ പ്രസവവേദന അറിഞ്ഞപ്പോൾ നായന്മാർ ധാരാളം കൂടിയിട്ടുണ്ടായിരുന്നു. എന്നാൽ ഇപ്പോഴത്തെ പ്രതിഷേധക്കാർ മുൻനിന്ന് കാഞ്ഞിരപ്പള്ളി താലൂക്കിൽ രണ്ടുസ്ഥലങ്ങളിൽവെച്ച് അന്ന് സഹിവോത്തമൻ നൽകിയ സ്വീകരണത്തിലെ മനോഭാവം മി: കെ. എം. കേശവൻ പ്രസ്താവിച്ച നിലയിൽ ആയിരുന്നെങ്കിൽപോലും, യോഗത്തിനും മതിന്റെ പ്രവർത്തകന്മാർക്കും സ്വീകരണങ്ങളിൽ ഈഴവസമുദായത്തിന് പരമ്പരാസിദ്ധമായ നിർമ്മല രാജഭക്തിയും കൃതജ്ഞതയും മാത്രമാണ് പ്രേരകമായിരുന്നതു്.

ക്ഷേത്രപ്രവേശനസ്മാരകമായി സ്ഥാപിക്കുവാൻ തീരുമാനിച്ചിരിക്കുന്ന പൊന്നുതമ്പുരാൻ തിരുമനസ്സിലെ പ്രതിമാനിർമ്മാണത്തിന് എസ്. എൻ. ഡി. പി. യോഗം യാതൊരു സംഭാവനയും ചെയ്യാതിരിക്കുന്നതു് രാജഭക്തിയില്ലായ്മയുടെ മറ്റൊരുദാഹരണമായി മി: കെ. എം. കേശവൻ പ്രസ്താവിച്ചതായി കാണുന്നു. യോഗം സംഭാവനചെയ്യുക എന്നു പറഞ്ഞാൽ യോഗാംഗങ്ങളിലും മറ്റു ഈഴവപൊതുജനങ്ങളിലുംനിന്ന് പണംപിരിച്ച് യോഗത്തിന്റെ പേരിൽ കൊടുക്കുക എന്നാണ് അർത്ഥമെങ്കിൽ അതു് ഓരോതാലൂക്കുയൂണിയനിലും നിന്ന് ഇപ്പോൾ നടന്നുകൊണ്ടിരിക്കയാണല്ലോ. സ്മാരകസംഭാവനശേഖരണത്തിനായി ഓരോതാലൂക്കിലും രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയിൽ അതാതു താലൂക്കിലെ എസ്. എൻ. ഡി. പി. യൂണിയൻ പ്രവർത്തകന്മാരിൽ സെക്രട്ടറിയൊ അദ്ധ്യക്ഷനൊ ആരെങ്കിലുമൊരാൾ കമ്മിറ്റിയോടു സഹകരിച്ച് യോഗാംഗങ്ങളിലും ഈഴവപൊതുജനങ്ങളിലും നിന്നു പണം പിരിച്ചുകൊടുക്കുവാൻ നിയുക്തരായിട്ടുണ്ടോ എന്ന് അന്വേഷിച്ചിരുന്നെങ്കിൽ മി: കേശവൻ മനസ്സിലാക്കാമായിരുന്നു. പ്രതിമാകമ്മിറ്റിക്കാരും യോഗവുമായി ആലോചിച്ചു



സുപ്രസിദ്ധ മോട്ടോർ വ്യവസായിയും കോടീശ്വരനുമായ ഹെൻട്രിഫോർഡ്

ചെയ്തിട്ടുള്ള ഈ വ്യവസ്ഥപ്രകാരമാണ് യോഗം സ്മാരകനിധിയിലേക്ക് സംഭാവനചെയ്തുകൊണ്ടിരിക്കുന്നതു്. യോഗത്തിന്റെ സന്താനമാണെങ്കിൽ അഭിമാനിക്കയും അതേസമയം യോഗത്തിന്റെ നേരെ ചേവുവാരി എറിയുകയും, മി: കെ. എം. കേശവൻ ചെയ്യുന്നതു് സ്വകാര്യലാഭത്തിനുമാത്രമല്ലെന്നും മറ്റു ചിലരുടെ "പിണിയാളായി" നിന്ന് അവരെ പ്രീണിപ്പിക്കുന്നതിനു കൂടിയാണെന്നും ലോകർ ധരിച്ചിട്ടുണ്ട്.

തിരുവിതാംകൂർ യൂണിവേഴ്സിറ്റിക്ക്, സർ വീസുസൊസൈറ്റിയേപ്പോലെ എസ്. എൻ. ഡി. പി. യോഗം സംഭാവനവാങ്ങാനും ചെയ്യാതിരുന്നതാണ് യോഗത്തിന്റെ രാജഭക്തിക്കുറവിന് മൂന്നാമത്തെ ഉദാഹരണമായി മി: കെ. എം. കേശവൻ പ്രസംഗിച്ചുകാണുന്നു്. ഈ അഭിപ്രായപ്രകടനത്തിലാണ്, മുൻജനറൽസെക്രട്ടറിയായിരുന്ന മി: കേശവന്റെ ഉദ്ദേശം അതിന്റെ നഗ്നരൂപത്തിൽ പ്രത്യക്ഷപ്പെടുന്നതു്. എസ്. എൻ. ഡി. പി. യോഗത്തിന്റെ വാർഷികയോഗത്തിൽ അനുവദിക്കുന്ന ബഡ്ജറ്റുക അതായതു കാര്യങ്ങൾക്കു മാത്രം ചെലവുചെയ്യുവാനെ യോഗംബോർഡിനും ജനറൽസെക്രട്ടറിക്കും അധികാരമുള്ളൂ എന്ന് മുൻജനറൽ സെക്രട്ടറിയായിരുന്ന മാന്യനും അറിവുള്ളതാണ്. യോഗത്തെ ബാധിക്കുന്ന പുതുതായ വല്ല സംഗതികൾക്കുപോലും പണമനുവദിക്കണമെങ്കിൽ പൊതുയോഗം വിളിച്ചുകൂട്ടി അതു് അനുവദിപ്പിക്കുതന്നെവേണം. പൊതുയോഗം കൂടുന്നതിന് രണ്ടാഴ്ചത്തെ നോട്ടീസ് ഉണ്ടായിരിക്കേണ്ടതുണ്ട്. പൊന്നുതമ്പുരാൻ തിരുമനസ്സിലെ തിരുനാൾ ദിവസമായ തുലാം 17-ാംതീയതിയാണ് യൂണിവേഴ്സിറ്റി സ്ഥാപിച്ചുകൊണ്ടുള്ള വിളംബരം ഉണ്ടായിരിക്കുന്നതു്. യോഗം യൂണിവേഴ്സിറ്റിക്കു സംഭാവനചെയ്തില്ലെന്ന് മി: കെ. എം. കേശവൻ കുറ്റംആരോപിക്കുന്നതു് വിളംബരശേഷം കഷ്ടിച്ച് ഒരാഴ്ചക്കുള്ളിലുമാണ്. ഇതിൽ നിന്ന് മുൻജനറൽസെക്രട്ടറിയുടെ ആരോപണത്തിന്റെ ഉദ്ദേശശുദ്ധിയും ആത്മാർത്ഥതയും സ്പഷ്ടമാകുന്നുണ്ടെല്ലൊ.

സർവീസുസൊസൈറ്റി സംഭാവനചെയ്യുമെങ്കിൽ അതിൽ അതൃപ്തിക്ക് അവകാശമില്ല. ഈ നാട്ടിലെ ബഹുഭൂരിപക്ഷം ദുഃസ്ഥിതന്മാരും ധനവാന്മാരും ഉൾപ്പെടുന്ന ഒരു സമുദായത്തിന്റെ ഏകസ്ഥാപനമാണതു്. ഈഴവക്കു വിദ്യാലയപ്രവേശനം കിട്ടുന്നതിനുമുമ്പുള്ള അനേകവർഷങ്ങൾകാലം ഫീസില്ലാതെ വിദ്യാ

ഭ്യാസം സമ്പാദിച്ചു്, തടിച്ചുശമ്പളമുള്ള സക്കാരുദ്യോഗവും വഹിച്ചു് വളരെ പണം ഉണ്ടാക്കിയിട്ടുള്ള ഒരു സമുദായത്തിന്റെ സ്ഥാപനമായ സവീസുസൊസൈറ്റി യൂണിവേഴ്സിറ്റിക്കു് അമ്പതിനായിരം രൂപാ വാഗ്ദാനം ചെയ്കയല്ല, കൊടുത്താൽ തന്നെ അതു് ആ സമുദായത്തെ സംബന്ധിച്ചിടത്തോളം ഒരു വലിയ സംഭാവനയേ അല്ല. എന്നാൽ എസ്. എൻ. ഡി. പി. യോഗം ബഹുഭൂരിപക്ഷം നിഷ്നന്മാരായ കൂലിവേലക്കാർ ഉൾപ്പെടുന്ന ഒരു സമുദായത്തിന്റെ സ്ഥാപനമാണ്. ആ സമുദായത്തിലെ ഉദ്യോഗകാംക്ഷികളായ പല അഭ്യസ്തവിദ്യരും ധനവാന്മാരായ അവരുടെ ബന്ധുക്കളും ആ സംഘത്തോടു പ്രതിഷേധിച്ചു നില്ക്കുകയാണു്. ഈ നിലക്കു് യൂണിവേഴ്സിറ്റിക്കു ഗണ്യമായ വല്ല സംഭാവനയും ഉടനെ നല്കുവാൻ യോഗത്തിനു് അസൗകര്യമുണ്ടെങ്കിലും യോഗത്തിനു് രാജഭക്തിയില്ലെന്നു വരുത്തിവെക്കുവാൻ അത്യുത്സാഹം ചെയ്യുന്ന ഈഴവ ധനവാന്മാരാരും മറ്റു സമുദായങ്ങളിലെ ധനവാന്മാരെപ്പോലെ മുക്തഹസ്തമായ സംഭാവനകൾ യൂണിവേഴ്സിറ്റിക്കു നല്കാതിരിക്കുന്നതെന്തുകൊണ്ടാണെന്നു് "മൻ ജനറൽ സെക്രട്ടറി" പ്രസ്താവിച്ചു കാണുവാൻ ആഗ്രഹിക്കുന്നു.

പ്രതിഷേധക്കാരുടെ മറ്റൊരാക്ഷേപം, എസ്. എൻ. ഡി. പി. യോഗം സംയുക്ത കൗൺഗ്രസ്സുമായി യോജിച്ചു് അവക്കു വിധേയരായി പ്രക്ഷോഭണം നടത്തിക്കൊണ്ടിരിക്കുന്നു എന്നും അതു് സമുദായ ക്ഷേമത്തിനു് ഹാനികരമായി ഭവിച്ചിരിക്കുന്നു എന്നുമാണു്.

സമുദായത്തിനു ക്ഷേമമല്ലാതെ, അതിനു് ഹാനി ഉണ്ടാക്കിയിട്ടുള്ള യാതൊരു പ്രക്ഷോഭണങ്ങളിലും യോഗം ഇതു പര്യന്തം പങ്കെടുത്തിട്ടില്ല. യോഗം ഇതുവരെ ഏറ്റെടുത്തിട്ടുള്ള സകല പ്രക്ഷോഭണങ്ങളിലും സമുദായത്തിനു് മൊത്തത്തിൽ അഭിവൃദ്ധിയും, സാമാന്യം തൃപ്തിയും ഉണ്ടായിട്ടുള്ളതല്ലാതെ അതിനു വിപരീതമായ ഫലം അനുഭവപ്പെട്ടതു കണ്ടിട്ടുമില്ല. എന്നാൽ നമ്മുടെ ഓരോ നേട്ടവും മറ്റു ചില സമുദായങ്ങൾക്കു അനഹമായി കയ്യടക്കി വെച്ചിരുന്ന അവകാശങ്ങളിൽ ചിലതിനു് ഇളക്കമുണ്ടാക്കിയിട്ടുള്ളതിനാൽ അവർ നമ്മുടെ അവകാശവാദങ്ങളെപ്പറ്റി ദോഷാരോപണങ്ങൾ പ്രചരിപ്പിക്കുവാൻ ശ്രമിക്കുന്നതു് സ്വാഭാവികമാണു്. അവരോടു പറഞ്ഞിട്ടിട്ടു നിന്നു വല്ല പ്രയോജനവുമുണ്ടാക്കിക്കൊള്ളാമെന്നുള്ള സ്വാർത്ഥചിന്തയാൽ പ്രേരിതരായ ചിലർ നമ്മുടെ സമുദായത്തിൽ ഇതിനു മുമ്പും പ്രത്യക്ഷപ്പെട്ടു് പ്രതിഷേധങ്ങൾ നടത്തി നാം കാണുകയും കേൾക്കുകയും ചെയ്തിട്ടുള്ളതാണു്. പബ്ലിക്കു് സവീസിൽ ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം കിട്ടണമെന്നുള്ളതിൽ കവിഞ്ഞു് ഒരു പ്രക്ഷോഭണവും ഇപ്പോൾ യോഗം നടത്തുന്നില്ല. 111 ചിങ്ങം 1-൦തീയതിയിലെ പ്രസ്സു് കമ്മൂണിക്കുമൂലം ഗവൺമെൻറു് ഈഴവന്റെ സകല അവകാശവാദങ്ങളും അനുവദിച്ചു കഴിഞ്ഞു എന്നും ആ സ്ഥിതിക്കു് പബ്ലിക്കു് സവീസു കാര്യത്തിൽ ഒന്നും മിണ്ടാതെ അടങ്ങിയിരുന്നാൽ എല്ലാം ശരിക്കു കിട്ടിക്കൊള്ളുമെന്നുമാണു് മി: കെ. എം. കേശവന്റെയും മറ്റു പ്രതിഷേധകന്മാരുടേയും അഭിപ്രായം. ഗവൺമെൻറിന്റെ ഉദ്ദേശം എത്ര പരിശുദ്ധമായിരുന്നാലും അതിനെ നടപ്പിൽ വരുത്തുവാൻ അധികാരമുള്ള ഉദ്യോഗസ്ഥന്മാർ ആ ഉദ്ദേശത്തെ എത്രമാത്രം താറുമാറാക്കി കളഞ്ഞുഎന്നു് കഴിഞ്ഞ നിയമസഭാ നടപടികളും, ഇൻഡ്യൻ നാഷണൽ കൗൺഗ്രസ്സിന്റെ ഇവിടത്തെ പ്രവർത്തകസമിതി ഈ കഴിഞ്ഞ ഒക്ടോബർ 30-൦തീയതി അംഗീകരിച്ച പ്രവർത്തന പരിപാടിയും ധാരാളം വ്യക്തമാക്കുന്നുണ്ടു്. നാഷണൽ കൗൺഗ്രസ്സു്, മി: ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള അവർകളുടെ നേതൃത്വത്തിലാണു് ആരംഭിച്ചിരിക്കുന്നതെന്നും അതിന്റെ പ്രധാന പ്രവർത്തകസമിതി ഇപ്പോൾ നായർ ഭൂരിപക്ഷത്തോടുകൂടിയതാണെന്നും നാം അറിയുമ്പോൾ പബ്ലിക്കു് സവീസിലെ പ്രാതിനിധ്യത്തെപ്പറ്റി അവർ പുറപ്പെടുവിക്കുന്ന അഭിപ്രായത്തിനു് ആദരണീയത വരിക്കുമെന്നുള്ളതിനു സംശയമില്ലല്ലൊ. കൗൺഗ്രസ്സിന്റെ പ്രവർത്തനപരിപാടിയിൽ "സമുദായമൈത്രി" എന്ന ഭാഗത്തിൽ ഗവൺമെൻറു സവീസിനെപ്പറ്റി ഇപ്രകാരം പറഞ്ഞിരിക്കുന്നു:—ഗവൺമെൻറു സർവീസിലുള്ള "ഈ അവശതകളെ പരിഹരിക്കുവാൻ ഗവൺമെൻറു പരിശ്രമിച്ചുവരുന്നു. ഗവൺമെൻറ് അംഗീകരിച്ചിട്ടുള്ള നയം ഉദ്യോഗസ്ഥന്മാർ നടപ്പിലാക്കുന്നില്ല എന്നും ആക്ഷേപമുണ്ടു്. ഈ ആക്ഷേപം അടിസ്ഥാനരഹിതമാണെന്നു പറയാവുന്നതല്ല. ഉദ്യോഗസ്ഥന്മാരുടെ ദോഷംകൊണ്ടാണു് ഇങ്ങനെ സംഭവിക്കുന്നതു്." ഈ അഭിപ്രായത്തിന്റെ വിശ്വാസ്യതയെ പ്രതിഷേധക്കാർ ചോദ്യംചെയ്യുമെന്നു വിചാരിക്കുന്നില്ല. ഗവൺമെൻറ് അംഗീകരിച്ച നയം നടപ്പിൽവരുത്തേണ്ടവർ അതു ചെയ്യുന്നില്ലെന്നു മാത്രമേ യോഗം വാദിക്കുന്നുള്ളു. സംയുക്തസംഘടനയിൽപ്പെട്ട മറ്റു സമുദായക്കാർക്കും ഇതു് ഒരാവശ്യമുള്ള രാഷ്ട്രീയകാര്യമായതുകൊണ്ടു് സംയുക്തസംഘം യോജിച്ചു നിന്നു് ഈ കാര്യസാദ്ധ്യത്തിനുവേണ്ടി വാദിക്കുന്നു.

എസ്. എൻ. ഡി. പി. യോഗത്തിന്റെ പല വാർഷികയോഗങ്ങളിൽ അദ്ധ്യക്ഷതവഹിക്കയും, ഏതാനുംകൊല്ലം യോഗം സ്ഥിരാദ്ധ്യക്ഷനായിരിക്കയും ചെയ്ത മി. സി. കൃഷ്ണൻ അദ്ദേഹത്തിന്റെ "മിതവാദി" പത്രത്തിൽ, ഈയിടെ നടന്ന പ്രതിഷേധമീറ്റിംഗിനെപ്പറ്റി മുഖപ്രസംഗരൂപത്തിൽ പുറപ്പെടുവിച്ചിട്ടുള്ള അഭിപ്രായം സമുദായം പ്രത്യേകം ഗൗനിക്കേണ്ടതാണു്. അദ്ദേഹം എഴുതുന്നു:—

"കാർത്തികപ്പള്ളിയിൽ ഈയിടെ ഈഴവരുടെ ഒരു യോഗംകൂടി കേശവസ്വീകരണത്തിനും എസ്. എൻ. ഡി. പി. യോഗത്തിനും എതിരായിനിശ്ചയങ്ങളും പാസ്സാക്കിയിരിക്കുന്നതായി കാണുന്നു. മി: കേശവൻ ക്രിസ്ത്യാനികളുടെ ഒരു ആയുധമായിപ്പോയി എന്നാണു് ഈ യോഗക്കാരുടെ ഒരു വലിയ ആക്ഷേപം. മി: കേശവൻ ക്രിസ്ത്യാനികളോടും മുസ്ലിങ്ങളോടും യോജിച്ചു് വാദിക്കുന്നതു് സമുദായപ്രാതിനിധ്യം ശരിക്കു നടപ്പിൽ വരുത്തുവാൻമാത്രമാണു്. ക്രിസ്ത്യാനികൾക്കും മുസ്ലിമിങ്ങൾക്കും അതു ആവശ്യമായതുകൊണ്ടു് തുല്യാവകാശക്കാരായ കക്ഷികളും തമ്മിലുള്ള സ്വാഭാവികമായ ഒരു യോജിപ്പാണു് സംയുക്തസമുദായങ്ങളുടെ യോജിപ്പു്. മി. കേശവൻ ക്രിസ്ത്യാനികളുടെ ആയുധമായാണു് ഇതെല്ലാംചെയ്യുന്നതെന്നു് ഇതുകൊണ്ടു വരുന്നില്ല. നേരെമറിച്ചു് കാർത്തികപ്പള്ളിയിലെ ഈഴവയോഗക്കാർ കേശവസ്വീകരണത്തിനും എസ്. എൻ. ഡി. പി. യോഗത്തിനും എതിരായി നിശ്ചയങ്ങളും പാസ്സാക്കുന്നതു് വേറെ ആരുടേയോ ആയുധങ്ങളായിട്ടാണെന്നുള്ളതു് അവരുടെ നിശ്ചയങ്ങളുടെ ഗതിതന്നെ തെളിയിക്കുന്നു. ഇത്ര ബോധമില്ലാതെ സമുദായതാല്പര്യത്തിനെതിരായി പ്രവർത്തിക്കാൻ സമുദായത്തിൽതന്നെ ചിലരെ മറവുള്ളവക്കു് ആയുധമാക്കുവാൻ കിട്ടുന്നതു് നിർഭാഗ്യമെന്നേ പറയുവാനുള്ളു."

പബ്ലിക്കുസർവീസിൽ സമുദായപ്രാതിനിധ്യത്തിനുവേണ്ടി യോഗംനടത്തുന്ന പ്രക്ഷോഭണം ഈഴവജനസാമാന്യത്തെ ഉദ്ദേശിച്ചു നടത്തുന്നതല്ലെന്നുള്ളതു് സകലഅഭ്യസ്തവിദ്യർക്കും അറിയാവുന്ന ഒരു പരമാർത്ഥമാണു്. ആ സ്ഥിതിക്കു് യോഗത്തെ എതിർക്കുവാൻ ആഗ്രഹമുള്ള സമുദായങ്ങളുടെ പാവകളായി നമ്മുടെ സമുദായത്തിൽനിന്നു തന്നെ ആളുകൾ മുന്നോട്ടുവന്നു് ഈ ദോഷാരോപണങ്ങൾ പുറപ്പെടുവിക്കുന്നതു് ആത്മഹത്യാപരമായ ഒരു നടപടിയാണെന്നു് പറയാതെ തരമില്ല. യോഗത്തിന്റെ "സന്താനങ്ങൾ" വിഭീഷണനയം പ്രയോഗിക്കരുതെന്നു മാത്രമേ അപേക്ഷയുള്ളു.

—o—

ഏജൻറന്മാരെ ആവശ്യമുണ്ടു്

കൗമുദിയുടെ പ്രചരണത്തിനു താഴെ പറയുന്ന സ്ഥലങ്ങളിൽ ഏജൻറന്മാരെ ആവശ്യമുണ്ടു്. ഏറ്റവും ആകർഷകമായ കമ്മിഷൻ. കൂടുതൽ വിവരങ്ങൾക്കു എഴുതി ചോദിക്കുക.

തൊടുപുഴ
കുന്നിയന്തോട്ടു
കറുകച്ചാൽ
ആലുവാ
ചെങ്ങന്നൂർ
പത്തനാപുരം
നെടുമങ്ങാടു
പത്തനംതിട്ട
നെയ്യാറ്റിൻകര
ഏറ്റുമാനൂർ
പേട്ട
നേമം
മുണ്ടക്കയം
കാഞ്ഞിരപ്പള്ളി
മണക്കാടു്
കോഴഞ്ചേരി

മാനേജർ
കൗമുദി
പേട്ട-തിരുവനന്തപുരം.

പ്രതിഷേധ നിഷേധങ്ങൾ

മാന്യരെ,

113 തുലാം 29-ാംനു-യിലെ "മലയാളരാജ്യ"ത്തിൽ ഞങ്ങളിൽ ചിലരുടെ പേരുകൂടെ ഉൾപ്പെടുത്തി ഒരു പ്രതിഷേധവിജ്ഞാപനം, പ്രസിദ്ധപ്പെടുത്തിയിരിക്കുന്നതായി കണുവാനിടയായതിൽ അത്ഭുതപ്പെടുന്നു. ഞങ്ങളിൽ പലരും ഇതിൽ പേരുവയ്ക്കുവാൻ സമ്മതിക്കുകയോ ഒപ്പിട്ടുകൊടുക്കുകയോ ചെയ്തിട്ടില്ല. ഒപ്പുവെച്ചു കൊടുത്തിട്ടുള്ളവർതന്നെയും കാര്യങ്ങളുടെ യാഥാർത്ഥ്യം ഗ്രഹിപ്പിക്കപ്പെടാഞ്ഞതുമൂലം അപ്രകാരം ചെയ്തിട്ടുള്ളവരാണ്. വിശേഷിച്ചും പള്ളിത്തോട്ടം എസ്. എൻ. ഡി. പി. ശാഖായോഗാംഗങ്ങളായ ഞങ്ങൾ യാതൊരു ഭിന്നാഭിപ്രായവും കൂടാതെ സഹകരിച്ചാണ് ഏതാനും ആഴ്ചകൾക്കു മുൻപു് ത്യാഗിവര്യനും സമുദായനേതാവുമായ വീരശ്രീ സി. കേശവൻ അവർകളെ അനുമോദിച്ചു പണക്കിഴി കൊടുക്കുന്ന അഭിമാനകരമായ സംരംഭത്തിൽ മനമറിഞ്ഞു ഭാഗഭാക്കുകളായതു്. ആ ഒരു കാര്യം കൊണ്ടുതന്നെ ഈ ഒരു കൈയൊപ്പു് സമ്പാദനത്തിൽ ഗ്രൂപ്പ് സാവഹമായ പല നിഗൂഢപ്രേരണകളും നടന്നിരിക്കുമെന്നുള്ളതു തീർച്ചയാണ്. ഈ പ്രതിഷേധപത്രത്തിൽ ഒപ്പുവിക്കുവാൻ അക്ഷീണപരിശ്രമം ചെയ്ത ലേഖനം വെളിക്കുവരുന്നതിനുമുൻപുതന്നെ "കടലുകടന്നവിദ്വാൻ" ഞങ്ങളിൽ പലരേയും സമീപിച്ച സന്ദർഭത്തിൽ തന്നെ ഈ സമുദായദ്രോഹത്തിനു് ഞങ്ങളാരും പങ്കുകൊള്ളുകയില്ലെന്നും ഞങ്ങളെ കയ്യാലയ്ക്കലാക്കരുതെന്നും പരസ്യമായി പറഞ്ഞിട്ടുണ്ടായിരുന്നു. എന്നിട്ടും ഞങ്ങളുടെ പേരു് ഒപ്പോടുകൂടി കിട്ടിയതായി മലയാളരാജ്യത്തിൽ കാണുന്നു.

ഈഴവരുടെ ഇടയിൽ ഭിന്നിപ്പുണ്ടാക്കുന്നതിനു് എസ്. എൻ. ഡി. പി. യോഗത്തോടും, സ്റ്റീമർ സി. കേശവനോടും സമുദായാംഗങ്ങൾക്കുള്ള ഭക്തിബഹുമാനങ്ങളെ ശിഥിലപ്പെടുത്തുന്നതിനും, ഈഴവരുടെ സംഘടനയെ ദുർബ്ബലപ്പെടുത്തുന്നതിനും തദ്വാരാ ഭിന്നസമുദായങ്ങൾ തമ്മിൽ വൈരം ജനിക്കുന്നതിനും പര്യാപ്തമായ ഇത്തരം പ്രസിദ്ധീകരണങ്ങൾക്കു കാരണഭൂതരായവരെ ഗവൺമെൻറിൽ നിന്നും പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. എന്തുകൊണ്ടെന്നാൽ മഹാരാജാവു തിരുമനസ്സിലേയും ബഹുമാനപ്പെട്ട ഗവൺമെൻറിൻറെയും ആനുകൂല്യങ്ങൾ ലഭിക്കുവാനുള്ള എളുപ്പവഴിയാണ്, ഈ പ്രതിഷേധപ്രകടനമെന്നും, എസ്. എൻ. ഡി. പി. യോഗത്തോടും, അതിൻറെ ഇപ്പോഴത്തെ പ്രവർത്തകരോടും, ഗവൺമെൻറിനു മനഃപൂർവ്വവിരോധമുണ്ടെന്നും പറഞ്ഞു് ആളുകളെ തെറ്റിദ്ധരിപ്പിച്ചാണ് ഇവർ ഇതെല്ലാം ഇവിടെ ചെയ്തിട്ടുള്ളതെന്നു ഞങ്ങൾക്കറിയാം. ഈ മാതിരി ഗൂഢതന്ത്രങ്ങൾക്കു വളർച്ച അനുവദിക്കുന്നതു് സുപ്രതിഷ്ഠയശസ്സുനായ സർ സി. പി. യുടെ നിഷ്പക്ഷമായ ഗവൺമെൻറിൻറെ സദ്യശസ്സിനെ മലിനപ്പെടുത്തുന്നതാകയാൽ ഇക്കാര്യത്തിൽ ഗവൺമെൻറിൻറെ സത്വരശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

മലയാളരാജ്യത്തിലെ പ്രതിഷേധവിജ്ഞാപനത്തെ അതർഹിക്കുന്ന അവഗണനയോടുകൂടി സമുദായാംഗങ്ങളും തള്ളിക്കളയുമെന്നും, ആ വിജ്ഞാപനത്തിൽ ഞങ്ങൾക്കാർക്കും യാതൊരു പങ്കുമില്ലെന്നും ഇതിനാൽ നിഷേധിച്ചുകൊള്ളുന്നു.

എന്നു്, വിധേയർ,

1 മാധവൻ ചാന്താർ, പള്ളിത്തോട്ടം 2 അച്ചുതൻപപ്പു, പള്ളിത്തോട്ടം 3 പി. ഗംഗാധരൻ, പുത്തൻവീടു്, പള്ളിത്തോട്ടം 4 കെ. നീലകണ്ഠൻമൂതലാളി, കിഴക്കേപുത്തൻവീടു്, താമരക്കുളം 5 കെ. നാരായണനാശാൻ, ഉത്തനാകുളം 6 റ്റി. കെ. നാരായണൻ, പള്ളിത്തോട്ടം 7 എസ്സു്. കേശവൻ, നെയ്യിശ്ശേരി, കൊല്ലം 8 കെ. കൃഷ്ണൻ, കൻസ്ട്രാൻമെൻറ് ചാരുവിൽ 9 ഗോവിന്ദൻമേസ്ത്രി, മമ്മിക്കുന്നു് 10 ഏ. പപ്പുമേസ്ത്രി, പള്ളിത്തോട്ടം 11 കൃഷ്ണൻകുഞ്ഞു മാധവൻമേസ്ത്രി, പള്ളിത്തോട്ടം 12 കെ. കുഞ്ഞുകുഞ്ഞുമേസ്ത്രി, കാവുങ്ങൽ വീടു്, പള്ളിത്തോട്ടം.

—o—

ii

മാന്യരെ,

മഹാദേവിക്കാട്ടുവച്ചു് ഈമാസം 6-ാംനു-ാം കൂടുന്ന "പ്രതിഷേധ മഹായോഗ"ത്തിനു് രാജഭക്തരും, സമുദായ സ്നേഹികളുമായ ഞങ്ങളുടെ പേരുകൂടി, യാതൊരു വിധമായ അറിവും സമ്മതവും കൂടാതെ, ഉൾപ്പെടുത്തിക്കാണുന്നതിൽ തൽപ്രവർത്തകന്മാരോടു് ഞങ്ങൾക്കുള്ള പ്രതിഷേധവും മേല്പറഞ്ഞ യോഗനടപടികളിൽ ഞങ്ങൾ ഒരു പ്രകാരത്തിലും സഹകരിക്കുന്നില്ലെന്നുള്ള വിവരവും പൊതുജനങ്ങളെ അറിയിച്ചുകൊള്ളുന്നു.

എന്നു്,

വിധേയന്മാർ,

1. കെ. ഗോവിന്ദൻ, ആലയ്ക്കൽ
2. എം. ആർ. മാധവൻ, മാതേവൻചിറയിൽ
3. കെ. കുഞ്ഞൻ, ആനകേരിപ്പുറമ്പിൽ
4. കണ്ടകാളി, പീടികയിൽ വീടു്
5. കെ. ഗോവിന്ദൻ, മൂലയിൽ പറമ്പിൽ
6. കെ. കുഞ്ഞുകുഞ്ഞു്, ആനകേരിപ്പുറമ്പിൽ

—o—

iii

മഹാദേവികാടു്, ഭരണിപ്പുഴ, ഏരിക്കാവു്, പാന്തുർ മുതലായ സ്ഥലങ്ങളിലെ ഏതാനും പേർ എസ്. എൻ. ഡി. പി. യോഗത്തിൻറെ വഴിപിഴച്ച പോക്കു്, മുതലായവയെ പ്രതിഷേധിക്കുന്നതിനുവേണ്ടി 113 വൃശ്ചികം 6-ാംനു-പുള്ക്കീഴിൽവെച്ചു ഒരു യോഗം കൂടുന്നതിനായി 55 ആളുകളുടെ പേരുവച്ചു ഒരു നോട്ടീസ് പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു.

ഈ പ്രതിഷേധനോട്ടീസിൽകണ്ട മാന്യന്മാരിൽ ഭൂരിപക്ഷത്തിൻറെ അറിവോ സമ്മതമോ കൂടാതെ ചില കുനയകോവിദന്മാരുടെ സ്വകാര്യസാധ്യത്തിനുവേണ്ടി, സാധുക്കളായ ഇക്കൂട്ടരുടെ പേരു പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണെന്നു അവരുടെ ഇടയിൽ നടത്തിയ "ഹിതപരിശോധന"മൂലം വ്യക്തമായിരിക്കുന്നു. കുടുംബപദവിയിൽ ആരോഹണംചെയ്ത സരസ്വതീവിലാസ പരിലാളിതരായിക്കഴിഞ്ഞുകൂടിയിട്ടും സമുദായമദ്ധ്യത്തിൽ സ്ഥാനഭദ്രികായ്കയാലുള്ള നിരാശയാൽ യേനകേനപ്രകാരേണ സ്വനാമധേയം പരത്തി സമുദായപ്രവിണന്മാരാകാമെന്നുള്ള അടിനിവേശത്താൽ പ്രതിഷേധമഹാമന്ത്രവും ഉരുക്കഴിച്ചു്, സാധുക്കളായ ചില പൗരന്മാരെ സൂത്രിവാജ്ഞയ്ക്കുവിധേയരാക്കിയതിൻറെ ഫലമായിട്ടാണ് ഈ പ്രതിഷേധനോട്ടീസ് പ്രസിദ്ധംചെയ്തിരിക്കുന്നു. വഴിപിഴച്ച പോക്കു്, പ്രവർത്തനദുഷ്യം, സമുദായക്ഷോഭണം ഇവ എന്താണെന്നു നോട്ടീസിൽകണ്ട മേധാവിഹീനരായ മാന്യന്മാരോടു ചോദിച്ചാൽപാഴ്വേലചെയ്യലോ മറ്റൊന്നുചെന്നാല്ലാതെ അറിയാൻ നിവൃത്തിയില്ലെന്നുള്ളതായിരിക്കും സമാധാനം. യോഗം എന്നുള്ള പേരുതന്നെ സാക്ഷരംപോലും കണ്ടിട്ടില്ലാത്ത എത്രയോപേരാണിനോട്ടീസ്സിൽ അനുമതിവിച്ചിട്ടുള്ളതു്. "ക്ഷീരമുള്ളോരകിടിൻചുവട്ടിലും ചോരതന്നെ കൊതുകിൻകൊതുകം." എന്ന മഹാകവിവചനത്തെ സാധൂകരിക്കുന്ന ചിലരുടെ നിരന്തരപരിശ്രമഫലമാണ് ഈ നോട്ടീസ്സ്.

എസ്. എൻ. ഡി. പി. യോഗത്തിൻറെ ഏതാണ്ടു് കുറച്ചുകാലമെങ്കിലും പ്രധാനപ്രവർത്തകരായിരുന്ന സാധുക്കളെ എരിപൊരികൊള്ളിച്ച ചില പ്രമാണികളുടെ സ്വകാര്യപരമായ പ്രവർത്തനങ്ങളെ സമുദായംമനസ്സിലാക്കി അവരെ തിരസ്കരിച്ചു്, സമുദായത്തിനൊരുപോലെ ശ്രേയസ്സിനെ സമാജ്ഞിക്കത്തക്ക സുസമ്മതന്മാരെ സ്വീകരിച്ചതായിരിക്കാം വഴിപിഴച്ചപോക്കെന്നു വൈരാഗ്യവ്യാകുലരായ മാന്യന്മാർ ജല്പിക്കുന്നു.

നോട്ടീസിലെ പേരുകാരിൽ ചിലരെക്കുറിച്ചു അല്പംചിലതു് പറഞ്ഞുകൊള്ളട്ടെ. ഒന്നാംപേരുകാരനായ അക്കൻറെ പറമ്പിൽ കൃഷ്ണനാശാൻ സുസമ്മതനും പൗരപ്രമാണിയും 261-ാം നമ്പർ എസ്. എൻ. ഡി. പി. ശാഖായോഗം സ്ഥിരംപ്രസിഡൻറുമാണ്. ഏകദേശം ആറു വർഷക്കാലമായി സംഘാംഗങ്ങളിൽ സർവ്വരുടെയും ശ്ലാഘ്യപാത്രമായി പ്രസിഡൻസ്ഥാനത്തു പ്രശോഭിക്കുന്ന ഒരു മാന്യനാണിദ്ദേഹം. കഴിഞ്ഞയാഴ്ച നടന്ന എസ്. എൻ. ഡി. പി. ശാഖാപൊതുയോഗവും ഇദ്ദേഹത്തിൻറെ അദ്ധ്യക്ഷതയിലാണു കൂടിയതു്. "എസ്. എൻ. ഡി. പി. യോഗത്തിൻറെ തല്ക്കാലപ്രവർത്തകന്മാരുടെ പ്രവൃത്തിപരിപാടികളിലുള്ള വൈകല്യങ്ങളെ—സംഘത്തിൻറെ പുരോഗതിക്കു വിഘാതമായ ദുർന്നയങ്ങളെ—ഈഴവസമുദായത്തിൻറെ നാരായവേരിനു് അനുനിമിഷം സംഭവിക്കുന്ന തീവ്രാമയത്തെ"കുറിച്ചു് ഇതുവരെയും സഭയിൽ ഒരു പ്രതിഷേധപ്രമേയം പാസ്സാക്കുകയോ, അദ്ധ്യക്ഷൻ അനുസ്മരിപ്പിക്കയോ ചെയ്തിട്ടില്ല. സംഘത്തിൻറെ ശോഭനമായ ഭാവിക്കുവേണ്ടി അത്യുദ്ധാനം ചെയ്യുന്ന യുവഹൃദയത്തോടുകൂടിയ ഒരു വയോധികനാണു മി. കൃഷ്ണനാശാൻ. യോഗത്തിൻറെ നിയമങ്ങളെ സാധിതപ്രായമാക്കുന്നതിൽ ഇതുപോലെ ബദ്ധകങ്കണനായ അദ്ധ്യക്ഷൻ ഇതരയോഗങ്ങൾക്കു ലഭ്യമല്ലതന്നെ.

യോഗപ്രവർത്തകന്മാരുടെ ചെയ്തികളും അഭിപ്രായങ്ങളും തികച്ചും അഹിതമായിത്തോന്നിയാൽ മി. കൃഷ്ണനാശാനു ശാഖായോഗംമുഖേന അഭിപ്രായങ്ങളും രൂപീകരിച്ചു പ്രതിഷേധിക്കുവാൻ നിഷ്പ്രയാസം കഴിയുമായിരുന്നു. അദ്ദേഹം അങ്ങനെ ചെയ്തിട്ടില്ല. ഇപ്പോഴും അദ്ദേഹം പ്രസിഡൻറായിത്തന്നെ തുടരുന്നു.

സംഘത്തിൽനിന്നും അദ്ധ്യക്ഷൻറെ അനുവാദത്തോടും നിർദ്ദേശാനുസരണവുമാണു സി. കേശവൻ സ്റ്റീമർനിരോധനത്തിനുള്ള പണപ്പിരിവു നടത്തുന്നതു്. പണസംബന്ധമായ മുതലകളിൽ പ്രഥമസ്ഥാനം അദ്ധ്യക്ഷനത്രേ. ഇതു സാധുജനപോഷണമായിക്കരുതിയിരുന്നെങ്കിൽ കഴിഞ്ഞദിവസവും അദ്ദേഹം അതിനു സ്വയംനിയുക്തനാകുകയില്ലായിരുന്നു. അതിനാൽ പ്രതിഷേധത്തിനുവന്നുപോയ അദ്ദേഹത്തിൻറെ പങ്കു, അനുകരണപ്രോത്സാഹനത്താലല്ലെന്നും ആരുടെയൊ ദുഷ്പ്രേരണകൊണ്ടുണ്ടായതാണെന്നും സ്പഷ്ടമാണല്ലോ. അഷ്ടിക്കു മുട്ടാതെ കഷ്ടപ്പെട്ടു ജോലിചെയ്യുന്ന സാധുക്കളാണ് നോട്ടീസ്സിൽ പേരുകാരായിക്കാണുന്നവരിൽപലരും. മേലാളരുടെ പ്രവൃത്തികളെ സമ്മതമെന്നു സ്വാഗതംചെയ്യാതെ ആ സാധുക്കൾക്കു ഗത്യന്തരമില്ല. ആ സാധുക്കൾക്കും ചുരുണ്ടുകിടക്കണമല്ലോ!

മറുപേരുകാരിൽ ഭൂരിപക്ഷവും യോഗപ്രവർത്തകന്മാരുടെ പ്രവർത്തനപരിപാടികളും, സമുദായത്തിൻറെ ഇന്നത്തെ പുരോഗതി ഇവ ദിവാസ്വപ്നംപോലും കണ്ടിട്ടുള്ളവരല്ല.

പി. കെ. ആശാൻ, ഭരണിപ്പുഴ.

—o—

ഈഴവർ--അരനൂറാണ്ടുകൊണ്ട്

സംഘടിതമായ സമുദായശക്തിയുടെ പിൻതുണയില്ലാതെ രാഷ്ട്രീയ കാര്യങ്ങളിൽ സാരമായ യാതൊന്നും പ്രവർത്തിക്കുവാൻ എതുവമ്പന്മാരായുള്ളവർക്കും സാധ്യമല്ലതന്നെ.

രാഷ്ട്രീയശരീരത്തിന്റെ എല്ലാ അവയവങ്ങളും യഥായോഗ്യം ശക്തിപ്രാപിക്കുവാൻ അത്യാവശ്യമായ ചികിത്സനടത്തുവാൻ ശ്രീചിത്തിര തിരുനാൾ മഹാരാജാവു തിരുമനസ്സിലേക്കല്ലാതെ മറെറാരു ഭരണാധികാരിക്കും ധൈര്യമുണ്ടായതായി നമുക്കറിവില്ല; ചരിത്രം വെളിപ്പെടുത്തുന്നുമില്ല.

സി. കേശവൻ ബി. എ. ബി. എൽ.

സഹോദരരെ, സ്നേഹിതരെ,

പ്രകൃതിസുന്ദരമായ കേരളത്തിന്റെ നാഭിസരോജം എന്നു കവികളുടെ ഭാഷയിൽ പറയാവുന്ന കൊച്ചിയിലെ രാജധാനി സ്ഥിതിചെയ്യുന്ന തുപ്പുണിത്തുറയിൽ കൂടിയിരിക്കുന്ന ഈ മഹാസദസ്സ് കാണുന്നതുതന്നെ ആഹ്ലാദകരമാണ്. എന്നെ അനുമോദിക്കുവാൻ കൂടിയാണ് ഈ സദസ്സ് കൂടിയിരിക്കുന്നതെന്നോർക്കുമ്പോൾ ഇതുവളരെ വാത്സല്യദാക്ഷിണ്യങ്ങൾ എന്നോടു കാണിക്കുവാൻ തോന്നിയ നിങ്ങളുടെ സഹോദരസ്നേഹത്തിനും ദയയ്ക്കും എങ്ങനെയാണ് കൃതജ്ഞത പായേണ്ടതെന്നുള്ള ആലോചനയിൽ എനിക്കു വാക്കുകൾക്കു ക്ഷാമംനേരിടുന്നു. വാക്കുകളെക്കൊണ്ടു പറഞ്ഞു വെളിപ്പെടുത്തുവാൻ കഴിയാത്ത എന്റെ അഗാധമായ കൃതജ്ഞതയെ ഹൃദയമറിഞ്ഞു നിങ്ങൾ സ്വീകരിക്കണമെന്നു അപേക്ഷിക്കുന്നു.

തിരുവിതാംകൂറിൽ രാഷ്ട്രീയവും സാമുദായികവുമായി ഈഴവർക്കുണ്ടായിരുന്ന അവശതകളുടെ പരിഹാരത്തിനുവേണ്ടി ഞാൻ ചിലതു് ചെയ്തു എന്നു ധരിച്ചിട്ടാണല്ലൊ ഈ വലിയ ബഹുമതിക്കു അർഹനാണ് ഞാനെന്നു നിങ്ങൾ നിശ്ചയിച്ചതു്. ഈഴവരെപ്പോലെ വമ്പിച്ച ജനസംഖ്യയുള്ള ഒരു സമുദായത്തിന്റെ ചിരസ്ഥായിയായ അവശതാപരിഹാരത്തിനു ഒരാൾക്കുമാത്രം, അതിലും വിശേഷിച്ചു്, എന്നപ്പോലെയുള്ള ഒരു സാധാരണനു മാത്രം ഒറ്റയ്ക്കുനിന്നു എന്തുചെയ്യുവാനാണ് കഴിയുന്നതു്? സംഘടിതമായ സമുദായശക്തിയുടെ പിൻതുണയില്ലാതെ രാഷ്ട്രീയകാര്യങ്ങളിൽ സാരമായയാതൊന്നും പ്രവർത്തിക്കുവാൻ എതു വമ്പന്മാരായുള്ളവർക്കും സാധ്യമല്ലതന്നെ. എസ്. എൻ. ഡി. പി. യോഗത്തിന്റെ സംഘടിതമഹാശക്തിയും, കൊച്ചീക്കാരായ നിങ്ങളുടെയും, മലബാർകാരായ സഹോദരന്മാരുടെയും സമ്പൂർണ്ണമായ അനുഭാവവും എന്റെ പിൻതുണയുണ്ടായിരുന്നതുകൊണ്ടും തുല്യദുഃഖിതരായിരുന്ന ക്രൈസ്തവ-മുസ്ലീം സമുദായങ്ങളുടെ ഏകലക്ഷ്യമായ സഹകരണംകൊണ്ടും നമ്മുടെ അവകാശവാദങ്ങളിൽ അടങ്ങിയിരുന്ന സുവ്യക്തമായ പ്രായോഗികരാജ്യതന്ത്രനീതികൊണ്ടും, സർവ്വോപരി ശ്രീ ചിത്തിരതിരുനാൾ മഹാരാജാവു തിരുമനസ്സിലെ കാരുണ്യംകൊണ്ടും എന്റെ ശ്രമം കേവലം നിഷ്ഫലമായിത്തീർന്നില്ല. എന്റെ ശ്രമത്തിനിടയിൽ ഒരു സെഡിഷൻ കേസുണ്ടാവുകയും ആ കേസിൽ ശിക്ഷിക്കപ്പെട്ട രണ്ടുകൊല്ലം ജയിൽവാസം ചെയ്യേണ്ടിവന്നതു്, നിങ്ങളൊക്കെ പറയാറുള്ളതുപോലെ, ഒരു മഹാത്യാഗമായി ഞാൻ വിചാരിക്കുന്നില്ല. അതുപോലെതന്നെ എന്റെ പ്രവർത്തനങ്ങൾക്കിടയിലും അതിൽപിന്നീടു ഇന്നുവരെയും ചിലർ ചീറിയും തുമിച്ചും എന്നെ ശകാരിച്ചും പരിഹസിച്ചും വരുന്നതിനേയും ഞാൻ സാരമാക്കിയിട്ടില്ല. പൊതുക്കാര്യങ്ങളിൽ പ്രവേശിച്ചു വല്ലതും പ്രവർത്തിക്കുന്നവർക്കു ഇങ്ങനെയുള്ള അനുഭവങ്ങൾ എവിടെയും നാം കണ്ടുവരുന്നതാണ്. കൊച്ചി തീയ്യമഹാജനസഭയുടെ അദ്ധ്യക്ഷനായ മി: അയ്യപ്പന്റെ ജീവിതത്തിൽ അദ്ദേഹത്തിനു കേൾക്കേണ്ടിവന്ന ശകാരങ്ങളും, നേരിടേണ്ടിവന്ന എതിർപ്പുകളും നിങ്ങൾക്കൊക്കെ അറിവുള്ളതാണല്ലൊ.

തിരുവിതാംകൂറിൽ സമുദായാചാരണത്തിനും നമ്മുടെ രാഷ്ട്രീയവും സാമുദായികവുമായ അവശതകളുടെ പരിഹാരത്തിനും ശ്രമങ്ങൾ തുടങ്ങിയിട്ടു ഇപ്പോഴേയ്ക്കു അരനൂറാണ്ടു കാലമാകുന്നു. ഈ ശ്രമങ്ങളും പൊതുജനദൃഷ്ടിക്കു വിഷയമാക്കി ആദ്യം കൊണ്ടുവന്നതു ഒരു വിശ്രുതസംസ്കൃത പണ്ഡിതനായിരുന്ന കൊല്ലം പരവൂർ കേശവനാശാൻ അവർകളുടെ പത്രാധിപത്യത്തിൽ 1066-ൽ അതായതു് ഇന്നേക്കു 47 വർഷം മുമ്പേ പ്രസിദ്ധപ്പെടുത്തിത്തുടങ്ങിയിരുന്ന "സുജനാനന്ദിനി" പത്രമായിരുന്നു. ആ പത്രം നല്കിയ പ്രേരണയും പ്രോത്സാഹനങ്ങളും അനുസരിച്ചു പല ഈഴവസമാജങ്ങളും തിരുവിതാംകൂറിന്റെ നാനാഭാഗങ്ങളിലും സ്ഥാപിതമായി. എന്നാൽ ഈ സമാജങ്ങളെല്ലാം ഈഴവരുടെയിടയിൽ നടപ്പുണ്ടായിരുന്ന ദുർവ്യയകരങ്ങളായ താലികെട്ടു മുതലായ അടിയന്തിരങ്ങളും നിറുത്തൽചെയ്തു് വിവാഹത്തെ പരിഷ്കരിച്ചും വിദ്യാഭ്യാസത്തെ പ്രചരിപ്പിച്ചും സമുദായപരിഷ്കാരം വരുത്തുവാനാണു് ശ്രമിച്ചതു്. അതിനു ഒരു മറുപടിപോലും കിട്ടാതിരുന്നതിനാൽ 10,000-ൽ പരം ഈഴവർ ഒപ്പിട്ട ഒരു മെമ്മോറിയൽ മഹാരാജാവു തിരുമനസ്സിലേക്കു സമർപ്പിക്കുവാനും തൽസംബന്ധമായ പ്രക്ഷോഭണങ്ങൾക്കു സംസ്ഥാനത്തിന്റെ നാനാഭാഗങ്ങളിലും ശാഖകളോടുകൂടിയ സമസ്ത തിരുവിതാംകൂർ ഈഴവസമാജം എന്ന പേരിൽ ഒരു സ്ഥാപിക്കുവാനും ഡാക്ടർ പല്പു അവർകളുടെ നേതൃത്വത്തിൽ തീരുമാനമായി. ഇതിനിടയ്ക്കു ശ്രീനാരായണഗുരുസ്വാമികൾ അരുവിപ്പുറത്തു സ്ഥാപിച്ച ക്ഷേത്രത്തിന്റെ ഭരണത്തിനു പതിനൊന്നുപേർ അടങ്ങിയ ഒരു "ക്ഷേത്രയോഗം"ഉണ്ടായിത്തീർന്നു. സമസ്തതിരുവിതാംകൂർ ഈഴവസമാജത്തിന്റേയും ക്ഷേത്രയോഗത്തിന്റേയും ഉദ്ദേശങ്ങൾ യോജിപ്പിച്ചാണ് ഇന്നു പ്രസിദ്ധമായി അറിയപ്പെടുന്ന എസ്. എൻ. ഡി. പി. യോഗം സ്ഥാപിതമായതു്. ഈ യോഗം സ്ഥാപിച്ചു ഒരുവർഷം കഴിഞ്ഞപ്പോഴാണ് ദിവാൻജിയായിവന്ന വി. പി. മാധവറാവു അവർകളുടെ പരിഷ്കാരങ്ങളിൽ പ്രഥമഗണനീയമായ ശ്രീമൂലം പ്രജാസഭ ആരംഭിച്ചതു്. പ്രജാസഭയിൽ എസ്. എൻ. ഡി. പി. യോഗത്തിന്റെ ഒരു പ്രതിനിധിക്കുകൂടി നിയമപ്രകാരം സ്ഥാനം അനുവദിച്ചിരുന്നു. എസ്സ്. എൻ. ഡി. പി. യോഗം രാഷ്ട്രീയകാര്യങ്ങളിൽ പ്രവേശിക്കുന്നതു നിയമവിരുദ്ധമാണെന്നു ചില നിയമകോവിദന്മാർ ഇപ്പോൾ വാദിച്ചു സ്ഥാപിക്കുവാൻ ശ്രമിക്കുന്നുണ്ടെങ്കിലും, ഗവർമ്മെണ്ടതന്നെ എസ്. എൻ. ഡി. പി. യോഗത്തിനു രാഷ്ട്രീയകാര്യങ്ങളിൽ പ്രവേശിക്കുവാനുള്ള അവകാശവും പ്രേരണയും ഇങ്ങിനെ നൽകുകയാണു ചെയ്തതു്. യോഗത്തിന്റെ ഒന്നാമത്തെ പ്രതിനിധി പ്രജാസഭയിൽ ചെയ്ത നിവേദനംതന്നെ സ്വീകരിച്ചു, പബ്ലിക്ക് സർവീസിൽ പ്രവേശനം എന്നിങ്ങനെ യോഗം തുടർന്നു നടത്തിക്കൊണ്ടിരുന്ന രാഷ്ട്രീയാവകാശങ്ങൾക്കുവേണ്ടിത്തന്നെയായിരുന്നു. സാമുദായികമായി നമുക്കു ലഭിക്കുവാനുള്ള അവകാശങ്ങൾക്കും, അവശതാപരിഹാരത്തിനും വേണ്ടി നടത്തുന്ന വാദങ്ങളും വെറും രാഷ്ട്രീയവാദങ്ങളാണെന്നു പറയുന്നവർ സാമുദായികതത്ത്വത്തേയും രാഷ്ട്രീയതത്ത്വത്തേയും തിരിച്ചറിയാത്തവരാകുന്നു. വെറും രാഷ്ട്രീയവാദമെന്നതു നിലവിലിരിക്കുന്ന ഗവർമ്മെണ്ടിനെ മറിച്ചിട്ടു മറെറാരു രീതിയിലുള്ള ഗവർമ്മെണ്ടിനെ തൽസ്ഥാനത്തു സ്ഥാപിക്കുന്നതിലേക്കുള്ള വാദമാകുന്നു. പൊളിററിക്കൽ സയൻസ് (Political science) തന്നെ (Social science) സോഷ്യൽ സയൻസിന്റെ ഒരു ശാഖയാണെന്നുള്ള കാര്യം നമ്മുടെ നിയമശാസ്ത്രവിദഗ്ദ്ധന്മാർ അറിഞ്ഞിരുന്നാൽ വേണ്ടില്ല. നമ്മുടെ വാദങ്ങൾക്കു കൂടിയപക്ഷം നല്കാവുന്ന പേരു "സോഷ്യോ പൊളിററിക്സ്" (Socio Politics) എന്നു മാത്രമാകുന്നു. സോഷ്യോളജിയുള്ളതിൽനിന്നു ഭിന്നമായി എസ്. എൻ. ഡി. പി. യോഗത്തിനു പോളിററിക്സ് ഇല്ലായെന്നുള്ള കാര്യവും, രാഷ്ട്രീയം എന്നുള്ള കുറ്റശബ്ദം കേൾക്കുമ്പോൾ ഏതാണ്ടു ഒരു ഉഷ്ടത്തെയോ ദഷ്ടത്തെയോ കണ്ടതുപോലെ അസ്വാളകുന്ന ഭീരുക്കളും ഓർമ്മിക്കേണ്ടതാണ്.



[താലികെട്ടുകാലത്തെ ഈഴവവനിത]

എസ്. ഡി. പി. യോഗം ഗവർമ്മെൻറിനോടു ആദ്യകാലങ്ങളിൽ ആവശ്യപ്പെട്ടുകൊണ്ടിരുന്നതു ഈഴവരിൽനിന്നു മതപരിവർത്തനം ചെയ്തുപോകുന്നവർക്കു നിസ്സന്ദേഹമായി ഗവർമ്മെൻറു നൽകിവന്നിരുന്ന ഉദ്യോഗങ്ങളെങ്കിലും മതംമാറാതെതന്നെ ഈഴവർക്കു നല്കുണമെന്നും സർക്കാർ പാഠശാലകളിൽ പ്രവേശനം കിട്ടണമെന്നുമായിരുന്നു. ആക്ഷേപമായതൊരാക്ഷേപവും പറയുവാൻ കഴിയാത്ത ഈ വിനീതമായ അപേക്ഷയുംകൊണ്ടു ഗവർമ്മെൻറിനെ സമീപിച്ചു വളരെനാൾ കാത്തുനിന്നിട്ടും കാര്യസിദ്ധിക്കു ആരംഭം ഉണ്ടായതു്,

---

എർണ്ണാകുളത്തിൽവെച്ചു മി. കെ. അയ്യപ്പന്റെ അദ്ധ്യക്ഷതയിൽകൂടിയ കൊച്ചി തീയ്യമഹാജനസഭയുടെ പ്രത്യേക സമ്മേളനത്തിൽ ചെയ്ത മറുപടിപ്രസംഗം]

ആദ്യം നിങ്ങളുടെ ദിവാൻജിയായിരുന്ന, പിന്നീടു ഞങ്ങളുടെ ദിവാൻജിയായിത്തീർന്ന സർ പി. രാജഗോപാലാചാരിയുടെ കാലത്തു മാത്രമാണ്. പക്ഷേ അദ്ദേഹത്തിനും നമ്മുടെ ആവലാധികൾക്കു പൂർണ്ണമായ പരിഹാരം ഉണ്ടാക്കിത്തരുവാൻ കഴിഞ്ഞില്ല. സ്കൂൾപ്രവേശനം തന്നെയും വളരെ അച്ചറച്ചു കുറേശ്ശെ കുറേശ്ശെയായി അനുവദിക്കുന്ന ഒരു നയമാണ് അദ്ദേഹം അനുവർത്തിച്ചതെങ്കിലും ഒരു മുൻസിപ്പിനേയും, ഒരു മജിസ്ട്രേട്ടിനേയും, രണ്ടു സബ്രജിസ്ട്രാർമാരെയും അദ്ദേഹം നിയമിച്ചു കണ്ടപ്പോൾ, അതുവരെ ഉന്നതവിദ്യാഭ്യാസം കൊണ്ടു ഫലമൊന്നും നാട്ടിൽ പ്രയോജനമില്ലെന്നു കരുതിയിരുന്ന ഈഴവർക്കു ഉത്സാഹം വർദ്ധിക്കുകയും ബി. എ. ക്കാരും എം. എ. ക്കാരുംബി. എൽ. ക്കാരുംമറ്റുമായ സ്വീപുരുഷന്മാർ ഉൾപ്പെടെ 400-ൽപരം ഇൻഡ്യൻ യൂനിവേഴ്സിറ്റി ഗ്രാഡുവേറ്റുകളും, ഏതാണ്ടു യൂറോപ്യൻ ഗ്രാഡുവേറ്റുകളും നമ്മുടെ ഇടയിൽ ഉണ്ടാകുകയുംചെയ്തു. ഇപ്പോഴാകട്ടെ ഏതു ഉദ്യോഗത്തിനും നമ്മുടെ ഇടയിൽ യോഗ്യത സമ്പാദിച്ചവർ ഉണ്ടായിവരികയും, ദേവസ്വം ഒഴിച്ചുള്ള എല്ലാ ഡിപ്പാർട്ടുമെൻറുകളിലും ഈഴവർക്കു ഉദ്യോഗം വഹിക്കുവാനുള്ള പ്രതിബന്ധങ്ങളും എസ്. എൻ. ഡി. പി. യോഗത്തിന്റെ ശ്രമത്താൽ തീർന്നുകിട്ടുകയും ചെയ്തിരിക്കുന്നു. ഇതിനായി യോഗംചെയ്ത ശ്രമങ്ങളും, രാഷ്ട്രീയശ്രമങ്ങളാണെന്നു പറഞ്ഞു ശങ്കനംമുടക്കുന്ന ഉപരിപ്ലവബുദ്ധികൾ അക്കാലങ്ങളിൽ ഉണ്ടാകാതിരുന്നതു ഈഴവസമുദായത്തിന്റെ സുകൃതപരിപാകംകൊണ്ടെന്നു മാത്രമേ പറയേണ്ടതുള്ളൂ.

നിയമസഭാപ്രാതിനിധ്യത്തിനുവേണ്ടി എസ്. എൻ. ഡി. പി. യോഗം വാദിച്ചുതുടങ്ങിയതു ദിവാൻ ബഹദൂർ രാഘവയ്യാ അവർകളുടെ നിയമസഭാപരിഷ്കാരത്തോടുകൂടിയാണ്. അദ്ദേഹം വോട്ടവകാശയോഗ്യത ആയിടയ്ക്കു ഇൻഡ്യയിൽ ഒരിടത്തും നടപ്പില്ലാത്തവണ്ണം അഞ്ചുരൂപ്പികയാക്കി കുറച്ചതു എസ്. എൻ. ഡി. പി. യോഗപ്രവർത്തകന്മാരുടെ ശ്രമംകൊണ്ടാണെന്നു വളരെപ്പേർ അറിഞ്ഞിട്ടുണ്ടെന്നു തോന്നുന്നില്ല. അദ്ദേഹം നിശ്ചയിച്ച ഫ്രാഞ്ചൈസുകൊണ്ടും, പൊതുനിയോജകമണ്ഡലം മുഖേന ഒരൊറ്റ സീറ്റുപോലും ഈഴവർക്കു ലഭിക്കുവാൻ കഴിവില്ലെന്നു "തക്ക യോഗ്യത"യുള്ളവരെന്നു സർവ്വസമ്മതന്മാരായ മി. എൻ. കുമാരൻ (ഐക്കോർട്ടു ജഡ്ജി), മഹാകവി കുമാരനാശാൻ മുതലായവർ തിരഞ്ഞെടുപ്പിനു നിന്നുണ്ടായ അനുഭവം വെളിപ്പെടുത്തിയിട്ടുണ്ട്. യുവാവായ ഇപ്പോഴത്തെ മഹാരാജാവു തിരുമനസ്സിലെ ഭരണാരംഭദശയിൽ വീണ്ടും നിയമസഭാപരിഷ്കാരം ഉണ്ടായപ്പോൾ മി. രാഘവയ്യായുടെ കാലത്തു നിശ്ചയിച്ച അഞ്ചുരൂപ്പിക വോട്ടവകാശയോഗ്യതയ്ക്കു യാതൊരു കുറവും വരുത്തിയില്ല. ഫാക്കൽട്ടേറ്റീവ് റെപ്രസൻറേഷൻ അനുസരിച്ചു രണ്ടു സീറ്റും, നോമിനേഷൻകൊണ്ടു രണ്ടുസീറ്റും ഈഴവർക്കു നൽകാമെന്നും, രണ്ടോ മൂന്നോസീറ്റുകൾകൂടി ഈഴവർക്കു തിരഞ്ഞെടുപ്പുകൊണ്ടു ലഭിക്കത്തക്കവണ്ണം മണ്ഡലവ്യവസ്ഥ ചെയ്യാമെന്നും കാണിച്ചു് കമ്മീണിക്കു പ്രസിദ്ധപ്പെടുത്തിയെങ്കിലും ആ കമ്മീണിക്കിൽതന്നെ "തക്ക യോഗ്യതയുള്ളവർ തിരഞ്ഞെടുപ്പിനുനിന്നു ഫലം അറിഞ്ഞശേഷമെ ഈഴവർക്കുള്ള ഫുൾകോട്ടാ എന്താണെന്നു തീരുമാനിക്കുകയുള്ളൂ." എന്നും പ്രസ്താവിച്ചിരുന്നതുകണ്ടപ്പോൾ "തക്ക യോഗ്യത"യെന്നു ഗവർമ്മെൻറ് ഉദ്ദേശിക്കുന്നതു എത്ര യോഗ്യതയെന്നും, തിരഞ്ഞെടുപ്പുകൊണ്ടോ രണ്ടോ മൂന്നോ സീറ്റുകൾ കിട്ടുന്നപക്ഷം മൻപറഞ്ഞ നാലുസീറ്റുകളിൽ വല്ല കുറവും വരുത്തുമോ എന്നും ഈ ഫുൾ കോട്ടായുടെ കണക്കു വിശദമാക്കി ഒരു കമ്മീണിക്കു ഉണ്ടാക്കണമെന്നു പ്രമേയരൂപത്തിലും, ഡെപ്യൂട്ടേഷൻമുഖേനയും ഗവർമ്മെൻറിനോടു ഈഴവർ അപേക്ഷിച്ചു. കമ്മീണിക്കു പ്രസിദ്ധംചെയ്യാമെന്നു വാഗ്ദാനം ലഭിച്ചു എങ്കിലും കുറേനാൾ കാത്തിരുന്നിട്ടും കമ്മീണിക്കു കാണാതിരുന്നതുകൊണ്ടാണ്, ഈഴവരേപ്പോലെ ഫ്രാഞ്ചൈസ് വ്യവസ്ഥയിൽ അതൃപ്തരായിരുന്ന ക്രൈസ്തവ-മുസ്ലീം സമുദായങ്ങളുമായി യോജിച്ചു് പരിഹാരത്തിനു പല ശ്രമങ്ങളും ചെയ്തു പരാജയപ്പെട്ടശേഷം മൂന്നു സമുദായങ്ങളും ചേർന്നു പ്രസിദ്ധമായ നിവർത്തനപ്രസ്ഥാനം ആരംഭിച്ചതു്. നിവർത്തനപ്രസ്ഥാനത്തിന്റെ ഫലമായി വോട്ടവകാശയോഗ്യത ഒരു രൂപയാക്കി കുറച്ചുകിട്ടുകയും, എട്ടു സീറ്റു അസംബ്ലിയിലും, രണ്ടുസീറ്റും ഒരു നോമിനേഷനും സ്റ്റേറ്റ് കൌൺസിലിലും നമുക്കു വ്യവസ്ഥപ്പെടുത്തി കിട്ടുകയും ചെയ്തു. സമുദായത്തിനു കിട്ടിയ ഈ ലാഭവും, അതിനുവേണ്ടി എന്റെ ജീവിതത്തിൽ എനിക്കു നഷ്ടപ്പെട്ട രണ്ടുകൊല്ലവും തമ്മിൽ താരതമ്യപ്പെടുത്തിനോക്കിയാൽ എന്റെ നഷ്ടം കേവലം നിസ്സാരമെന്നു മാത്രമേ ഞാൻ കരുതുന്നുള്ളൂ.

സ്കൂൾ പ്രവേശനം, പബ്ലിക്ക് സർവ്വീസ് പ്രവേശനം, നിയമസഭാ പ്രവേശനം മുതലായവയ്ക്കുവേണ്ടി എസ്. എൻ. ഡി. പി. യോഗം വാദിച്ചുകൊണ്ടിരിക്കുന്നതിനിടയ്ക്ക്, എല്ലാ പ്രവേശനങ്ങൾക്കും ഉണ്ടായിരുന്ന പ്രതിബന്ധങ്ങളുടെ സൂക്ഷ്മമായ നിദാനം, മദ്ധ്യകാലങ്ങളിൽ ഈഴവരുടെമേൽ ആരോപിതമായ അയിത്താചാരമാണെന്നും, ആ ആചാരത്തിന്റെ "ശ്രീമൂലസ്ഥാനം" ക്ഷേത്രങ്ങളാണെന്നും കണ്ടെത്തുകൊണ്ടു ക്ഷേത്രപ്രവേശനവാദവും ഈഴവർ നടത്തിയിരുന്നു. 1092-ൽ ആരംഭിച്ച ഈ വാദം പല ദശകളെ കടന്നു ഇപ്പോൾ തിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം എവിടെ എത്തിയിരിക്കുന്നു എന്നു പ്രസിദ്ധമാണല്ലൊ.

അവശതാപരിഹാരത്തിനുള്ള നമ്മുടെ വാദത്തെ ദേശീയവിരുദ്ധമായ വർഗ്ഗീയവാദമെന്നു അപവദിക്കുന്ന ചില അഭിജ്ഞമാനികൾ തിരുവിതാംകൂറിലുണ്ട്. ഇവർക്കു നമ്മുടെ "സഹോദരൻ" നൽകിയിരിക്കുന്ന സാർത്ഥകമായ പേരു "കത്തകപാലകന്മാർ" എന്നാകുന്നു. രാഷ്ട്രീയകാര്യങ്ങളിൽ ഒരു സമുദായത്തിനു മറ്റു സമുദായങ്ങളേക്കാൾ പ്രാബല്യം ഉണ്ടാകുന്നതു രാഷ്ട്രീയശരീരത്തിലെ ഒരവയവത്തിനു മാത്രം സ്ഥൂലത വരുത്തി മറ്റവയവങ്ങളെ ശോഷിപ്പിക്കുന്ന ഒരു മഹാരോഗമാണെന്നു നിങ്ങളുടെ ദിവാൻജി സർ. ഷൺമുഖത്തെപ്പോലെ ഇന്ത്യയിലെ ഭരണാധികാരികളിൽ അധികം പേരും ഇതേവരെ മനസ്സിലാക്കിയിട്ടുള്ളതായി കാണുന്നില്ല. എല്ലാ അവയവങ്ങൾക്കും സ്വാഭാവികമായി വരേണ്ട പുഷ്ടിയും ശക്തിയും ഉണ്ടായെങ്കിലല്ലാതെ രാഷ്ട്രീയ ശരീരം ആരോഗ്യകരമായി തീരുന്നതല്ല. ഈ രാഷ്ട്രീയമായ ആരോഗ്യശാസ്ത്രത്തെ അംഗീകരിക്കാതെ പ്രബലന്മാരെ പിന്നെയും പ്രബലപ്പെടുത്തുകയും, ദുർബ്ബലന്മാരെ പിന്നെയും ദുർബ്ബലന്മാരാക്കി തീർക്കുകയും ചെയ്യുന്ന ഒരു ഭരണരീതിയാണു ചരിത്രദൃഷ്ടി എത്തുന്ന കാലംമുതൽ ഹിന്ദുസ്ഥാനത്തിൽ നിലനിന്നു വന്നിരുന്നതു്. ചാതുർവ്വർണ്ണ്യത്തേയും അതിൽ നിന്നു മുളച്ചുണ്ടായ ജാതിഭേദങ്ങളേയും അടിസ്ഥാനപ്പെടുത്തി ജാതികൾക്കു ഉച്ചനീചക്രമങ്ങളും നിർണ്ണയിച്ചു പ്രബലന്മാരെ മാത്രം പ്രീണിപ്പിക്കുന്ന ഒരു സമ്പ്രദായമാണു സ്മൃതികളും ആഗമങ്ങളും കൊണ്ടു ധർമ്മശാസ്ത്രമെന്ന പേരിൽ അടിയുറപ്പിച്ചു വച്ചിരുന്ന ഹൈന്ദവഭരണരീതി. ഇതിടെ പലരും പ്രശംസിക്കാറുള്ള "ഹൈന്ദവസംസ്കാരം" ഇതുതന്നെ എങ്കിൽ ആ സംസ്കാരത്തിൽ നിന്നു നമുക്കു മോചനം നൽകണമെ എന്നു പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു. ഇന്ത്യയിലെ ജാതിക്രമ ഏർപ്പാടിനെപ്പോലെ മനുഷ്യസമുദായത്തെ ദൂഷിപ്പിച്ചു രാഷ്ട്രീയമായ ദൌർബ്ബല്യം വരുത്തുന്ന ഒരേർപ്പാടു മനുഷ്യന്റെ കുടിലമായ സ്വാർത്ഥബുദ്ധിക്കു ഇതിലധികം കായ്ക്ഷമമായ വിധത്തിൽ കണ്ടുപിടിക്കുവാൻ സാദ്ധ്യമല്ലതന്നെ. ഹിന്ദുസ്ഥാനം അലക്സാണ്ഡറുടെ കാലം മുതൽ തുടർച്ചയായി പല വിദേശീയാക്രമണങ്ങൾക്കും വിധേയമായിത്തീർന്നതും വിദേശീയമേധാവിത്വത്തിനു കീഴ്പ്പെട്ടിരിക്കുന്നതിനുള്ള വാസ്തവമായ ഹേതു ഇതാണെന്നു ചരിത്രപണ്ഡിതന്മാരും മറ്റു ചിന്തകന്മാരും മാത്രമല്ല ഇന്നത്തെ രാഷ്ട്രീയനേതാക്കന്മാരും വ്യക്തമായും മുക്തകണ്ഠമായും അഭിപ്രായപ്പെട്ടിട്ടും ആ സ്ഥിതിക്കു ഒരു പരിവർത്തനം വരുത്തി രാഷ്ട്രീയശരീരത്തിന്റെ എല്ലാ അവയവങ്ങളും യഥായോഗ്യം ശക്തി പ്രാപിക്കുവാൻ അത്യാവശ്യമായ ചികിത്സ നടത്തുവാൻ ഞങ്ങളുടെ ശ്രീ ചിത്തിരതിരുനാൾ മഹാരാജാവു തിരുമനസ്സിലേക്കല്ലാതെ മറ്റൊരു ഭരണാധികാരിക്കും ധൈര്യമുണ്ടായതായി നമുക്കു അനുഭവമില്ല; ചരിത്രം വെളിപ്പെടുത്തുന്നുമില്ല. രാഷ്ട്രീയപ്രാബല്യംകൊണ്ടും, വിദ്യാഭ്യാസംകൊണ്ടും, സമ്പൽസമൃദ്ധികൊണ്ടും, കിങ്കരസംഘങ്ങളെക്കൊണ്ടും, പ്രബലന്മാരായിരിക്കുന്ന സമുദായങ്ങളുടെ ചിരപ്രതിഷ്ഠിതങ്ങളായ സ്ഥാപിതാവകാശങ്ങൾക്കു സുഖകരമായ പരിവർത്തനങ്ങളും സാവകാശമായി വരുത്തി എല്ലാപ്രജകൾക്കും സമുദായവാസനുഭവം കൈവരുത്തുന്ന ക്ഷേത്രപ്രവേശനവിളംബരം പോലെ ഒരു വിളംബരം പ്രസിദ്ധപ്പെടുത്തുവാൻ മറ്റു ചില മഹാരാജാക്കന്മാർക്കു കഴിയാതെ വന്നതിൽ ഞാൻ ലേശം അത്ഭുതപ്പെടുന്നില്ല.

തിരുവിതാംകൂറിൽ രാഷ്ട്രീയമായും സാമുദായികമായും ഇന്നുണ്ടായിരിക്കുന്ന പരിവർത്തനങ്ങളും വന്നു കാണണമെന്നു ആഗ്രഹം മാത്രമേ ഞാൻ ജയിലിനുള്ളിൽ കയറുന്നതുവരെ എനിക്കുണ്ടായിരുന്നുള്ളൂ. പബ്ലിക്ക് സർവ്വീസിൽ അവശസമുദായങ്ങൾക്കു ന്യായമായ പങ്കു പൂർണ്ണമായി ലഭിക്കുന്നതിനു കാലവിളംബം വരുമെന്നുള്ളതു സമ്മതിച്ചേ തീരൂ എങ്കിലും, കാലത്തെ, കഴിയുന്നതു അകലത്താക്കാൻ ഉദ്യോഗങ്ങളും അനർഹമായി കരസ്ഥമാക്കിയിട്ടുള്ള ചിലർ പ്രയോഗിക്കുന്ന തന്ത്രങ്ങളിൽ നിന്നു തിരുവിതാംകൂറിനെ മോചിപ്പിക്കുവാനുള്ള ശ്രമമേ ഈ കാര്യത്തിൽ ഇനി സംയുക്ത സമുദായങ്ങളും ചെയ്യേണ്ടതായിട്ടുള്ളൂ. ഉദ്യോഗത്തെ ധ്യാനിച്ചുകൊണ്ടു ഉന്നതബിരുദം നേടി ഉദ്യോഗാർത്ഥികളായി നടക്കുന്ന ചെറുപ്പക്കാർ അതിനായി ശ്രമിക്കുകയോ, എല്ലാപ്പണിയിൽ ഉദ്യോഗം കരസ്ഥമാക്കുവാൻ നല്ല ഉപായമെന്നു വിശ്വസിച്ചുകൊണ്ടു ഈയിടെ ചിലർ തുടങ്ങിയിരിക്കുന്നതുപോലെ എസ്. എൻ. ഡി. പി. യോഗത്തെയും എന്നെയും മുക്തകണ്ഠം ശകാരിച്ചു നടന്നു ചിലരുടെ സേവ പിടിക്കുകയോ എ

ന്താണ വേണ്ടതെന്ന ഉദ്യോഗാത്ഥികൾതന്നെ ആലോചിച്ചു പ്രവത്തിക്കേണ്ടതാണ്. സ്വതന്ത്രമായ തൊഴിൽചെയ്യ മാനമായി ജീവിക്കാമെന്ന ധൈര്യമില്ലാത്തവർ മാത്രമേ സക്കാർ ഉദ്യോഗത്തിന ആത്തിപിടിച്ചു ഇങ്ങനെയുള്ള ദുർവ്യാപാരങ്ങളിൽ ഏപ്പെടുകയുള്ള. അവരുടെ ആത്തിയുടെ അടിയിൽ കിടക്കുന്നതു അനായാസമായ ധനാജ്ജനത്തിന സക്കാർ ഉദ്യോഗംപോലെ സൌകയ്യം നൽകുന്ന ഒരു തൊഴിൽ ഇല്ലെന്നുള്ളതാകുന്ന. ചില ഉദ്യോഗസ്ഥന്മാർ അവക്ക കിട്ടുന്ന ശമ്പളംമുഴുവൻ ചിലവിട്ടാൽപോലും നിമ്മിക്കുവാൻ കഴിയാത്തവണ്ണമുള്ള രമ്യഹമ്മ്യങ്ങളും നിമ്മിക്കുന്നതും, പലതലമുറകൾക്ക കഴിയുവാൻ തക്കവണ്ണം വസ്തുവകകളും സമ്പാദിക്കുന്നതും കാണുമ്പോൾ സക്കാർഉദ്യോഗത്തിന ഇങ്ങനെ ചിലക്ക ആർത്തിയുണ്ടാകുന്നതു ഒട്ടും അത്ഭുതമല്ല. സക്കാർ സവ്വീസിന്ന ദുർമ്മാഹികളായ ഉദ്യോഗസ്ഥന്മാരെക്കൊണ്ടു വന്തുകൂടിയിട്ടുള്ള മാലിന്യങ്ങളും നിശ്ശേഷം നിമ്മാജ്ജനംചെയ്യ കളവാൻ ക്ഷേത്രപ്രവേശനവിളംബര പ്രഖ്യാപനത്തിൽ ശ്രീചിത്തിരതിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ടു പ്രദർശിപ്പിച്ച ധീരത തന്നെ പ്രദർശിപ്പിക്കുമെങ്കിൽ "വാനവർനാട്ട" (സ്വർഗ്ഗരാജ്യം) എന്ന പണ്ടാരോ നൽകിയ നാമം തിരുവിതാംകൂറിന നിശ്ചയമായും സാത്ഥകമായി തീരുന്നതാണ്.

മഹാജനങ്ങളെ,

ഞാൻ ജയിലിനുള്ളിലേക്ക പോയപ്പോൾ ഞാനൊരു അയിത്തജാതിക്കാരനായിരുന്ന. ജയിലിൽനിന്ന ഞാൻ പുറത്തുവന്നതു അയിത്തമില്ലാത്ത ജാതിക്കാരനായിട്ടാണ്. ഞാൻ അയിത്തമില്ലാത്തവനായി തീന്നതുകൊണ്ടു ജയിലിൽനിന്ന പുറത്തിറങ്ങിയശേഷം തിരുവിതാംകൂറിന്റെ പലഭാഗങ്ങളിലും സ്വതന്ത്രനായി സഞ്ചരിച്ചിരുന്ന. തിരുവിതാംകൂറിന്റെ അതിർത്തിവിട്ട കൊച്ചീരാജ്യത്തിലേക്ക പ്രവേശിച്ചപ്പോൾ എനിക്ക ഏതു വഴിയേക്കുടി നടക്കാം, ഏതുവഴിയേക്കുടി നടക്കാൻപാടില്ല എന്നുള്ള പരിഭ്രമമാണുണ്ടായിരിക്കുന്നതു. ഭാഗ്യവശാൽനിങ്ങളെന്നെ സ്വീകരിച്ചു വഴികാണിച്ചു മുമ്പെ നടന്നതുനിമിത്തം നിങ്ങൾ കാണിച്ച വഴിയേ നടന്ന അബദ്ധമൊന്നും പിണയാതെ ഞാനിവിടെ വന്തുചേന്ന. ഇനി നിങ്ങൾതന്നെവഴികാണിച്ചു എന്നെ ഈ നാട്ടിൽനിന്ന എന്റെ നാട്ടിന്റെ അതിത്തിക്കകത്തു എത്തിച്ചുതരണമെന്ന അപേക്ഷിക്കുന്ന. ജയിൽവാസകാലത്തുപോലും എന്റെ ഹൃദയം ഈ അയിത്ത ജയിലിലെ അസ്വതന്ത്രത അനുഭവിച്ചിരുന്നില്ല എന്ന ഞാൻ ഭംഗിക്കുവേണ്ടി പറകയല്ല. എന്റെ ആത്മാഭിമാനം അത്യന്ത വേദനപ്പെട്ടു പറകയാണ്. ഒരു ജാതിക്കാരനെ അയിത്ത ജാതിക്കാരനെന്ന പറവാൻ മറെറാരു ജാതിക്കാരന എന്തവകാശം എന്ന എനിക്ക മനസ്സിലാകുന്നില്ല. ഇവിടത്തെ അയിത്തത്തിന്റെ കണക്ക തന്നെ എനിക്ക നിശ്ചയമില്ല. ഇവിടത്തെ ഒരീഴവ മജിസ്ട്രേട്ടിന്റെ മുമ്പാകെ ഒരു ബ്രാഹ്മണ ജാതിക്കാരൻ "ഈഴവൻ തീണ്ടാപ്പാടി"ന്റെ കണക്ക പറഞ്ഞതായി ഞാൻ കേട്ടിട്ടുണ്ട്. മലബാറിൽ ഒരു കേസിൽ മറെറാരു ബ്രാഹ്മണസാക്ഷിക്കാരൻ "ശൂദ്രൻ തീണ്ടാപ്പാടി"ന്റെ കണക്ക പറഞ്ഞതായും കേട്ടിട്ടുണ്ട്. സർ. സി. ശങ്കരൻനായരുടെ തീണ്ടലിന്റെ കണക്കാണ ആ ബ്രാഹ്മണൻ പറഞ്ഞതെന്നും ഓക്കണം. പലയിടത്തും പലതായിരിക്കുന്ന ഈ തീണ്ടാപ്പാടുകണക്ക യഥാർത്ഥത്തിൽ എത്രയാണെന്ന എനിക്ക നിശ്ചയമില്ല. കൊച്ചിയുടെയും തിരുവിതാംകൂറിന്റേയും വകയായി രണ്ടു ക്ഷേത്രങ്ങൾ ഒരു മതിൽക്കകത്തു പൂത്തോട്ടയിൽ സ്ഥിതി ചെയ്യുന്നുണ്ട്. പൂത്തോട്ടാക്ഷേത്രത്തിൽ മി. ടി. കെ. മാധവൻ പ്രവേശിച്ചതായി ഒരു കേസുണ്ടായപ്പോൾ "പഞ്ചവിംശതി ദണ്ഡാന്തേ" (ഇരുപത്തഞ്ചു ദണ്ഡു അല്ലെങ്കിൽ 250 അടി അകലെ) വേണം ഈഴവൻനില്ക്കേണ്ടതെന്ന ഈഴവൻ തീണ്ടാപ്പാടിന്റെ നീണ്ട കണക്കുണ്ടാക്കിയ "മഹാദൈവത്യം" എന്ന അന്നുവരെ ആരും കേട്ടിട്ടില്ലാത്ത ഒരു പ്രമാണം അവിടത്തെ തന്ത്രി ബ്രാഹ്മണൻ ഹാജരാക്കിയതായി കേട്ടിട്ടുണ്ട്. ഇതു അവ്യവസ്ഥിതവും, അത്യന്തം വികൃതവുമായ ഈ ദുരാചാരം നിവൃത്തലാക്കി ഒരു തിരുവെഴുത്തു വിളംബരം ഉണ്ടാകണമെന്ന ഇവിടത്തെ മഹാരാജാവു തിരുമേനിയോടു അപേക്ഷിക്കുന്നതായി ഒരു റസ്സലൂഷൻ ഇവിടത്തെ നിയമസഭയിൽതന്നെ കുറെമുമ്പു പാസ്സായിട്ടുണ്ടെന്ന ഞാൻ കേട്ടിട്ടുണ്ട്. പക്ഷെ, ഇപ്പോൾ നാടുവാഴുന്ന തിരുമേനിയുടെ ശ്രദ്ധയിൽ അതു ആരും കൊണ്ടുവന്നിട്ടില്ലായിരിക്കാം. പറയുന്ന ഴന്നെള്ളിച്ചുപോകുമ്പോൾ വഴിയരികേയുള്ള ചെത്തുതെങ്ങുകളിൽനിന്ന മാട്ടം ഇറക്കണമെന്ന ഇവിടെ പണ്ടേയുണ്ടായിരുന്ന കീഴ്നടപ്പു നമുക്ക സങ്കടകരമാണെന്ന തിരുമനസ്സുകൊണ്ടറിഞ്ഞപ്പോൾ ആ കീഴ്നടപ്പിനെ ഉടനടി ഭേദപ്പെടുത്തി പ്രഖ്യാപനം ഉണ്ടായതു നിങ്ങൾ അറിഞ്ഞിരിക്കുകയാണല്ലൊ. അതുപോലെ അയിത്താചാരംകൊണ്ടു നമുക്കുള്ള സങ്കടവും ആത്മാഭിമാനഭംഗവും എത്രമാത്രമാണെന്ന തിരുമനസ്സറിയിക്കാമെങ്കിൽ നിശ്ചയമായും പ്രജാവത്സലനായ തിരുമനി അയിത്താചാരത്തെ ഈ നാട്ടിൽനിന്ന നിഷ്കാസനം ചെയ്യാതിരിക്കയില്ലെന്നാണ എന്റെ ദൃഢമായ വിശ്വാസം.

ക്ഷേത്രപ്രവേശനവിഷയമായി ഇപ്പോൾ നിങ്ങൾ നടത്തിവരുന്ന നിയമാനുസരണവും, ശാന്തവുമായ പ്രക്ഷോഭണത്തെ സ്ഥിരമായി നടത്തിക്കൊണ്ടിരുന്നാൽ അതിന്ന അപരിമേയ ഫലപ്രാപ്തിയുണ്ടാകുമെന്നുള്ളതു നിശ്ചയമാണ്. മഹാരാജാവു തിരുമനസ്സുകൊണ്ടു ക്ഷേത്രപ്രവേശനം അനുവദിക്കുവാൻ സന്നദ്ധനാകാത്തതു തിരുമനസ്സിലെ പ്രജകളിൽ ഒരു വലിയ വിഭാഗമായ നമ്മോടും, നമ്മേക്കാൾ അവശരായുള്ളവരോടും തിരുമനസ്സിലേക്ക വാത്സല്യമില്ലാഞ്ഞിട്ടല്ലെന്ന അധഃകൃതോദ്ധാരണവിഷയത്തിൽ തിരുമനസ്സുകൊണ്ടു പ്രദർശിപ്പിക്കുന്ന താല്പര്യം പ്രത്യക്ഷമാകുന്നുണ്ടല്ലൊ. പബ്ലിക്ക സവ്വീസിനേയും, നിയമസഭാപ്രതിനിധ്യത്തേയും സംബന്ധിച്ചു തിരുമനസ്സിലെ ഗവമ്മെൻറു ചെയ്തിട്ടുള്ള ഏറ്റവാട്ടകളും ഏറെറവും തൃപ്തികരങ്ങളാണ്. 100 ഉറുപ്പിക വരെ ശമ്പളമുള്ള എല്ലാ ഉദ്യോഗങ്ങളും കമ്മ്യൂണൽ റൊട്ടേഷൻ അനുസരിച്ചു ജനസംഖ്യാനുപാതികമായി എല്ലാ സമുദായങ്ങൾക്കും നൽകുവാൻ തിരുമനസ്സിലെ ഗവമ്മെൻറു ചെയ്തിരിക്കുന്ന ഏറ്റവാട്ട തിരുവിതാംകൂർകാരായ ഞങ്ങൾക്ക അസൂയ ജനിപ്പിക്കുന്നുണ്ട്. തിരുവിതാംകൂറിൽ 150 രൂപവരെ ശമ്പളമുള്ള ഉദ്യോഗങ്ങൾ രണ്ടുതരമാക്കിയിട്ടുണ്ട്. അതിൽ ഒരുതരം 20 ഉറുപ്പികക്ക താഴെയുള്ള ഉദ്യോഗങ്ങളാണ്. ആതരം ഉദ്യോഗങ്ങൾ കമ്മ്യൂണൽ റൊട്ടേഷൻ ക്രമത്തിന ജനസംഖ്യാനുപാതികമായിതന്നെ അനുവദിച്ചിരിക്കുന്നു എന്ന പേരു വരുത്തിക്കൊണ്ടു പാവപ്പെട്ട ബ്രാഹ്മണരുടെയും പള്ളിക്കുടം വാദ്ധ്യാന്മാരുടെയും ഉദ്യോഗങ്ങൾ, അപ്പത്തിന്റെ മദ്ധ്യം കടിച്ചെടുക്കുംപോലെ, മാററിവച്ചിട്ടുണ്ട്. 20 മുതൽ 150 വരെ ശമ്പളമുള്ള ഉദ്യോഗങ്ങളിൽ 40 ശതമാനം മാത്രമെ കമ്മ്യൂണൽ റൊട്ടേഷനു വച്ചിട്ടുള്ള. എന്നാൽ ആക്ററിംഗ് സർവീസുകാരായ ഒരു വലിയ പട്ടാളം കിടപ്പുള്ളതിനെയെല്ലാം തൃപ്തിപ്പെടുത്തിയ ശേഷമേ ഈ രണ്ടിനത്തിലും ഉള്ള ഉദ്യോഗങ്ങളെ നാം മോഹിക്കേണ്ടതുള്ള. പിന്നെയും എന്തെല്ലാമൊ കുഴപ്പങ്ങൾ ഈ വ്യവസ്ഥകളിൽ പലതവണയായി വരുത്തിവച്ചിട്ടുണ്ടെന്ന ചിലർ പറയുന്നതിന്റെ സൂക്ഷ്മസ്ഥിതി എന്തെന്ന മനസ്സിലാക്കുവാൻ എനിക്ക കഴിഞ്ഞിട്ടില്ല. നമ്മുടെ സമുദായക്കാക്ക തിരുവിതാംകൂറിൽ ഉദ്യോഗം ലഭിക്കുന്നതു ഒരവസ്ഥയിൽ സമുദായത്തിന ആപൽക്കരമാണെന്ന എനിക്ക തോന്നാതെയിരിക്കുന്നില്ല. സമുദായത്തെ ഉപകരണമാക്കി ഉദ്യോഗത്തിൽ പ്രവേശിച്ച പലരും സമുദായത്തിന്റെ അവകാശവാദങ്ങളിൽ ഉപദ്രവകാരികളായിട്ടാണ് കണ്ടുവരുന്നതു. ആ അനത്ഥം നിങ്ങൾക്ക അനുഭവമാകാതെ ഇരിക്കട്ടെ എന്ന ഞാൻ പ്രാത്ഥിക്കുന്ന.

മഹാജനങ്ങളെ,

കൊച്ചിയിലെ തീയ്യമഹാജനസഭയിൽനിന്നും യൂത്ത്ലീഗിൽനിന്നും മംഗളാശംസാപത്രങ്ങൾ നിങ്ങൾ എനിക്ക സമ്മാനിച്ചിരിക്കുന്ന. ആ മംഗളപത്രങ്ങളിൽ എന്നെക്കുറിച്ചു പ്രസ്താവിച്ചിട്ടുള്ള സ്തുതിവചനങ്ങൾക്ക ഞാൻ അർഹനായി തീന്നാൽ കൊള്ളാമെന്ന എനിക്ക ആഗ്രഹമുണ്ടെങ്കിലും ഇപ്പോൾ അതിനുള്ള അർഹത എനിക്കുണ്ടെന്ന ഞാൻ വിശ്വസിക്കുന്നില്ല. സമുദായത്തിന്റെ സാമ്പത്തികോന്നമന വിഷയത്തിലാണ് നാം ഇനി പ്രധാനമായി ശ്രമിക്കേണ്ടതു. സമുദായത്തിലെ യുവജനങ്ങളുടെ സഹകരണമാണ് അതിന്ന അത്യന്തം ആവശ്യമായിരിക്കുന്നതു. ബാലന്മാക്കും, കർമ്മശക്തി നശിച്ച വൃദ്ധന്മാക്കും, ലോകത്തിൽ കായ്മൊന്നുമില്ല. ബാലന്മാർ അത്യാവശ്യമായ അഭ്യസനം നടത്തി ലോകരംഗത്തിൽ പ്രവേശിക്കേണ്ടവരും വൃദ്ധന്മാർ ലോകരംഗത്തോടു യാത്ര പറഞ്ഞു പിരിയുവാൻ ഒരുങ്ങേണ്ടവരുമാണ്. ഇന്നുമാത്രമല്ല എന്നും ലോകം യുവജനങ്ങൾക്കുള്ളതാകുന്ന. ലോകം നന്നാകുകയൊ ചീത്തയാകുകയൊ ചെയ്യുന്നതു യുവജനങ്ങളുടെ ശ്രമത്തെ ആശ്രയിച്ചാകുന്ന. "സംഘടനകൊണ്ടല്ലാതെ സമുദായത്തിന ശക്തിയും, പുരോഗമനത്തിൽ നിപുണതയും" ഉണ്ടാകുന്നതല്ലെന്ന ശ്രീനാരായണഗുരുസ്വാമിയുടെ സന്ദേശവും ലോകഗതിയും നമ്മെ വ്യക്തമായി ബോധപ്പെടുത്തുന്നുണ്ടല്ലൊ. കൊച്ചി തീയ്യമഹാജനസഭ ആരംഭിച്ചിട്ട് 22 കൊല്ലമായി എങ്കിലും ഇതുവരെ അതിന സംസ്ഥാനം ഒട്ടുക്കുള്ള തീയ്യരെ സംഘടിപ്പിക്കുവാൻ കഴിവുണ്ടായിട്ടില്ലെന്നു കാണുന്നതു ശോചനീയമായിരിക്കുന്ന. ഇന്നുമുതൽ തീയ്യമഹാജനസഭയെ എസ്. എൻ. ഡി. പി. യോഗമാക്കി പരിവർത്തനം ചെയ്യിക്കുവാൻ നിങ്ങൾ നിശ്ചയിച്ചിട്ടുണ്ടെന്നറിഞ്ഞു ഞാൻ സന്തോഷിക്കുന്ന.

കേരളംഒന്നാകെ എടുത്തു നോക്കുമ്പോൾ ജനസംഖ്യകൊണ്ടും ധനോല്പാദനപരമായ കൃഷി, കൈത്തൊഴിൽ, കച്ചവടം ഇവകൊണ്ടും ഏറ്റവും മുന്നണിയിൽ നില്ക്കുന്ന സമുദായക്കാരാണ് നമ്മൾ. സംഘടിതശക്തിയുടെ അഭാവംകൊണ്ടു നമ്മെ മറെറാ സമുദായങ്ങൾ

കോഴഞ്ചേരിക്കുശേഷം അഥവാ എന്റെ രാജയിൽജീവിതം

രാജശ്രീ സി. കേശവൻ ബി. എ., ബി. എൽ-അവർകളുടെ ആത്മകഥാകഥനം; ലളിതവും ഉജ്ജ്വലവും വികാരതരളിതവുമായ ഭാഷയിൽ എഴുതിയിട്ടുള്ള ഒരു വിശിഷ്ടസാഹിത്യഗ്രന്ഥം.

വില രൂപാ ൧

1113 വൃശ്ചികം 15-ാംനു- പുസ്തകം പ്രതീക്ഷിക്കുക. അപേക്ഷകൾ മുമ്പേ രജിസ്റ്റർ ചെയ്തിരിക്കേണ്ടതാകുന്നു.

മാനേജിംഗ് എഡിറ്റർ,
കൗമുദി, തിരുവനന്തപുരം

ചിരകാലം ചൂഷണം ചെയ്തതിന്റെ ഫലമായി നാം കേവലം ശക്തിഹീനരും ദരിദ്രരുമായിത്തീർന്നിരിക്കുന്നു. ഈ സ്ഥിതിയിൽ നിന്നു നമുക്കുയരണമെങ്കിൽ സംഘടിതമായ പരിശ്രമം അനപേക്ഷണീയമാണ്. എസ്. എൻ. ഡി. പി. യോഗത്തിന്റെ സംഘടന കഴിഞ്ഞ മുപ്പത്തിരണ്ടു കൊല്ലത്തെ പ്രവർത്തനംകൊണ്ടു എന്തെല്ലാം മഹൽക്കാര്യങ്ങൾ സാധിച്ചു എന്നു കണ്ടറിഞ്ഞ നിങ്ങൾക്കു അതുപോലെയുള്ള ഒരു സംഘടന ഇവിടേയും സ്ഥാപിക്കുന്നതിനു ആഗ്രഹം ജനിച്ചതിൽ അത്ഭുതമില്ല. കൊച്ചി സംസ്ഥാനത്തു ഇന്നു ആരംഭിക്കുന്ന ഈ എസ്. എൻ. ഡി. പി. സംഘടന മലബാർ ജില്ലയിലും കൂടി വ്യാപിച്ചു കേരളമൊട്ടുക്കുള്ള സുസംഘടിതമായ ഒരു തീയസമുദായത്തെകണ്ടു കൺകുളിക്കാനുള്ള മഹാഭാഗ്യം എനിക്കുണ്ടാകുമെന്നു തന്നെ ഞാൻ ദൃഢമായി വിശ്വസിക്കുന്നു.

ഒരു വാക്കുകൂടി പറഞ്ഞുകൊണ്ടു ഞാൻ എന്റെ പ്രസംഗത്തെ ഉപസംഹരിച്ചുകൊള്ളാം. അതു നിങ്ങളുടെ ദിവാൻജിയായിരിക്കുന്ന സർ. ആർ. കെ. ഷൺമുഖം ചെട്ടി അവർകളെക്കുറിച്ചാണ്. അദ്ദേഹം ഇൻഡ്യൻ രാഷ്ട്രീയരംഗത്തിൽ സ്ഥായിയായി പ്രശസ്തിസമ്പാദിച്ച ഒരു മാന്യദേഹമാണ്. അധ:കൃത വർഗ്ഗങ്ങളുടേയും പിന്നോക്കം നില്ക്കുന്ന സമുദായങ്ങളുടെയും ഉന്നമനകാര്യത്തിൽ ഇത്ര ഫലപ്രദമായി വണ്ണം പരിശ്രമിച്ചിട്ടുള്ള ഒരു ഇൻഡ്യൻ സ്റ്റേറ്റ്സ്മാൻ വേറെ അധികം ഉണ്ടോഎന്നു എനിക്കു സംശയമാകുന്നു. സാധുജനങ്ങളുടെ രാഷ്ട്രീയവും സാമ്പത്തികവുമായ പുനരുദ്ധാരണത്തിനു വർഗ്ഗീയ പ്രാതിനിധ്യം അത്യന്താപേക്ഷിതമാണെന്നു വിശ്വസിച്ചു ആവഴിക്കുള്ള പൊതുജന സേവനമാണ് അദ്ദേഹം ഏബ്രിട്ടീഷിൻഡ്യയിൽ അനുഷ്ഠിച്ചതു്. കൊച്ചി ദിവാൻപദത്തിൽ വന്നതിനുശേഷം അദ്ദേഹത്തിന്റെ പ്രസംഗങ്ങളും പ്രവൃത്തികളും ഏതുതരത്തിലായിരുന്നു എന്നു നിങ്ങൾക്കു നല്ലപോലെ അറിവുള്ളതാണ്. ദേശീയം, ദേശീയം എന്നു ഉച്ചൈസ്വരം ഉൽഘോഷിച്ചുകൊണ്ടു വർഗ്ഗീയകുത്തക സംരക്ഷിക്കുന്ന സ്വാർത്ഥരാജ്യതന്ത്രജ്ഞന്മാരുടെ വർഗ്ഗീയ പ്രാതിനിധ്യമാണ് ശാസ്ത്രീയമായ ദേശീയത്വമെന്ന അനുഭവംകൊണ്ടു തന്നെ നിങ്ങളുടെ കൊച്ചിശീമയിൽ അദ്ദേഹം കാണിച്ചു കൊടുത്തിരിക്കുന്നു. അദ്ദേഹത്തിന്റെ ഏതാട്ടശങ്ങളായ അപദാനങ്ങളിൽ സ്നേഹത്തോടും അനുകമ്പയോടും കൂടി അദ്ദേഹത്തെ പ്രോത്സാഹിപ്പിക്കുക മാത്രമേ ഈ സന്ദർഭത്തിൽ നിങ്ങൾ ചെയ്യേണ്ടതായിട്ടുള്ളൂ.

നിയമസഭാ പ്രാതിനിധ്യവിഷയമായി ഈയിടെ അദ്ദേഹം ചെയ്ത തീരുമാനം നിങ്ങളിൽ ചിലർക്കു അതൃപ്തിയുണ്ടാക്കിയിട്ടുണ്ടെങ്കിലും അതിനുള്ള ഉത്തരവാദിത്വം നിങ്ങളിൽ തന്നെയാണ് സ്ഥിതിചെയ്യുന്നതു്. രണ്ടു സീറ്റുമാത്രം നിങ്ങൾക്കുണ്ടായിരുന്ന നിയമസഭയിൽ 5 സീറ്റു ഇപ്പോൾ അനുവദിച്ചു കിട്ടിയതു ഒരു വലിയ നേട്ടമാകുന്നു. വലിയ പ്രക്ഷോഭണമൊന്നും കൂടാതെയാണു ഇതു നിങ്ങൾക്കു കിട്ടിയതെന്നോർക്കുമ്പോൾ സർ. ഷൺമുഖത്തിന്റെ പേരിൽ കൂടുതലായ കൃതജ്ഞതയാണ് നിങ്ങൾക്കുണ്ടായിരിക്കേണ്ടതെന്നു ഞാൻ വിചാരിക്കുന്നു പബ്ലിക്ക് സർവീസിനെ കുറിച്ചു അദ്ദേഹം ചെയ്ത തീരുമാനം നിയമസഭാ തീരുമാനത്തോടു ചേർത്തു നോക്കുമ്പോൾ സർ. ഷൺമുഖം അല്ലാതെ മറ്റൊരു ദിവാൻജി ആയിരുന്നു കൊച്ചിയെ ഈ സന്ദർഭത്തിൽ ഭരിച്ചിരുന്നുവെങ്കിൽ ഇത്ര എളുപ്പത്തിൽ ഈ കാര്യം സാധ്യമായി വരുമായിരുന്നു എന്നു എനിക്കു തോന്നുന്നില്ല. പൊതു നിയോജകമണ്ഡലങ്ങളിൽ തിരഞ്ഞെടുപ്പിനു നില്ക്കുവാനുള്ള അവകാശം നഷ്ടപ്പെട്ടുപോയതു വളരെ പരിതാപകരമായ ഒരു കാര്യമാകുന്നു. എന്നാൽ അതിനു ഉത്തരവാദികം നിങ്ങൾ തന്നെയാണ്. യഥാകാലം നിങ്ങൾ അതിനു ശ്രമിച്ചിരുന്നുവെങ്കിൽ മഹമ്മദീയരുടെ കാര്യത്തിൽ അദ്ദേഹം ചെയ്ത തീരുമാനം പോലെ അനുകൂലമായ ഒരു തീരുമാനം നിങ്ങൾക്കും ലഭിക്കുമായിരുന്നു. ക്ഷേത്രപ്രവേശന കാര്യത്തിൽ അദ്ദേഹം വാസ്തവത്തിൽ അനുകൂലിയാണെങ്കിലും അതനുവദിപ്പിക്കുന്ന കാര്യത്തിൽ അദ്ദേഹത്തിനുള്ള പ്രയാസം എന്താണെന്നു നിങ്ങൾ അറിഞ്ഞിട്ടുള്ളതാണ്. യഥാകാലം അദ്ദേഹം അതും സാധിച്ചുതരാതിരിക്കയില്ലെന്നാണ് എന്റെ വിശ്വാസം. കൊച്ചിയിലെ വിദ്യാഭ്യാസസ്ഥിതിയും ഇവിടത്തെ ജനങ്ങളുടെ രാഷ്ട്രീയ പ്രബുദ്ധതയും ആലോചിച്ചാൽ ഉത്തരവാദഭരണസ്ഥാപനത്തിനു കൊച്ചിയേയും തിരുവിതാംകൂറിനേയും പോലെ പരിപക്വമായ നാട്ടുരാജ്യങ്ങൾ ഇന്ത്യയിലുണ്ടെന്നു തോന്നുന്നില്ല. എവിടെയായിരിക്കും ഇതു ആദ്യം ഉണ്ടാകാൻ പോകുന്നതെന്നുള്ള കാര്യത്തിൽ മാത്രമെ എനിക്കു സംശയമുള്ളൂ.

എന്റെ ഈ പ്രസംഗം ഞാൻ വിചാരിച്ചതിലധികം ദീർഘിച്ചു പോയിട്ടുണ്ട്. ക്ഷമയോടുകൂടി ഇത്രയും നേരം ശ്രദ്ധിച്ചു കൊണ്ടിരുന്നതിനും നിങ്ങൾ എനിക്കു ചെയ്തിട്ടുള്ള എല്ലാ ഉപചാരങ്ങൾക്കും ബഹുമതികൾക്കും എനിക്കു നൽകിയിട്ടുള്ള രണ്ടു മംഗളപത്രങ്ങൾക്കും പ്രത്യേകം പ്രത്യേകം എന്റെ അകൈതവമായ വന്ദനങ്ങളും പറഞ്ഞുകൊണ്ടു ഞാൻ വിരമിച്ചുകൊള്ളുന്നു.

——

H. H. THE MAHARAJA'S BIRTHDAY SOUVENIR

The "Hindu" says:—

"In connection with the birthday celebration of the Maharaja of Travancore, a souvenir, entitled "Travancore Birthday Souvenir" has been published by Mr. Thayyil K. Vasudevan B. A. for the South Indian Advertising Co., Trivandrum. The Souvenir contains a number of articles, among which are a sketch of the Maharaja by Mahakavi Ullur, the cocoanut industry by Mr. N. G. Haydon and the cottage industries of Travancore by Mr. K. C. Karunakaran. Sir C. P. Ramaswami Aiyar pays a tribute to the Maharaja's ideals and aspirations and appeals to the people to be worthy of their Ruler. Mahatma Gandhi, in an article explaining the significance of the Temple-Entry Proclamation, exhorts the people to respond to it in the spirit in which it had been given to them by their Maharaja. Dr. Cousins explains the place of Art in Education in an article, while Sir Purushottamdas Thakurdas gives sound advice on commerce as a career. A brief note on places of interest in the State has also been added. The Souvenir, which is well got up on art paper, contains pictures of the members of the Royal family and places of interest in the State. It is priced at annas eight a copy."

Everyone will be proud to own a copy of this beautiful publication with more than 30 half-tone blocks. Postage free by Anchal: in India 2 1/2 annas and outside 5 annas extra.

Agents wanted in Ceylon, Singapore and Penang.

South Indian Advtg. Co., 3, Punnen Rd., Trivandrum

—o—

മി. അയ്യപ്പന്റെ നിയമസഭാ പ്രവർത്തനം

(ടി. അച്യുതൻ)

കഴിഞ്ഞ നിയമസഭാതിരഞ്ഞെടുപ്പുകാലത്തു വോട്ടറന്മാരോടു ശ്രീമാൻ അയ്യപ്പൻ ബി. എ. എം. എൽ. സി. ചെയ്തിരുന്ന അപേക്ഷ നമ്മളിൽ അധികംപേരും ഓർക്കുന്നുണ്ടായിരിക്കുമല്ലൊ. അതിനാൽ ശ്രീമാൻ അയ്യപ്പൻ അവർകൾ കൊച്ചിരാജ്യത്തിനു പൊതുവെയും ഈഴവസമുദായത്തിനു പ്രത്യേകിച്ചും ചെയ്തിട്ടുള്ള നിസ്തുല്യമായ സേവനങ്ങളിൽ ചിലവയെമാത്രം അദ്ദേഹത്തിനു പ്രകൃത്യാ ഉള്ള വിനയത്തോടുകൂടി, ആത്മപ്രശംസയുടെ കണികപോലും കലരാത്ത ഭാഷയിൽ നമ്മെ ഓർമ്മപ്പെടുത്തിയിരുന്നു. ആ അപേക്ഷയിൽ അദ്ദേഹം പ്രസ്താവിച്ചിട്ടുള്ള രണ്ടു വാചകങ്ങൾ ഇവിടെ ഉദ്ധരിക്കുന്നു:—"വോട്ടുകൾ കിട്ടുവാൻവേണ്ടി എന്റെ അഭിപ്രായങ്ങളും അഭിപ്രായങ്ങളും മാറുക എന്ന പാതകംചെയ്യാൻ ഞാൻ ഒരുക്കമില്ല. ഞാൻ നിയമസഭയിലേക്ക് ഇനിയും പോകാനാഗ്രഹിക്കുന്നതു നമ്മുടെ സമുദായത്തിനും പൊതുവെ രാജ്യത്തിനും ഗുണകരമെന്നു വിശ്വസിക്കുന്ന കാര്യങ്ങൾക്കുവേണ്ടി വാദിക്കുവാനാണ്; അല്ലാതെ എനിക്കു സ്വന്തമായി ഒരു ഗുണത്തിനുമല്ല." കഴിഞ്ഞ പല കൊല്ലങ്ങളിലെ നിസ്വാർത്ഥവും സുസ്ഥിരവുമായ സേവനങ്ങളാൽ പ്രതിഷേധസാധ്യമല്ലാത്തവിധം തെളിയിച്ചുകഴിഞ്ഞിട്ടുള്ള ഘനമേറിയ വാക്കുകളാണു ഞാൻ മേലുദ്ധരിച്ചിരിക്കുന്നതു്. കഴിഞ്ഞ 20-ൽ പരം വർഷങ്ങൾക്കു ശേഷം തീയ്യസമുദായത്തെപ്പറ്റിയും കൊച്ചി രാജ്യത്തെപ്പറ്റിയും അല്പമെങ്കിലും അറിയുന്ന ഒരു തീയ്യനോടു ഈ വാക്കുകളിൽ അടങ്ങിയിട്ടുള്ള വസ്തുത പരമാർത്ഥങ്ങളെപ്പറ്റി ക്ലുപ്തലായി ഒന്നും പറയേണ്ട ആവശ്യം കാണുന്നില്ല. സമുദായത്തിനും രാജ്യത്തിനും ഗുണകരമെന്നു താൻ വിശ്വസിക്കുന്ന നിശ്ചിതമായ ആദർശങ്ങളാണു, നിയമസഭക്കു പുറമെ എന്നപോലെ തന്നെ നിയമസഭക്കുള്ളിലും പ്രവർത്തിക്കാൻ ശ്രീമാൻ അയ്യപ്പനെ പ്രേരിപ്പിച്ചിട്ടുള്ളതു്. ആരുടെയും മുഖംനോക്കാതെ യാതൊരുവിധ പ്രലോഭനങ്ങൾക്കും വിധേയനാകാതെ അദ്ദേഹം ഇതുവരെയും ആ ആദർശങ്ങളെ പ്രചരിപ്പിക്കുകയും ഇന്നാട്ടുകാരിൽ വലിയൊരു വിഭാഗത്തിന്റെ ഹൃദയങ്ങളിൽ അവയ്ക്കു സുസ്ഥിരമായ സ്ഥാനം ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്. നിരവധി ക്ലേശാനുഭവങ്ങളുടെ ഫലമായി അദ്ദേഹം കൌൺസിലിനുള്ളിൽക്കൂടിയും പുറമേയും പ്രചരിപ്പിച്ച ആദർശങ്ങൾ ഇന്നാട്ടുകാക്കു പൊതുവെയും തീയ്യസമുദായത്തിനു പ്രത്യേകിച്ചും ഗുണകരമായവയാണെന്നുള്ളതു, ഗുണവും ദോഷവും വേർതിരിച്ചറിയുവാൻ പ്രാപ്തിയുള്ളവർക്കെല്ലാം അറിയാം.

നമ്മെ പ്രതിനിധീകരിക്കുവാനുള്ള സകലയോഗ്യതകളും ഉണ്ടെന്നു സ്വപ്രവൃത്തികളാൽ തെളിച്ചതിനുശേഷമാണു, അദ്ദേഹം ആദ്യമായി നമ്മുടെ പ്രാതിനിധ്യം വഹിച്ചു നിയമസഭയിലേക്കു പോയതു്. കഴിഞ്ഞ 11 വർഷക്കാലത്തെ കൌൺസിൽ നടപടികളും പരിശോധിക്കുന്ന പക്ഷം, നാം അദ്ദേഹത്തിൽ നിക്ഷേപിച്ച വിശ്വാസത്തെ അദ്ദേഹം യാതൊരുവിധത്തിലും മറവുചിലരെപ്പോലെ ദുരുപയോഗപ്പെടുത്തുകയൊ അവഹേളിക്കുകയൊ ചെയ്തിട്ടില്ലെന്നുള്ളതു തെളിഞ്ഞുകാണാവുന്നതാണ്. മാത്രമല്ലാ അദ്ദേഹം കൌൺസിലിൽചെയ്തിട്ടുള്ള ഓരോ പ്രവൃത്തിയും നമ്മുടെ വിശ്വാസത്തെ ക്രമേണ ക്രമേണ ആർജ്ജിക്കുവാൻ പര്യാപ്തമായിരുന്നു. സമുദായപ്രാതിനിധ്യത്തിനായി ശ്രീമാൻ അയ്യപ്പൻ അവർകൾ കൌൺസിലിൽചെയ്തിട്ടുള്ള ശക്തിയേറിയ വാദങ്ങൾ മിക്കതും വിജയകരമായിട്ടുണ്ട്. സമുദായപ്രാതിനിധ്യതത്വത്തെ ഗവൺമെൻറു അംഗീകരിച്ചതും, ഒരു സ്റ്റാഫ് സിലക്ഷൻ ബോർഡ് രൂപവൽക്കരിക്കപ്പെട്ടതും ശ്രീമാൻ അയ്യപ്പന്റെ ശ്രമഫലമാണെന്നുള്ളതു നമുക്കും മറവുള്ള സമുദായക്കാർക്കും അറിയാവുന്ന ഒരു പരമാർത്ഥമാണ്. രാഷ്ട്രീയമായി പുറംതള്ളപ്പെട്ട നമ്മളെപ്പോലെയുള്ള സമുദായങ്ങൾക്കു സമുദായപ്രാതിനിധ്യം ഒഴിച്ചുകൂടുവാൻ പാടില്ലാത്ത ഒരാവശ്യമാണെന്നുള്ളതു ഇക്കാലത്തു പ്രത്യേകം പറയേണ്ടതില്ലല്ലൊ. സമുദായപ്രാതിനിധ്യത്തിനു വാദിക്കുന്നവർ ദേശാഭിമാനമില്ലാത്തവരാണെന്നു, രാഷ്ട്രീയാവകാശങ്ങളെ കുത്തകയായി വച്ചനുഭവിക്കുന്ന സമുദായങ്ങളിൽപ്പെട്ട ദേശീയവാദക്കാർ പറയാറുണ്ട്. രാഷ്ട്രീയസ്വാതന്ത്ര്യത്തിനും രാഷ്ട്രങ്ങൾ തമ്മിലുള്ള സമത്വത്തിനും വേണ്ടി വാദിക്കുന്നവരെന്നു വിചാരിക്കപ്പെട്ടിരിക്കുന്ന ദേശീയവാദികൾക്കു, സമുദായസ്വാതന്ത്ര്യത്തിനും സമുദായങ്ങൾതമ്മിലുള്ള സമത്വത്തിനുംവേണ്ടി വാദിക്കുന്നതിനെ ശരിയായി മനസ്സിലാക്കുവാൻ സാധിക്കുന്നില്ലെങ്കിൽ അതു അവരുടെ കുറ്റം മാത്രമാകുന്നു. അസ്വാതന്ത്ര്യങ്ങളെയും അസമത്വങ്ങളെയും ഉൾക്കൊള്ളുന്ന ഒരു രാജ്യക്കാർ നടത്തുന്ന ദേശീയസ്വാതന്ത്ര്യവാദവും ദേശീയസമത്വവാദവും യുക്തിഹീനതയുടെ പാരമ്യമായിരിക്കയെയുള്ളു. അയുക്തിഹീനങ്ങളും യാഥാർത്ഥ്യത്തിനു വിരുദ്ധങ്ങളുമായ വാദങ്ങൾ ഫലപ്രദമായി എന്നു വന്നാൽതന്നെയും ഉള്ളിൽ അടക്കംചെയ്തിട്ടുള്ള അവശതകൾ ഭയാനകമായി ഒരിക്കൽ പൊട്ടിത്തെറിക്കാതിരിക്കയില്ലെന്നുള്ളതുകൊണ്ടു, സമുദായഅസമത്വങ്ങളെവിസ്മരിച്ചുകൊണ്ടുള്ള ദേശീയവാദം ആപൽക്കരം കൂടിയാണ്. മി. അയ്യപ്പൻ ഈ പരമാർത്ഥങ്ങൾ മനസ്സിലാക്കി സമുദായസമത്വത്തിനും നീതിക്കുംവേണ്ടി—പ്രത്യേകിച്ചു തീയ്യസമുദായത്തിനു പ്രതിനിധിസ്ഥാപനങ്ങളിലും സർക്കാർസർവീസുകളിലും ന്യായമായ പങ്കുകിട്ടുവാൻവേണ്ടി ശക്തിയായി വാദിക്കുകയും ഗണ്യമായ പലതും നേടുകയും ചെയ്തിട്ടുണ്ട്.



[ശ്രീ. കെ. അയ്യപ്പൻ ബി. എ. എം. എൽ. സി]

ഇന്ത്യാക്കാരുടെ ദേശീയമായ ഐക്യത്തിനുള്ള പ്രതിബന്ധങ്ങളിൽ ഏറ്റവും പ്രാധാന്യത്തെ വഹിക്കുന്ന ജാതിയെ കേരളത്തിൽനിന്നു തുരത്തുവാൻ ശ്രീമാൻ അയ്യപ്പൻ കൌൺസിലിനു പുറമെ ചെയ്തുകൊണ്ടിരുന്ന വേലകൾ കൌൺസിലിനുള്ളിലും തൃപ്തികരമാംവണ്ണം തുടർന്നുകൊണ്ടിരിക്കുന്നു. അയിത്തോച്ചാടനവിളംബരം പുറപ്പെടുവിക്കണമെന്ന നിയമസഭയെക്കൊണ്ടു മൂന്നുപ്രാവശ്യം ശുപാർശചെയ്യിപ്പിച്ചതും, പൊതുസ്ഥാപനങ്ങളിലെല്ലാം എല്ലാ സമുദായക്കാർക്കും പ്രവേശനമുണ്ടായിരിക്കേണ്ടതിനെപ്പറ്റി കൌൺസിലിൽനടന്നിട്ടുള്ള വാദപ്രതിവാദങ്ങളും ഇതിനുദാഹരണങ്ങളാണ്. ഈവക വാദങ്ങളെ പൂർവ്വാധികം ശക്തിയോടെ തുടർന്നുകൊണ്ടുപോകേണ്ടതായുമിരിക്കുന്നു. അതിനു മി. അയ്യപ്പനെപ്പോലെ പ്രാപ്തനും നയകുശലനുമായ മറെറാരു പ്രതിനിധി ഉണ്ടെന്നു തോന്നുന്നില്ല.

ശ്രീമാൻ അയ്യപ്പൻ നിയമസഭയിൽ ചെയ്തിട്ടുള്ള വേലകളിൽ പ്രാധാന്യത്തെ അർഹിക്കുന്നതു സിവിൽ വിവാഹബിൽ മക്കത്തായ തീയ്യബിൽ, സ്റ്റാഫ് സിലക്ഷൻ ബോർഡ് രൂപവൽക്കരണം എന്നിവകളാണ്. ജാതിയെ പാലിക്കുവാൻവേണ്ടി സാമുദായികമായ പ്രതിബന്ധത്തെ നിമ്മിച്ചു പരസ്പരം സൌഹാർദ്ദഭാവത്തിൽ കഴിയുവാൻ സ്ത്രീപുരുഷന്മാരിൽ സ്വാതസിദ്ധമായുള്ള വാസനയെ ഞെക്കിക്കൊല്ലുന്ന ക്രൂരമായ സാമൂഹ്യനിയമത്തെ മാറ്റുന്നതും, ചിന്താശീലരായ പൊതുഗുണകാംക്ഷികളുടെ ഏകകണ്ഠമായ അഭിനന്ദനത്തിനു അർഹമായതും ആയ ഒരു ബില്ലാണു സിവിൽ വിവാഹബിൽ. ഇങ്ങനെ ഒരു ബിൽ നിയമസഭയിൽ അവതരിപ്പിച്ചു പാസ്സാക്കിയതുകൊണ്ടുള്ള പ്രയോജനങ്ങളെ ജാരീയപരിധിക്കപ്പുറം ചിന്തിക്കുവാൻ താണിയില്ലാത്ത ഇന്നത്തെ യാഥാസ്ഥിതികന്മാർ അറിയുന്നില്ലായിരിക്കാം. പക്ഷെ അവരുടെ സന്താനങ്ങളും, ഈമാതിരി നിയമനിർമ്മാണങ്ങളുടെ ഗുണം മനസ്സിലാക്കുമെന്നുള്ളതു തീർച്ചയാണ്.

നിയമസഭയിൽ ശ്രീമാൻ അയ്യപ്പൻ തീയ്യസമുദായത്തിനുവേണ്ടി ചെയ്തിട്ടുള്ള ഗുണങ്ങളിൽ പ്രധാനപ്പെട്ട ചിലതുമാത്രമെ ഞാൻ ഇവിടെ ഉദ്ധരിച്ചിട്ടുള്ളു. ഇനി അദ്ദേഹം രാജ്യത്തിന്റെ പൊതുഗുണത്തിനു എന്തെല്ലാം ചെയ്തിട്ടുണ്ടെന്നുകൂടി നോക്കാം. സമുദായപ്രാതിനിധ്യമെന്ന കേൾക്കുന്നമാത്രയിൽ അവജ്ഞാദ്യോതകമായ മുഖഭാവം കണിക്കുന്ന ദേശീയവാദികളായ കുത്തകവാദികളെക്കാൾ കൂടുതലായ ഉത്തരവാദിത്വബോധത്തോടുകൂടിയാണു ഒരു സമുദായപ്രതിനിധിയായ ശ്രീമാൻ അയ്യപ്പൻ നിയമസഭയിൽ രാജ്യസേവനം നിർവ്വഹിച്ചിട്ടുള്ളതു്. ഉത്തരവാദഭരണത്തിനായി നിയമസഭക്കകത്തും പുറത്തും നടത്തിയിട്ടുള്ള വാദങ്ങളിൽ മി. അയ്യപ്പൻ കൊടുത്തിട്ടുള്ള ഓഹരി മറ്റാരുടെതിനെയുംകാൾ കുറവല്ല. ഉത്തരവാദഭരണത്തിനാടിസ്ഥാനമായിരിക്കേണ്ട പ്രാഥമികങ്ങളായ മറവു കായ്ങ്ങളിൽ ദേശീയവാദക്കാർ പരിതാപകരമാംവിധം കുറവുകൾ കാണിച്ചപ്പോൾ മി. അയ്യപ്പൻമാത്രം ഒരിഞ്ചുപോലും വ്യതിചലിക്കാതെ കായ്യം പറകയാണ് ചെയ്തിട്ടുള്ളതു്.

തൊഴിലാളിപ്രശ്നം

അത്യുഭക്ഷണത്തിന്റെ പ്രശ്നമാണ്

അഖിലമലബാർ തൊഴിലാളി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ച എസ്. എ. ഡാങ്കേ ചെയ്ത പ്രസംഗത്തിൽനിന്നും:—

തൊഴിലാളികളുടെ പ്രധാനകാര്യം ഭക്ഷണമാണ്. വിദ്യാഭ്യാസവും പരിഷ്കാരവുമുള്ള ഒരു പ്രധാനിയുടെ മുമ്പിൽ ഈ പ്രധാന പ്രശ്നത്തെപ്പറ്റിപറഞ്ഞാൽ ഭക്ഷണമല്ല പ്രധാനമെന്നും മതം, കല, സാഹിത്യം, മുതലായവയാണ് പ്രധാനമെന്നും ആയാൾ വാദിക്കുന്നു. എന്തെന്നാൽ ആയാൾ ഭക്ഷണം കഴിച്ചു തൃപ്തിപ്പെട്ടിരിക്കുന്ന ആളാണ്. അതിനാൽ അത്തരക്കാരോടു നമുക്കു പറയാനുള്ളതു് തൊഴിലാളികൾക്കു ഭക്ഷണത്തിനു മാത്രമല്ല, എല്ലാറ്റിലും ആവശ്യവും ശ്രദ്ധയുമുണ്ടെന്നും എന്നാൽ ഒന്നാമത്തെ പ്രക്ഷോഭണം നമ്മുടെ ഭക്ഷണപ്രശ്നംതന്നെയാണെന്നുമാകുന്നു. ഭക്ഷണം എന്നുവെച്ചാൽ കുലിവർദ്ധിപ്പിക്കുകയും പ്രവൃത്തി ചുരുക്കുകയുമാകുന്നു. മുതലാളിമാരും ജന്മിമാരും ഇന്ന് അതുതന്നെയാകുന്നു ചെയ്യുന്നതു്. എന്തെന്നാൽ അവർ കൂടുതൽ സമ്പാദിക്കാനും തൊഴിൽശാലകളും നടത്താനുമാണു ശ്രമിക്കുന്നതു്. അതു വാസ്തവത്തിൽ ഭക്ഷണംസമ്പാദിക്കുന്നതിനുള്ള ശ്രമംതന്നെയാണ്.

തൊഴിലാളികളും ആവശ്യപ്പെടുന്നതും ആഗ്രഹിക്കുന്നതും സമാധാനമാണ്. പക്ഷെ, അതുണ്ടാവണമെങ്കിൽ അടിയിൽ കിടക്കുന്ന മർദ്ദിത വർഗ്ഗങ്ങൾക്കു ജീവിക്കാൻ സ്വാതന്ത്ര്യവും സൌകര്യവും കിട്ടണം. അതേവരെയും ഇന്നത്തെ തൊഴിലാളി-മുതലാളി വൻസമരം നടന്നുകൊണ്ടുതന്നെ ഇരിക്കും.

നമ്മുടെ ഇടയിൽ വന്നിച്ചേർന്ന ഭൂരിപക്ഷം ജനങ്ങളും അത്യുഷ്ണാനം ചെയ്യണ്ടാക്കുന്ന ഫലങ്ങളും ന്യൂനപക്ഷക്കാരായ ജന്മികൾക്കും മുതലാളികൾക്കും കൊണ്ടുപോയി കൊടുക്കുന്നു. എന്നാൽ ഈ മുതലാളിമാരും പ്രമാണിമാരും ചെയ്യുന്നതെന്താണ്? അവർ നമ്മേയും നമ്മുടെ സ്വാതന്ത്ര്യപരിശ്രമങ്ങളേയും അടിച്ചമർത്താൻ ശ്രമിക്കുന്നു.

കാൺഗ്രസ്സുമന്ത്രിമാർ പറയുന്നതു സ്വാരാജ്യം കൈവരുന്നതുവരെ ജന്മിമാരേയും മുതലാളിമാരേയും വെറുപ്പിക്കരുതു് എന്നാണ്. മുതലാളിമാരും തൊഴിലാളിമാരും ഒരുവഴ്ച്ചയും രാജ്യക്കാരുമാണെന്നു നേതാക്കന്മാർ പറയാറുണ്ട്. പക്ഷെ ഈ കൂട്ടുകുടുംബത്തിലെ ഏറ്റവും അശക്തനായ സഹോദരൻ ചൊന്നാലിക്കുന്ന പൊറോട്ടപ്പുരയിലും, ശക്തനായ സഹോദരൻ ഉയർന്നവനിച്ച മാളികയിയും താമസിക്കണം. ഒരു സഹോദരൻ മുട്ടിനൊത്ത മുണ്ടു ചുറ്റാനില്ലാതെ കഴിയണം. മൂത്തവനാകട്ടെ പട്ടിൽ മുങ്ങി ജീവിക്കണം. മറ്റൊരുവിധത്തിലാണെങ്കിൽ ആ കുടുംബത്തിലെ ചെറിയ സഹോദരന്മാർ പട്ടിണികൊണ്ടു കഷ്ടപ്പെടുന്നു. മൂത്തസഹോദരനാകട്ടെ, അജീർണ്ണംകൊണ്ടു കഷ്ടപ്പെടുന്നു. ഇങ്ങനെയുള്ള രണ്ടു സഹോദരന്മാരെയാണു നമ്മുടെ നേതാക്കന്മാർ നമ്മുടെ മുമ്പാകെ കാണിക്കുന്നതു്. ഇങ്ങനെയുള്ള സഹോദരന്മാരുടെ ഇടയിൽ ചേർന്നാം ചെറിയ സഹോദരന്റെ സങ്കടം പറഞ്ഞാൽ അതു വർഗ്ഗസമരവും, അച്ചടക്കലംഘനവും, 144-ം അറസ്റ്റുമായി.

നമ്മുടെ നേതാക്കന്മാരോ വേറെ ആരെങ്കിലുമോ ഈ സ്ഥിതിക്കു മാറ്റംവരുത്താൻ വർഗ്ഗസമരമല്ലാതെ വേറെ എന്തെങ്കിലും മാർഗ്ഗം കാണിച്ചുതരട്ടെ. എന്നാൽ നമുക്കു വർഗ്ഗസമരം ഉപേക്ഷിക്കാം. ഇതിനു ഏകമാർഗ്ഗമുണ്ട്. അതു ഹൃദയപരിവർത്തനമാണ്. പക്ഷെ ഇന്നു ആ ഹൃദയപരിവർത്തനം ഉണ്ടാകുവാൻ യാതൊരു മാർഗ്ഗവുമില്ലെന്നു കോയമ്പത്തൂരിലേയും മറ്റും അനുഭവം തെളിയിക്കുന്നു.

കാൺഗ്രസ്സുമന്ത്രിമാർക്കു നമ്മുടെ ആവശ്യങ്ങളും നിവർത്തിച്ചുതരാൻ കുറെ സമയം വേണമെന്നു പറയുന്നു. തീർച്ചയായും നമുക്കു അവസാനമായി കുറച്ചു ഇടകൂടി അനുവദിക്കാം. എന്നാൽ ഈ ഇടകൂടി അനുവദിക്കൽ അവസാനമാണ്. ഇനി ഒരിക്കലും നമ്മുടെ അവകാശങ്ങളെ അപഹരിക്കാൻ നമുക്കു അനുവദിച്ചുകൂടാ.

കാൺഗ്രസ്സുമന്ത്രിമാർ പൊതുജനങ്ങളുടെ ആവശ്യങ്ങളും നിവർത്തിക്കുന്നതിനു തങ്ങൾക്കുള്ള വൈഷമ്യങ്ങളും എന്താണെന്നു താഴെപറയട്ടെ.

—o—

പ്രായപൂർത്തി വോട്ടവകാശത്തോടുകൂടിയുള്ള ഉത്തരവാദിത്വഭരണം മാത്രമെ ജനങ്ങളോടുള്ള ഉത്തരവാദിത്വമുള്ള ശരിയായ ഭരണമായിരിക്കയുള്ളൂ. കൊച്ചിയിലെ വോട്ടവകാശം വിപുലമാക്കുന്നതിനുവേണ്ടി നിയമിക്കപ്പെട്ട ഫ്രാഞ്ചൈസ് കമ്മറ്റികളിൽ (കഴിഞ്ഞ തവണത്തെയും ഇത്തവണത്തെയും) മി. അയ്യപ്പൻ മാത്രമെ മേല്പറഞ്ഞ തത്വത്തെ മുറുകെ പിടിച്ചു പ്രായപൂർത്തി വോട്ടവകാശത്തിനു ധീരമായി വാദിച്ചിട്ടുള്ളൂ. മറ്റുള്ളവരെല്ലാം ഇതിനെ ശക്തിയായി എതിർത്തു ഈ രാജ്യത്തെ ബഹുഭൂരിപക്ഷത്തിന്റെ പ്രാഥമികമായ രാഷ്ട്രീയാവകാശത്തെ നിഷേധിക്കയാണു ചെയ്തതു്. ദേശീയവാദികളുടെ ദേശാഭിമാനത്തിന്റെ ഉള്ളിലുള്ള വഞ്ചിയതയും മി. അയ്യപ്പന്റെ സമുദായവാദത്തിന്റെ ഉള്ളിലുള്ള ദേശാഭിമാനവും ഇപ്പോൾ വെളിപ്പെടുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തു തിരഞ്ഞെടുപ്പുകളിൽ പ്രായപൂർത്തിവന്നവർക്കെല്ലാം വോട്ടവകാശം സ്ഥാപിച്ചു കിട്ടിയതു മി. അയ്യപ്പന്റെ കഠിനശ്രമംകൊണ്ടാണ്. കുടിയായ്മ റഫറേഷനെ സംബന്ധിച്ചു ഒരു വലിയ ജനവിഭാഗമായ കുടിയാന്മാരുടെ പക്ഷത്തുനിന്നു ചെയ്തിട്ടുള്ള വാദങ്ങളും സാമ്പത്തികാധപ്പതനത്താൽ ക്ലേശിച്ച കുടിയാധിപർക്കുവേണ്ടി നടത്തിയിട്ടുള്ള ശ്രമങ്ങളും ശ്രീമാൻ അയ്യപ്പന്റെ രാജ്യക്ഷേമകരങ്ങളായ പ്രവൃത്തികൾക്കു ഉദാഹരണങ്ങളാകുന്നു.

ശ്രീമാൻ അയ്യപ്പന്റെ ഈ വക മഹനീയ സേവനങ്ങളും ഏതാണ്ടെല്ലാവർക്കും അറിയാവുന്നതായതുകൊണ്ടു അവകളെപ്പറ്റി കൂടുതൽ വിസ്തരിക്കുന്നില്ല. പേരിനും പെരുമക്കും വേണ്ടി അവശസമുദായങ്ങളുടെ പൊതുവെയും സ്വസമുദായത്തിന്റെ പ്രത്യേകിച്ചും താല്പര്യങ്ങളെയും അവകാശങ്ങളെയും ബലികൊടുക്കാതെ സമുദായസമത്വത്തിനും അവകാശസ്ഥാപനത്തിനും വേണ്ടി ത്യാഗപൂർവ്വം ധീരമായ വേലകൾചെയ്ത നമ്മുടെയെല്ലാം സ്നേഹാദരങ്ങളും ആജ്ഞിച്ചിട്ടുള്ള ശ്രീമാൻ അയ്യപ്പന്റെ കയ്യിൽ നമ്മുടെ സമുദായകാര്യങ്ങളും സുരക്ഷിതമാണ്.

—o—

കർഷകകാവ്യം

[കുട്ടങ്ങൽ കുമാരൻ—ചേന്ദമംഗലം]

—o—

പുലരിപ്പൂമ്പൈതലിൻ പുഞ്ചിരിപോൽ
അലർനിരയെങ്ങും വിരിഞ്ഞുനിന്ന
കതിരോൻ പ്രകൃതീശ്വരിക്കു മുമ്പിൽ
കനകക്കതിർക്കുല കാഴ്ചവച്ചു.
മഞ്ഞണിമഞ്ജുള മഞ്ജരിയിൽ
കുഞ്ഞുപൊൻതുമ്പി വിരുന്നുപോയി.
ആററക്കിളികൾം പതിവുപോലെ
കൊറിനുവേണ്ടതു ശേഖരിക്കാൻ
അറമില്ലാത്തൊരു പാടത്തേക്കായ്
ക്രൂരകാരൊത്തു പറന്നുപോയി.

ii

ലോകമാതാവിന്റെ മെത്തപോലെ
ഏകാന്തദിക്കിൻ തലസ്ഥാനംപോൽ
ഓളമുറങ്ങും കടലുപോലെ
നീരാളനെൽവയലൊന്നുകാൺമൂ
അക്കാണം നിർമ്മല ദൃശ്യകാവ്യം
ഉൾക്കരുന്നോതൊന്നുപഹരിക്കാ?

iii

പാവമാമേതു കൃഷീവലൻതൻ
പാവനമാം കരൾക്കാമ്പിലോലും
ജീവനരക്തം കുടിക്കുകയാൽ
ഈ വയൽ തുള്ളിത്തുളുമ്പിടുന്നു;
ആയാസപ്പെട്ട മെലിഞ്ഞമെയ്യാ-
ന്നായതിവർഷനിതാവരുന്നു!
നേത്തുവിളർത്തകരങ്ങളിൽത്താൻ
ചേർത്തകലപ്പ വിയർപ്പിൽമുക്കി;
അവ്യക്തമായ്പ്പണ്ടെഴുതിയിട്ട
കാവ്യത്തിൻ തെറ്റുതിരുത്തുവാനാം

iv

കുളർതെന്നലോരോ ചാഞ്ചാടിയാടും
ഇളനെല്ലിൻമോഹനനൃത്തംകാൺകേ
എളിയോരക്ഷകനുംക്കളത്തിൽ
കിളരുമൊരാനന്ദപ്പൊൽപ്രവാഹം
അറിയാതവൻ തലയാട്ടിപ്പോയി!!
പറയുന്നതെന്തതിന്റെ കാര്യം!!!
നിയതിപ്പെൺപൈതലിൻ നൃത്തം-
[കണ്ടാൽ
നയനം കുളുർക്കാത്തോരാരു പാരിൽ!

v

ദോഷമണുപോലും രീണ്ടിടാതെ
ദോഷംതീരുവും ഗുണംനിറഞ്ഞും
അത്ഥാലങ്കാരം നിറച്ചുണ്ണിഞ്ഞും
അന്യകാവ്യം പരിലസിച്ചു!
ആത്തിയോടാ മൌനഗാനകാവ്യം
ചേർത്തുവായിച്ചവൻ നിന്നുപാവം

vi

അത്യന്തവാത്സല്യമാന്നോ നീ
നിത്യവും പോറ്റുമീപ്പൊന്നമ്മക്കും
പൊന്നിൻ കതിർക്കുല മോദമോടേ
നിൻമുമ്പിൽക്കാഴ്ച വച്ചീടുംനാളിൽ
കണ്ണീരും കയ്യുമായ് മാറിനിന്ന്
എണ്ണം നീയന്നിവയോരോന്നായി
എങ്കിലുമാനന്ദ സാക്ഷാൽക്കാരം
നിങ്കലിക്കാണുന്നതൊന്നുതന്നെ.

—o—



ചെറുകഥ

ഞാൻ പാപിയാണ്

i

സമയം സന്ധ്യയായി; ചരാചരങ്ങൾ നിശ്ശബ്ദനിദ്ര അവലംബിച്ചുകഴിഞ്ഞു. തന്റെ ജോലികൾ നിർവ്വഹിച്ചു എന്നുള്ള ചാരിതാർത്ഥ്യത്തോടുകൂടി ലോകബാന്ധവൻ ഒരു മന്ദസ്മിതത്തോടുകൂടി മുഖംതിരിച്ചുകളഞ്ഞു. വള്ളിക്കുടിലുകളിൽ അക്ഷമരായിക്കാത്തിരുന്ന മൃഗങ്ങളുടെ ചിറകടിയും ദീനശബ്ദവും ക്രമേണ വർദ്ധിച്ചുതുടങ്ങി.

അതാ, ഒരു ചെറുകുടിൽ. ദാരിദ്ര്യദുർദ്ദേവതയ്ക്കുത്താട്ടുന്ന ഒരു കളരിയാണത്. എണ്ണിയാലൊടുങ്ങാത്ത വല മർദ്ദനങ്ങൾക്കും ശിരസ്സുനമിക്കുവാൻ പഠിപ്പിക്കുന്ന നിന്ദ്യമായ സമുദായശാസനയുടെ ഒരു ശിലാരേഖയാണത്. ഒരു മങ്ങിയ വെളിച്ചംമാത്രം അതിനൊരലങ്കാരം. "രണ്ടു നാലുദിനംകൊണ്ടൊരുത്തനെ തഞ്ചിലേറി!" നടത്തുമെങ്കിൽ, ദാരിദ്ര്യപ്പെരുമ്പാമ്പു ആ കുടിലിനെ വലയംചെയ്തിട്ടു ദിനങ്ങളല്ല, മാസങ്ങളല്ല, വർഷങ്ങൾതന്നെ കുറെകഴിഞ്ഞിരിക്കുന്നു! വിശപ്പിന്റെ മൂർദ്ധന്യാവസ്ഥയിൽ നിന്നു സുഖംപ്രാപിച്ചിട്ടുണ്ടെങ്കിലും മെലിഞ്ഞു അസ്ഥിമാത്രശേഷനായി തേങ്ങിക്കരയുന്ന ഒരു കുട്ടിയെ മടിയിലിരുത്തി സാന്ത്വനപ്പെടുത്തിയും, കഷ്ടിച്ചു ഒരുവയസ്സുതികഞ്ഞിട്ടില്ലാത്ത ഒരു കുഞ്ഞിനെ തോളിൽ ഇട്ടും, കീറിമുഷിഞ്ഞ വസ്ത്രത്തുണ്ടുകൊണ്ട് ഒരുവിധം നഗ്നതമറച്ചും, ചിന്താഭാരത്താൽ വിവശയായി, മനുഷ്യരൂപമാണെന്നു മാത്രം പറയാവുന്ന ഒരു സ്ത്രീ ആ കുടിലിന്റെ ഉമ്മറത്തു സ്ഥിതിചെയ്യുന്നു. അവൾ ഒരു ദീർഘനിശ്വാസത്തോടുകൂടി പറഞ്ഞു:—"ഭാസി, അപ്പു ഒന്നെഴുന്നേൽക്കൂ; ഇതാ തങ്കം ഉറങ്ങിക്കഴിഞ്ഞു. അവളെ ആ പായിൽ കിടത്തിയുംവെച്ചു് അമ്മ വെള്ളം അടുപ്പത്തിടാം; അച്ഛൻ ഇപ്പോൾവരും. കുഞ്ഞിനു വേഗം കഞ്ഞി ശരിപ്പെടുത്തിത്തരാം. കരയാതിരിക്കു"

ഭാസിയുടെ മുഖം പെട്ടെന്നു പ്രസന്നമായെങ്കിലും, നിരാശനായി "അച്ഛൻ എപ്പോൾ വരാനാണ്. നേരം വളരെയായി."

"ഇപ്പോൾവരും. മുതലാളിയുടെ മടിശ്ശീലയിൽ ഇരിക്കുന്ന പണമല്ലെ? നമ്മുടെ സമയത്തിനല്ല അതു പുറത്തേക്കിറക്കുന്നതു്. മുതലാളിയുടെ വരുതിക്കുശേഷമാണ്."

കുട്ടിയെ ഒരു കീറപ്പായിൽകിടത്തി, "ഭാസി ഉറങ്ങാതെ തങ്കത്തിന്റെ അടുക്കൽ ഇരുന്നോളു. അച്ഛൻ മിഠായികൊണ്ടുവരും" എന്നുപറഞ്ഞു ഗൃഹനായിക മറ്റു ജോലികളിൽ ഏർപ്പെട്ടു. അടുത്തിരുന്ന ഭാസി വിശപ്പും ക്ഷീണവുംകൊണ്ട് പെട്ടെന്നു ഉറങ്ങിപ്പോയി. അടുപ്പത്തുവെച്ച വെള്ളം ഒരുവിധം ഇരമ്പിത്തുടങ്ങി.

ii

യൌവനത്തിന്റെ സുവർണ്ണകാലം വിട്ടുപോയെങ്കിലും അമിതമായ അജ്ഞാനത്താലും ദാരിദ്ര്യത്തിന്റെ പരുപരുത്ത ഹസ്തങ്ങളുടെ ഞെക്കിപ്പിടുത്തംകൊണ്ടും ക്ഷീണഗാത്രനായി, ചിന്താഭാരത്താൽ ചൈതന്യരഹിതനായി, മന്ദംമന്ദം വരുന്ന ഒരു യുവാവു് ആ കുടിലിനുമുമ്പിൽ എത്തിക്കഴിഞ്ഞു.

"തങ്കം! തങ്കം! അമ്മിണി ഉറങ്ങിപ്പോയോ? ഭാസിയും." ശബ്ദംകേട്ട പെട്ടെന്നു കുടിലിൽ നിന്നും ഗൃഹനായിക പുറത്തുവന്നു. "ഇന്നെന്താ ഇത്ര വൈകിയതു്? ഭാസി വിശപ്പുകൊണ്ടു കരഞ്ഞു അങ്ങനെ കിടന്നു ഉറങ്ങിപ്പോയി. ഇനി അവിടെനിന്നു എഴുന്നേറ്റാൽ കലശൽകൂട്ടും; അതിനുമുമ്പു കഞ്ഞി ശരിപ്പെടുത്താം. കഷ്ടം! ഒന്നും അറിയാത്ത കുരുന്നുജീവൻ—പട്ടിണിക്കു വിധേയമായി കൈകാലുകൾ ഇട്ടടിച്ചു് എത്രനേരം വിലപിക്കും? ആ കൊച്ചുകണ്ണുകളിൽനിന്നും പ്രവഹിക്കുന്ന അശ്രുബിന്ദുക്കൾ പട്ടിണിപ്പാട്ടയിലെ ചെന്തീപ്പൊരികളുണ്ടോ വിലമതിക്കുന്നു? (സഗൽഗദം) എന്താ ഒന്നും മിണ്ടാത്തതു്? അരിവാങ്ങിച്ചോ? തങ്കത്തിനും യാതൊന്നുമില്ല."

അയാളുടെ നയനങ്ങളിൽനിന്നും ഒന്നുരണ്ടുതുള്ളി കണ്ണീർകണങ്ങൾ ഉരുണ്ടു നിലംപതിച്ചു. ഒരു നെടുവീർപ്പുകൊണ്ടു് അയാളുടെ അന്തർഗ്ഗതം വെളിപ്പെട്ടു. ഏതാനും നിമിഷങ്ങൾ മൌനമായി നിന്നശേഷം, "പ്രിയ സുമതി! ഞാൻ ഇന്നു വെറുംകയ്യോടെ പോരേണ്ടിവന്നു. ഹാ! ദുർവിധിയുടെ കാഠിന്യം! ഒരു നേരമെങ്കിലും വയർനിറയെ ഭക്ഷണംതരുവാൻ—കത്തിക്കാളുന്ന ജാരാഗ്നിയെ ഒന്നു ശമിപ്പിക്കുവാനെങ്കിലും എന്നെക്കൊണ്ടു സാധിച്ചില്ലെങ്കിൽ, എന്റെ ഈ ശ്രഷ്ഠിച്ച ജീവിതംകൊണ്ടു എന്തൊരു പ്രയോജനമാണുള്ളതു്?"

ഭർത്താവിൽനിന്നും പുറപ്പെട്ട സന്താപജനകമായ ഈ വാക്കുകൾ സുശീലയായ സുമതിയെ തെല്ലൊന്നു അമ്പരപ്പിച്ചുവെങ്കിലും അന്നു അദ്ദേഹത്തിനു് ക്രമാതീതമായി—അസഹ്യമായി—എന്തെങ്കിലും ദുഃഖത്തിനുള്ള ഹേതു ഉണ്ടായിട്ടുണ്ടെന്നു മനസ്സിലാക്കിയ സുമതി, ആ ജീവസർവ്വസ്വങ്ങളുടെ പട്ടിണിയേയൊ കഷ്ടപ്പാടുകളേയൊ അതു കാര്യമാക്കാതെ—ഓരോ സാന്ത്വനവാക്കുകൾ കൊണ്ടു് അയാളെ സമാശ്വസിപ്പിച്ചു. ഒടുവിൽ ആ ദമ്പതികൾ എരിപൊരിക്കൊള്ളുന്ന കുക്ഷിയെ പച്ചവെള്ളംകൊണ്ടു് തൃപ്തിപ്പെടുത്തി; വിശപ്പിന്റെ മർദ്ദനത്താൽ മയങ്ങികിടക്കുന്ന അവരുടെ പ്രേമഭാജനങ്ങളുടെ സമീപത്തു ശയിച്ചു.....!

iii

അങ്ങനെ ആ പട്ടിണികുടുംബത്തിൽ ഒരാളൊഴികെ എല്ലാവരും നിദ്രാധീനരായി. അതേ—നമ്മുടെ കഥാനായകൻ—സുകുമാരൻമാത്രം ഉറങ്ങിയിട്ടില്ല. വിവിധചിന്താധീനനായ അയാൾ ഉരുണ്ടും പിരണ്ടും കുറച്ചുസമയം കഴിച്ചതിനുശേഷം പതുക്കെ അവിടെനിന്നും എഴുന്നേറ്റു. എന്തെന്നില്ലാത്ത ഒരു മനശ്ശല്യം അയാളെ പീഡിപ്പിച്ചിരുന്നു. ഏതോ ഒരു സാഹസകൃത്യം നടത്തുവാൻ പോകുന്നവിധത്തിലുള്ള പരിഭ്രമം പ്രകടമാകുന്നു. എങ്കിലും ഒരു അദൃശ്യശക്തിയുടെ പ്രേരണയാൽ അക്കാര്യം നിർവ്വഹിക്കുവാൻ നിശ്ചയിച്ചു അയാൾ പുറത്തുവന്നു ചിന്താമഗ്നനായി കോലായിൽ ഇരിക്കുന്നു.

(ആത്മഗതം) "നിന്ദ്യമായ സമുദായം! ദാരിദ്ര്യത്തിന്റെ ബലിപീഠത്തിൽ ശിരസ്സുപ്പിച്ചിരിക്കുന്ന എത്രയെത്ര നിഷ്കളങ്ക ജീവനെ നിർദ്ദയം സംഹരിക്കുന്നു! മികച്ച മൂതലാളിത്വം! തടിച്ചുദുഷ്പ്രഭുത്വം—കോടിക്കണക്കായ സാധുക്കളുടെ ജീവരക്തം വാറ്റിയെടുത്തു് സ്വാർത്ഥിയ സുഖം അനുഭവിക്കുന്ന ന്യൂനപക്ഷക്കാർ, അവശരായി-അശരണരായി—ഉണ്ണാനും, ഉടുക്കുവാനും, കിടക്കുവാനും വകയില്ലാതെ-പെരുവഴി ആധാരമായി—തെണ്ടിയലഞ്ഞുനടക്കുന്ന ബഹുഭൂരിപക്ഷം ദരിദ്രപ്പരിഷകളെ ചവുട്ടിമെതിക്കുന്നു. അവരുടെ അക്രമങ്ങളെ അവരുടെ ക്രൂരത്വമാകുന്ന തിരശ്ശീലയാൽ മറച്ചുവെയ്ക്കുന്ന ശകുനി അശകുനിയെ അമർത്തുന്ന ജൂഡപ്സാവഹമായ സമ്പ്രദായം നടപ്പുനടമാടുന്നു! ലോകോദ്ധാരകന്മാരായ മഹാത്മക്കളുടെ ത്യാഗങ്ങളുടേയും പ്രവചനങ്ങളുടേയും ഫലമെവിടെ? പ്രസംഗവേദികളിൽ കേറി കണ്ഠക്ഷോഭംചെയ്യുന്ന ലോകത്തെ ഉണർത്തുവാൻ അക്ഷീണപരിശ്രമം ചെയ്യുന്ന മഹാന്മാരുടെ ഉപദേശങ്ങൾകൊണ്ടെന്തുപ്രയോജനം? അവശരായ സാധുക്കൾക്ക് അനുദിനം അനുഭവിക്കേണ്ടിവരുന്ന ദുരന്തദുരിതങ്ങളെ ഇതിവൃത്തമാക്കി എത്രയെത്ര ചെറുകഥകൾ-ലേഖനങ്ങൾ-ഗാനങ്ങൾ-പുറത്തുവന്നുകഴിഞ്ഞു. അതൊക്കെ വായിക്കുവാനോ, ചിന്തിക്കുവാനോ സപ്രമഞ്ചക്കട്ടിലിലിരുന്നു പ്രേമസല്ലാപം ചെയ്യുന്ന അവർക്കു സമയമുണ്ടോ? അഥവാ അതിനു അവർക്കു ആവശ്യമുണ്ടോ?

ഹാ! സുമതീ, നിന്റെ ഭാഗ്യോദയത്തിനുവിഘ്നം വരുത്തിയ ഈ മഹാപാപിക്കു നീ മാപ്പുനൽകുമോ? താരുണ്യലക്ഷ്മിയോടൊത്തു ഉന്നത സുഖത്തിൽ ഇരുന്ന സല്ലപിക്കേണ്ട നിന്നെ, എത്ര നികൃഷ്ടമായ ദുരിതക്കുണ്ടിലാണ് തള്ളിയിട്ടിരിക്കുന്നതു്? നിന്റെ ഭൂതകാല സുഖജീവിതത്തെ ഇപ്പോൾ സ്വപ്നത്തിൽപോലും കാണുന്നുണ്ടോ? ഈ ദയനീയ ജീവിതത്തിൽപോലും നിന്റെ സ്വഭാവത്തിന്റെ മാറ്റുകൂടി വരുന്നതു കാണുമ്പോൾ ഞാൻ തന്നെ ലജ്ജിതനാകുന്നു. ദാരിദ്ര്യം മനുഷ്യരെ ആ സാമ്മാർഗ്ഗിക ജീവിതത്തിലേക്കു തള്ളിവിടുമെന്നു സമർത്ഥിക്കുന്നുണ്ടെങ്കിലും നിന്റെ സ്വഭാവം-വിനയം—സ്നേഹം— എത്ര പരിശുദ്ധമായിരിക്കുന്നു! നിന്റെ ഗുരുജനങ്ങളുടെ സ്നേഹസ്വരൂപമായ ലാളനകളേയും സമ്പൽസമൃദ്ധിയേയും നിർവ്വിശങ്കം പരിത്യജിച്ചു; അതേ-പരിശുദ്ധപ്രേമത്തിന്റെ മുമ്പിൽ അതെല്ലാംതൃണപ്രായമാക്കി. വിദ്യാർത്ഥി ജീവിതത്തിൽ നിന്നും നാം വിരമിച്ചതു് പാരസ്പര്യം ഹൃദയമാല്യം സമർപ്പിച്ചുകൊണ്ടാണ്. പക്ഷെ, ആ പ്രേമാരാമം ഖലയെ പൊട്ടിച്ചുകളയുവാൻ മൂർത്തിമാൻ "ജാതി" രാക്ഷസിയുടെ ഉഗ്രശാസന, തൊഴിലും സമ്പന്നനും നീയൊരു അവർണ്ണയുമാണെന്ന കല്പന, നമ്മെ നാടും വീടും ഉപേക്ഷിക്കുവാൻ നിർബ്ബന്ധിതരാക്കി. സമുദായം നമുക്കു ഭ്രഷ്ടു് കല്പിച്ചു. എങ്കിലും നാം പ്രകൃതിയുടെ അമൂല്യശ

ക്കിയെ അതിലംഘിച്ചില്ല എന്നൊരു ആശ്വാസത്തിനുവകയുണ്ട്. എന്റെ സുഹൃത്തുക്കൾ എന്നെ അവജ്ഞയോടെ വീക്ഷിക്കുന്നുണ്ടാവാം. എന്റെ വാത്സല്യ സഹോദരൻ–രാജു–അവൻ അന്നു പത്താംക്ലാസിൽ പഠിക്കുകയായിരുന്നു. അവനും എന്റെ കഥ വിസ്മരിച്ചിട്ടുണ്ടാവാം. നിന്റെ ഉറ്റജനങ്ങളുടെ മുമ്പിൽ നീ ഒരു അനുസരണയില്ലാത്തവളായും വിവേകമില്ലാത്തവളായും ലോകം വിധിച്ചുകഴിഞ്ഞു. ഇതിനെല്ലാം ഉത്തരവാദിയും ഈ മഹാപാപിയാണു'

"അനുരാഗം", അതിന്റെ പരിപൂർണ്ണവിജയത്തിനായി നാം തരണം ചെയ്തിട്ടുള്ള ദുർഘടമാർഗ്ഗങ്ങളും ശോകസമ്പൂർണ്ണങ്ങളാണ്. ഇനിയും എത്രയെത്ര ദുരിതങ്ങൾക്കു നാം വിധേയരാവണം. നമ്മുടെ അനുരാഗലതയിൽ സംജാതമായ ആ രണ്ടുകരിമൊട്ടുകളെ അതേ നിലയിൽ തന്നെ കരണ്ടുതിന്നുവാൻ പാഞ്ഞടുത്തിരിക്കുന്ന ആ ക്ഷുദ്രജീവിയെ എങ്ങിനെയാണ് ആട്ടിപ്പായിക്കുന്നതു്."

അയാളുടെ ചിന്തകൾ ക്രമേണ അസ്പഷ്ടാക്ഷരങ്ങളായി പുറപ്പെട്ടുതുടങ്ങി. "ഞാൻ സ്വപ്നേപി ചിന്തിക്കാതിരുന്ന--എന്റെ ജീവിതത്തിൽ സംഭവിച്ചിട്ടില്ലാത്ത ഒരധമ്മം--ഞാൻ ഒരു തസ്കരനാണെന്ന്--മുതലാളിയും അദ്ദേഹത്തിന്റെ കായ്സ്ഥനും വിധിച്ചുകഴിഞ്ഞു. മുതലാളിയുടെ ശങ്കയെ ബലപ്പെടുത്തുവാൻ മതിയായ ന്യായങ്ങളും ആ ദ്രോഹിയായ കായ്സ്ഥൻ പ്രസ്താവിച്ചു. അവിടെ നിന്നും ലഭിച്ചുകൊണ്ടിരുന്ന തുച്ഛമായ ഒരു കൂലികൊണ്ട് ഒരു നേരമെങ്കിലും കഷ്ടിച്ചുവിശപ്പടക്കിവന്നതും ഇല്ലാതായി. ആ കളങ്കം--മുതലാളിയുടെ കുട്ടിയുടെ കഴുത്തിൽ നിന്നും എവിടെയോ പോയതായ സ്വർണ്ണച്ചെയിൻ ഞാനാണ് തട്ടിയെടുത്തതു് എന്ന നിന്ദ്യമായ പ്രസ്താവന എന്റെ ഹൃദയത്തെ സർവ്വദാ വ്രണപ്പെടുത്തുന്നു. എന്റെ ദാരിദ്ര്യത്തെ

ഷ്ടന്മാരാൽ ആവൃതരായ മുതലാളിമാരെ അവർ അറിയാതെ ആത്മവഞ്ചകന്മാരാക്കുന്ന നിങ്ങളും മനുഷ്യജന്മത്തിന്റെ പാവനോദ്ദേശത്തെ ഒന്നു പരിശോധിക്കുക. ഒരു നേരത്തെ ഭക്ഷണത്തിനു വകയില്ലാതെ അവഞ്ഞു തിരിഞ്ഞു നടക്കുന്ന പട്ടിണിപ്പാവങ്ങളുടെ മേൽ കനിവുതോന്നി ആരെങ്കിലും സ്വല്പമായ വല്ല സഹായവും ചെയ്യുകയാണെങ്കിൽ അതിൽ അസൂയ ജനിക്കുന്ന കുടില ഹൃദയങ്ങളും അതിനു വിഘ്നം വരുത്തുന്നു. സത്യവും നീതിയും ബലികഴിക്കുന്നു. എന്തിന്? മുതലാളിയെ മുഖസ്തുതി പാടി രസിപ്പിച്ചും സാധുക്കളെ ചൂഷണം ചെയ്തും അവരുടെ സ്വാർത്ഥത്തെ പുലർത്തുവാൻ."

"എടാ ഭയങ്കര സത്വമേ! മുതലാളിപ്രീതിക്കു വേണ്ടി എന്നെ തസ്കരനും നിന്ദ്യനുമായി പരിഗണിച്ച ന്യായസ്ഥനായ നിന്റെ കുടില ഹൃദയം പിളർന്ന ആ ദുഷ്ടരക്തം പാനം ചെയ്ത കൃതാർത്ഥനാകുവാൻ എന്റെ പ്രതികാരബുദ്ധി എന്നെ പ്രേരിപ്പിക്കുന്നു." അയാൾ അരയിൽ തിരുകിയിരുന്ന ഒരു മടക്കുകത്തി എടുത്തു വിടുത്തി, "ഇതാ! ഇതു നിനക്കുവേണ്ടി സമ്മാനിക്കുവാൻ നിശ്ചയിച്ചു കഴിഞ്ഞു. എന്നെപ്പോലെ നിരാശ്രയരായ സാധുക്കളെ ഇനി നീ ഉപദ്രവിക്കരുതു്. നാളത്തെ പ്രഭാതം-തെണ്ടി വലഞ്ഞു വന്ന സുകുമാരൻ ഉണ്ടു സുഖിച്ചു കഴിഞ്ഞ കായ്സ്ഥനെ കൊലപ്പെടുത്തി-എന്ന പ്രഖ്യാപനം ചെയ്യട്ടെ."

പുഞ്ചിരി തൂകിക്കൊണ്ടിരുന്ന ചന്ദ്രിക ആ യുവാവിന്റെ ആത്മകഥാകഥനം കേട്ട അതിന്റെ പരിണാമാവസ്ഥയിൽ ഭഗ്നാശയായി അനന്തര കൃത്യങ്ങളെ കാണുവാൻ ശക്തിയില്ലായ്കയാലോ അഥവാ അതിൽ താൻ സാക്ഷിയാകേണ്ടന്നു കരുതിയോ പെട്ടെന്നു കാർ മേഘങ്ങൾക്കിടയിൽ ഒളിച്ചു കളഞ്ഞു. സർവ്വത്ര അന്ധകാരം. അയാളുടെ ആ പ്രസംഗങ്ങളെല്ലാം

"സുമതി! ഇതു സ്വപ്നമല്ല. നമ്മുടെ ജീവിതനാടകത്തിലെ അവസാനരംഗം ഞാൻ അഭിനയിച്ചതാണ്."

അവർക്കു ഒരക്ഷരം ഉരിയാടുവാൻ സാധിച്ചില്ല. ഭയവിഹ്വലയായി പതുക്കെ സുകുമാരന്റെ സമീപത്തേക്കു അടുത്തു.

"ഓമനേ, ഞാൻ ഘാതകനാണ്" ആ വഞ്ചകനായ കായ്സ്ഥന്റെ കഥ ഞാൻ കഴിച്ചു. അവന്റെ ക്രൂരഹൃദയം പിളർന്ന രക്തത്തിൽ കുളിച്ചു വന്നതാണ്. ഇങ്ങോട്ടടുത്താൽ--ഈ ഘാതകനെ സ്പർശിച്ചാൽ--ഭവതിയുടെ ഉൽകൃഷ്ടമായ ആദർശ ജീവിതം അത്യന്തമായിപ്പോകും. ഒരു പക്ഷേ ഇതു നമ്മുടെ അവസാന സന്ദർശനമായിരിക്കും. എന്നെ സ്വാഗതം ചെയ്യുവാൻ കാത്തുനിൽക്കുന്ന തൂക്കുമരത്തിന്റെ അടുക്കലേക്കു ഞാൻ ഇതാ പോകുന്നു. സംഭവബഹുലമായ നമ്മുടെ ജീവിതനാടകത്തിലെ അവസാന കർട്ടൻ വീണുകഴിഞ്ഞു. ആ തങ്കക്കുടങ്ങളെ--ദാരിദ്ര്യത്തിൽ ജനിച്ചു് ദാരിദ്ര്യത്തിൽ വളർന്ന ആ പ്രേമസർവ്വസ്വങ്ങളെ ഞാൻ അവസാനമായി ഒന്നുകണ്ടു തൃപ്തിയടയട്ടെ."


അവൾ നിശ്ചലയായി നിന്നുപോയി. അവരുടെ അനന്തര ഗതിയെപ്പറ്റി ചിന്തിച്ച സുമതി വാവിട്ടു കരഞ്ഞുപോയി. ഇതിനിടയ്ക്കു തങ്കം ഉണർന്നു കരഞ്ഞുതുടങ്ങി. സുമതി തങ്കത്തിന്റെ സമീപത്തേയ്ക്കു ചെന്നു അതിനെ എടുത്തു പൊട്ടെന്നു ഭാസിയെ പിടിച്ചു നോക്കിയപ്പോൾ, ഹാ! അവൻ വിറങ്ങലിച്ചിരിക്കുന്നു! ശ്വാസോച്ഛ്വാസം പോലുമില്ല. വിളിച്ചു നോക്കി; ഫലമില്ല. "അയ്യോ ചതിച്ചു; ഭാസീ, ഭാസി".....വിശപ്പു സഹിക്കുവാൻ കഴിയാതെ ആ പിഞ്ചു ജീവൻ അങ്ങനെ നഷ്ടപ്പെട്ടു.....! അവർ രണ്ടുപേരും നെഞ്ചത്തടിച്ചു വിലപിച്ചു. നിദ്രയിൽ നിന്നുണർന്നു ഓടിക്കൂടിയ അയൽവാസികൾ അവരെ സമാശ്വസിപ്പിക്കുവാൻ ഉദ്യുക്തരാകുന്നുണ്ടെങ്കിലും സംഗതികളുടെ പരമാർത്ഥം ഗ്രഹിക്കാതെ പകച്ചു പോകുന്നു.

സി. എൻ. കുമാരൻ, ഇടപ്പള്ളി

മോചിപ്പിക്കുവാൻ ഇങ്ങനെ ഒരു അന്യായം ഞാൻ ചെയ്തിട്ടില്ല എന്നു പരമാത്മാവു വളരെ താണവീണു പറഞ്ഞു നോക്കി. പക്ഷെ അതൊന്നും ഗൗനിക്കുവാൻ--സംഗതിയുടെ പരമാർത്ഥാവസ്ഥ അറിയുവാൻ--അവരുടെ പ്രതാപം, ധനപ്രമത്തത, ഇതുകൾ ആഗ്രഹിച്ചില്ല. ഇനി എത്ര നികൃഷ്ടമായ ജോലികൾക്കുകൂടി എന്നെ ആരെങ്കിലും വിശ്വസിക്കുമോ? ഈ വാർത്തകൾ സുമതിയെ അറിയിക്കുവാൻ പോലും ഞാൻ ശക്തനല്ല. ആ കുടില ഹൃദയനായ കായ്സ്ഥൻ, എന്നെ പോലീസിനെക്കൊണ്ടു മർദ്ദിപ്പിക്കുകയാണെങ്കിൽ സത്യം പറയുമെന്നു മുതലാളിയെ ഉപദേശിച്ചെങ്കിലും, അദ്ദേഹം അതു സ്വീകരിക്കാതെ ആ മൂർഖന്റെ പ്രേരണയാൽ എന്നെ ജോലിയിൽ നിന്നും പറഞ്ഞയച്ചു. നിഷ്കളങ്കനായ മുതലാളിക്കു സത്യാവസ്ഥ അറിയുവാൻ സാധിച്ചില്ല."

കോപതാപാദികളാൽ പ്രക്ഷുബ്ധനായ അയാളുടെ ഭാവം പകർന്നു. അതാ അവിടെ നിന്നും എഴുന്നേറ്റു. ദേഷ്യംകൊണ്ടു വിറച്ചു.

"എടാ മഹാപാപി! മുതലാളിയെ പ്രീതിപ്പെടുത്തുവാനുള്ള നിന്റെ വക്രബുദ്ധി ഒരു സാധുകുടുംബത്തെ നിഷ്കരുണം അധഃപതിപ്പിച്ചു മനുഷ്യസാധാരണമായ ഒരു സഹോദരബുദ്ധിപോലുമില്ലാത്ത നിന്നെപ്പോലെയുള്ള ദുഷ്ടന്മാരുടെ കൈയിൽ ഈ ഭൂമി ഇനിയും കുറച്ചുകാലം കിടക്കുന്നതിനെക്കാൾ അഗ്നിയിൽ ലയിച്ചുപോകുന്നതാണു ഭേദം. നിന്റെ ഹൃദയത്തിലെ കറുത്ത രക്തം പുരണ്ട ഈ കത്തി നിന്റെ നെഞ്ചിൽ കുത്തിയിറക്കുവാൻ എന്റെ കൈകൾ തരിക്കുന്നു. പക്ഷെ നിന്നെ വധിച്ചാൽ ഞാൻ ഒരു കൊലപാതകനായിത്തീരുന്നു. അതുകൊണ്ടു നിന്നെ ഞാൻ വധിക്കുന്നില്ല



ആനകളുടെ ശ്മശാനഭൂമി

ആനകൾക്കും ചുടലക്കളമുണ്ട്. അത് കാട്ടിനുള്ളിൽ മനുഷ്യപാദസ്പർശമേൽക്കുന്നതിനു നിർവ്വാഹമില്ലാത്ത ചില തടങ്ങളിലായിരിക്കും. കാട്ടാനകളുടെ ഈ ശ്മശാനസ്ഥലം കേവലം ഒരു കെട്ടുകഥയാണെന്നും അത് നോവലുകളിൽ മാത്രമേ പ്രത്യക്ഷപ്പെടുകയുള്ളൂ എന്നും മറ്റുമാണ് സാധാരണ എല്ലാവരും കരുതിയിരിക്കുന്നത്. എന്നാൽ ശ്മശാനമെന്നൊന്ന് വാസ്തവത്തിൽ ഉണ്ട്. ഈ വസ്തുത വേട്ടയാടുന്ന കാട്ടുജാതികൾക്കു നിശ്ചയമുള്ളതാണ്. അവർ അതു പറയുകയില്ല എന്നേയുള്ളൂ. കിഴക്കേ ആഫ്രിക്കയിലെ വനാന്തരങ്ങളിൽ വേട്ടയാടി നടന്ന ഒരാളുടെ പ്രത്യക്ഷാനുഭവത്തിൽ നിന്നും ഒരു ആനപോലും വയസ്സായി ചത്തു കിടക്കുന്നതായി കണ്ടിട്ടില്ലെന്നും, ഒരു ആനയുടെയും അസ്ഥിയാകട്ടെ കൊമ്പാകട്ടെ ഒരിടത്തും കിടക്കുന്നതായി കണ്ടിട്ടില്ലെന്നും പറഞ്ഞുകാണുന്നു. ചില സ്ഥാനങ്ങളിൽ അയാൾ വെടിയുണ്ടകൾ കാണുകയുണ്ടായി. ഈ വെടിയുണ്ടകൾ ഒരുപക്ഷെ ആനയെ കൊല്ലുന്നതിനായി പ്രയോഗിച്ചിട്ടുള്ളവയായിരിക്കാം. ഇതിൽനിന്നും വെടിയേറ്റ മൃഗത്തിനു ആപൽക്കരമായിട്ടുള്ള മുറിവ് പറ്റിയിട്ടുണ്ടെന്നു അനുമാനിക്കാവുന്നതാണല്ലൊ. ആ സ്ഥിതിക്ക് അതു ചത്തുകാണുകയും ചെയ്യും. ചത്തിട്ടുണ്ടെങ്കിൽ അവിടെ അടുത്തെവിടെയെങ്കിലും അതിന്റെ അസ്ഥിക്രമം കാണേണ്ടതാണ്. എന്നാൽ അങ്ങനെ ഒന്നും പ്രത്യക്ഷപ്പെട്ടിട്ടില്ല.

കിഴക്കേ ആഫ്രിക്കയിൽ സക്കുവാക്കംബാ മുതലായ സ്ഥലങ്ങളിൽ ചില കൊമ്പനാനകൾക്കു കഠിനമുറിവേറ്റു കഴിയുമ്പോൾ അവ വടക്കോട്ടു ലാക്കുനോക്കി ഓടുന്നതായി വേട്ടക്കാർ കണ്ടിട്ടുണ്ട്. അതുകൊണ്ട് വടക്കെവിടെയോ ഏതോ താവളമുണ്ടെന്നും ആ താവളം ശത്രുദൃഷ്ടിയിൽ നിന്നും ഗോപ്യമായി വച്ചു കൊണ്ടിരിക്കുന്നതിനു കൊമ്പനാനകൾ വളരെ കരുതുന്നു എന്നും വിചാരിക്കണം. എന്തെന്നാൽ നേരെയുള്ള മാർഗ്ഗങ്ങളെ ഉപേക്ഷിച്ച് കാടും, പടലും, കള്ളിയും മുള്ളും പടർന്നുപിടിച്ചിട്ടുള്ള ദുർഘടവഴിയിൽകൂടിയായിരുന്നു മരണവേദനയോടുകൂടി ഓടുന്ന ആനയുടെ ഗതി.

ഇതിൽനിന്നും വിദഗ്ദ്ധന്മാരായ ചില വേട്ടക്കാർ വടക്കോട്ടോടുന്ന ആനയുടെ സങ്കേതസ്ഥാനം കണ്ടുപിടിക്കുന്നതിനു ചില വഴികളെല്ലാം വെച്ചു. ഈ സങ്കേതസ്ഥാനം അവയ്ക്കുവേണ്ട ഭക്ഷണസാധനങ്ങളെ കൊണ്ടും വെള്ളം ലഭിക്കത്തക്ക ആറുകളെക്കൊണ്ടും രമണീയവും, ആവാസയോഗ്യവുമായിരിക്കുമെന്നു വേട്ടക്കാർ തീരുമാനിച്ചു.

കിഴക്കേ ആഫ്രിക്കയിലെ സുക്കുപ്രവിശ്യയിലുള്ള ചില കാട്ടുജാതികൾക്ക് ആനയുടെ താവളം സംബന്ധിച്ചു വിശ്വാസമുണ്ടായിരുന്നുവെങ്കിലും അതു ഏതുഭാഗത്തു സ്ഥിതിചെയ്യുന്നുവെന്നു അറിഞ്ഞുകൂടായിരുന്നു. പല വേട്ടക്കാരും ഗജവീരശ്മശാനം തിരക്കി നടന്നിട്ടുണ്ട്.

ഇങ്ങനെയിരിക്കെ ഒരു വേട്ടക്കാരൻ കിഴക്കെ ആഫ്രിക്കയിൽ എൽജിയോ എന്ന സ്ഥലത്തുവെച്ചു ഒരു വലിയ കൊമ്പനാനയെ വെടിവച്ചു. ആ ആനയുടെ കൊമ്പിനുതന്നെ 200 റാത്തൽ ഭാരമുണ്ടായിരുന്നു. അതിന്റെ ഭീമാകൃതി അതിൽനിന്നും ഊഹ്യമാണ്. വെടി ശരിയായിട്ട് ഏറ്റില്ല. അതിനാൽ ആനയ്ക്ക് അവിടംവിട്ട് ഒരുമൈൽദൂരംവരെ പോകുന്നതിനു പ്രയാസമുണ്ടായിരുന്നില്ല. ആനയുടെ പുറകെ വേട്ടക്കാരനും കൂട്ടുകാരും പുറപ്പെട്ടു. ഈ ഘട്ടത്തിൽ അവയ്ക്കു കുറിക്കാട്ടുകളും, മലയിടുക്കുകളും നദീമുഖങ്ങളും ഒക്കെ കടക്കേണ്ടതായിവന്നു. ഇങ്ങനെ രണ്ടുദിവസം മുഴുവൻ വേട്ടക്കാരൻ കൂട്ടുകാരുമായി ആനയുടെ കാൽച്ചുവടുകൾ നോക്കി നടന്നു. ഈ ആന താൻ ഉദ്ദേശിക്കുന്ന നിഗൂഢസ്ഥലത്തു തന്നെകൊണ്ടുചെന്നാക്കുമെന്നു വേട്ടക്കാരനും നിശ്ചയിച്ചു വീണ്ടും നടപ്പുതുടങ്ങി. മൂന്നാം ദിവസമായപ്പോൾ അവർ റഫ്ക്കവൽ എന്ന ഒരു നദിയുടെ കരയിൽ വന്നെത്തി. അവിടെനിന്നും യാത്രതുടരുന്നതിനു ബഹുപ്രയാസമായിത്തീർന്നു. ഒരു പ്രകാരത്തിൽ കടക്കാൻ മാർഗ്ഗമില്ലാത്ത നിലയിൽ വൃക്ഷങ്ങളും കള്ളികളും പിണഞ്ഞുകിടന്നു. മുൾച്ചെടികളും അതിഭയങ്കരമായിരുന്നു. ആനയോ ഒരു 50വാര അകലെ നിൽപുണ്ടായിരുന്നു. അവിടെനിന്നും അങ്ങോട്ടോ ഇങ്ങോട്ടോ മാറിയാൽ കോപാന്ധനായ വയസ്സൻ ആനയുടെ കണ്ണിൽപ്പെടുന്നതിനു ഇടയുണ്ടെന്നു കണ്ടു അങ്ങനെ വരാതിരിക്കുന്നതിനു വേണ്ട മുൻകരുതലുകളും അവയ്ക്കു ചെയ്യേണ്ടതായിട്ടുണ്ടായിരുന്നു. ജീവൻ പണയത്തിലെന്നു കരുതിത്തന്നെ വേട്ടക്കാരിൽ പ്രധാനി ആനയോടടുത്തു ഒരു വെടിക്കുടെ വെച്ചു; ഇത് സ്ഥാനത്തുതന്നെ കൊണ്ടു. പ്രബുദ്ധാവീര്യനായ ആന അമറി ഉത്തരക്ഷണം നിലത്തുവീണു. ഇതുമായപ്പോൾ അയാൾ നിലത്തുതാണിരുന്നു അല്പം ആശ്വസിച്ചു. അതിനുശേഷം അയാൾ ചങ്ങാതിമാരുമായി ആ പ്രദേശമെല്ലാം സൂക്ഷ്മമായി പരിശോധിച്ചുതുടങ്ങി. ചത്തുവീണ ആനയുടെ അടുത്തുതന്നെ വേറൊന്നിന്റെ അസ്ഥികൂടം കി

റിന്നു. പോലീസിന്റെ ആഗമനത്തോടുകൂടി എല്ലാവരും നിശ്ശബ്ദരായി അടങ്ങിഒതുങ്ങി നിലകൊണ്ടു. ഭാസിയുടെ വേർപാടിൽ തപ്തഹൃദയനായി ബോധംകെട്ടു നിലത്തു നിണമണിഞ്ഞു കിടക്കുന്ന സുകുമാരനേയും, മൃതനായ പുത്രനെ കെട്ടിപ്പിടിച്ചു മാതോന്നു പറഞ്ഞു തലതല്ലുന്ന സുമതിയേയും നിരാശ്രയമായി ഒരു കോണിൽ കിടന്നു തേങ്ങിക്കരയുന്ന ആ ചെറു ശിശുവിനേയും കണ്ടു ഇൻസ്പെക്ടർപോലും സ്തംഭിച്ചുപോയി. നാലഞ്ചുകൊല്ലത്തെ അവരുടെ ജീവിതരീതിയാൽ സംഭവിച്ച മാറ്റം അവരുടെ ആകൃതിയേയും പ്രകൃതിയേയും രൂപാന്തരപ്പെടുത്തി, സ്വന്ത ബന്ധുക്കൾക്കുപോലും തിരിച്ചറിയുവാൻ സാധിക്കാത്തവിധം അത്രയ്ക്കു ഭയനീയമായിരുന്നതിനാൽ സഹോദരനായ രാജുവും ആളെ അറിഞ്ഞില്ല. ആ ദരിദ്രകുടുംബത്തിന്റെ അപ്പോഴത്തെ അവസ്ഥയിൽ ആർദ്രചിത്തരായി കണ്ണീരൊഴുക്കാത്തവർ ദുർല്ലഭം.

ഇൻസ്പെക്ടറെ കണ്ടതോടുകൂടി, "പൊന്നോജമാനനെ അവിടുന്നു ഞങ്ങളെ രക്ഷിക്കണം" എന്നു സുമതി താണുവീണു അപേക്ഷിച്ചു. രാജു സൽസ്വഭാവിയും പൊലീസിൽ ചേർന്നിട്ട് കുറച്ചുമാസങ്ങളും മാത്രം കഴിഞ്ഞിട്ടുള്ള ഒരാളുമായതുകൊണ്ട് ചില ഉദ്യോഗസ്ഥന്മാരിൽ കാണാറുള്ളതുപോലെയുള്ള അധികാരപ്രമത്തതയോ, മർദ്ദനചിന്തയോ, മറ്റു ദുസ്വഭാവമോ അയാളിൽ സംക്രമിച്ചിരുന്നില്ല. മാത്രമല്ല കുറച്ചൊരു ഔദാര്യബുദ്ധിയോടുകൂടി പെരുമാറുകയും ചെയ്തു.

"എന്തുചെയ്യാം നിയമമല്ലേ, അതിനെ അതിക്രമിക്കാതെ നിവൃത്തിയില്ല." പൊലീസുകാരോട് സുകുമാരനെ പിടിച്ചു എഴുന്നേല്പിക്കുവാൻ പറഞ്ഞു. അവർ സുകുമാരനെ പിടിച്ചുതോടുകൂടി അയാൾ പിടഞ്ഞെഴുന്നേറ്റു. താൻ പൊലീസിന്റെ പിടിയിലായെന്നും ഇനിയത്തെ അവസ്ഥ ആശങ്കാജനകമാണെന്നും ഉറച്ചു. അടുത്തുതന്നെ വിലങ്ങും പിടിച്ചുകൊണ്ട് ഇൻസ്പെക്ടറും നിൽക്കുന്നു. ഇൻസ്പെക്ടർ വിലങ്ങുമായി സുകുമാരനെ സമീപിച്ചു, "കായ്സ്ഥനെ കൊലപ്പെടുത്തി അല്ലേ?" എന്ന ഗൗരവം ഒൗദ്യോഗികനിലയിൽ ചോദിച്ചു. ആ ശബ്ദശ്രവണമാത്രയിൽ തന്നെ സുകുമാരനു ആളെ മനസ്സിലായി. അയാൾക്കു കുറച്ചൊരു സമാധാനം വന്നതുപോലെതോന്നി.

"ഹാ! അനുജാ, രാജു ഞാൻ ആ നീചകൃത്യം ചെയ്തു." അയാൾ സന്താപസന്തോഷസമന്വിതം ഇൻസ്പെക്ടറെ കെട്ടിപ്പിടിച്ചു. "ഞാൻ സ്വസമുദായത്തിൽനിന്നും ബഹിഷ്കൃതിക്കപ്പെട്ടവനാണ്. എന്റെ ചരിത്രം നിങ്ങളെല്ലാം വിസ്മരിച്ചു; ഇന്നു ഞാൻ ഒരു ഘാതകനുമായി. അനുജാ! നീ ഓർക്കുന്നില്ലേ, നിന്റെ സഹോദരൻ സുകുമാരനെ; ആ നിർഭാഗ്യവാനാണു ഞാൻ. ഈ ഗ്രാമത്തിൽ താമസം തുടങ്ങിയിട്ടു കൊല്ലം അഞ്ചുകഴിഞ്ഞു. എന്നാണ് ഉദ്യോഗം കിട്ടിയതു. ഇവിടെ എന്നുവന്നു?" സുകുമാരന്റെ കണ്ണുകളിൽ ജലം നിറഞ്ഞു. അല്പസമയത്തേക്കു അവിടെ ഒരു നിശ്ശബ്ദത. പൊലീസുകാർ പരസ്പരം മിഴിച്ചുനോക്കുന്നു. ഇൻസ്പെക്ടർ മി: രാജു ജീവച്ഛവംപോലെയായി. അദ്ദേഹത്തിന്റെ കയ്യിൽനിന്നു വിലങ്ങു താഴെ വീണതുപോലും അറിഞ്ഞില്ല.

"രാജു ഇപ്പോൾ നീ ഒരു ഉദ്യോഗസ്ഥനാണ്; ഞാൻ ഒരു ഘാതകനും. നിയമത്തിന്റെ മുമ്പിൽ ശിരസ്സുനമിക്കേണ്ടതുമതല നിനക്കുണ്ട്. ഘാതകനായ എന്നെ നിന്റെ കൈകളാൽതന്നെ ബന്ധിക്കുക. ഞാൻ കുറ്റം സമ്മതിച്ചുകഴിഞ്ഞു. (കൊലപാതകത്തിനു കാരണമായ രംഗഗതികളും വിസ്തരിച്ചു കേൾപ്പിച്ചു.) എനിക്കു ഒരപേക്ഷയുള്ളതു കേൾക്കുവാൻ ദയവുണ്ടാകണം. ഞാൻ ചെയ്ത തെറ്റിന് തക്ക ശിക്ഷ ഞാൻ അനുഭവിക്കേണ്ടതാണ്. എന്നാൽ എന്റെ പ്രേമപൂർത്തിക്കായി സർവ്വസുഖങ്ങളും ത്യജിച്ച് എന്നെ പിന്തുടർന്ന ഈ സുമതി നിരപരാധിനിയാണ്. ഞങ്ങളുടെ ജീവിതത്തിന്റെ ആനന്ദപാത്രമായിരുന്ന ഒരു ജീവൻ ഇതാ ഞങ്ങളെ വിട്ടുപിരിഞ്ഞുകഴിഞ്ഞു. ഇനി ഇവരുടെ ഭാവി ഞാൻ നിന്നിലാണ് സമർപ്പിക്കുന്നു. ആ ഭാരം നിർവ്വഹിക്കാമെന്നു എനിക്കു ഉപ്പുതന്നാൽ ഞാൻ കൃതാർത്ഥനായി."

ഇൻസ്പെക്ടർ നിയമത്തിനു വിധേയനായി. പോലീസുകാർ സുകുമാരനെബന്ധിച്ചു സ്റ്റേഷനിലേക്കു കൊണ്ടുപോകുവാനുള്ള ഒരുക്കമായി. അയാൾ അവധാനമായി സുമതിയേയും ആ പിഞ്ചുകുഞ്ഞിനേയും വിളിച്ചു അന്ത്യോദാരയോടുകൂടി യാത്രപറഞ്ഞു. വീണ്ടും വീണ്ടും ആ ചെറുകുടിലിൽ നോക്കിക്കൊണ്ട് അയാൾ സാവധാനം ആ രംഗത്തിൽ നിന്നു നിഷ്ക്രമിച്ചു. ഈ ഭയനീയരംഗം കണ്ടുനിന്ന സുമതി ഒരേസമയത്തുതന്നെ ഭർത്തൃവിരഹദുഃഖവും പുത്രവിയോഗദുഃഖവുംകൂടിയുള്ള ശക്തിയായ സമ്മർദ്ദനത്താൽ പെട്ടെന്നു മൂർച്ഛിച്ചു നിലംപതിച്ചു.....!

———